1 ചിങ്ങം 1200
2024 ആഗസ്റ്റ് 17
ശനി
1446 സഫർ 13
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

ഗൾഫ് ചന്ദ്രിക
ചിങ്ങം-1
പുതുവത്സരാശംസകൾ

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

നിറഞ്ഞാടി മലയാളം

ആട്ടം മികച്ച ചിത്രം

നിത്യ മേനോനും മാനസി പരേഖും നടിമാർ; ഋഷഭ് ഷെട്ടി നടൻ



മാനസി പരേഖ് ഋഷഭ് ഷെട്ടി നിത്യ മേനോൻ

ന്യൂഡൽഹി: 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ചിത്രമായി ആനന്ദ് ഏകർഷി സംവിധാനം ചെയ്ത ആട്ടം തിരഞ്ഞെടുത്തു. മികച്ച തിരക്കഥ, മികച്ച ചിത്ര സംയോജനം എന്നീ വിഭാഗങ്ങളിലും ആട്ടത്തിന് പുരസ്കാരമുണ്ട്. മികച്ച ബാലതാരമായി മാളികപ്പുറത്തിലെ അഭിനയത്തിന് ശ്രീപത് അർഹനായി. സൗദി വെള്ളക്കയാണ് മികച്ച മലയാള ചിത്രം. മികച്ച നടിയ്ക്കുള്ള പുരസ്കാരം നിത്യ മേനോനും മാനസി പരേഖും പങ്കുവെച്ചു. തിരുച്ചിത്രമ്പലം എന്ന ചിത്രത്തിലെ അഭിനയമാണ് നിത്യയ്ക്ക് അവാർഡ് നേടിക്കൊടുത്തത്.

മാനസി പരേഖിന് പുരസ്കാരം ലഭിച്ചത് കച്ച് എക്സ്പ്രസിലെ അഭിനയത്തിനാണ്. മികച്ച നടനായി ഋഷഭ് ഷെട്ടി തിരഞ്ഞെടുക്കപ്പെട്ടു. മറ്റു പുരസ്കാരങ്ങൾ. പ്രത്യേക പരാമർശം ഗുൽമോഹർ (ഹിന്ദി, മനോജ് ബാജ്പെയ്) കാഥികൻ (മലയാളം, സലീൽ ചൗധരി), മികച്ച പ്രാദേശിക ഭാഷാ ചിത്രങ്ങൾ സൗദി വെള്ളക്ക (മലയാളം), സികയ്സൽ (തിവ), കാർത്തികേയ 2 (തെലുങ്ക്), പൊന്നിയിൻ സെൽവൻ 1 (തമിഴ്), ബാഗി ദി ധീ (പഞ്ചാബി), ധമൻ (ഒഡിയ), കെജിഎഫ് 2 (കന്നഡ), വാൽവി (മറാഠി), ഗുൽമോഹർ (ഹിന്ദി), കബേരി അന്ദർധാൻ (ബംഗാളി), എമുതി പുതി (അസാമി), മികച്ച സംഘട്ടനം -അൻബറിവ് (കെജിഎഫ് 2), മികച്ച നൃത്തസംവിധാനം -ജാനി മാസ്റ്റർ, സതീഷ് കൃഷ്ണൻ (തിരുച്ചിത്രമ്പലം), മികച്ച ഗാനരചയിതാവ് നൗഷാദ് ഖാൻ (സലാമി), മികച്ച സംഗീത സംവിധായകൻ പ്രീതം (ബ്രഹ്മാസ്ത്ര പാർട്ട് 1), മികച്ച പശ്ചാത്തല സംഗീതം എ.ആർ റഹ്മാൻ (പൊന്നിയിൻ സെൽവൻ), മികച്ച വസ്ത്രാലങ്കാരം നിഖി ജോഷി (കച്ച് എക്സ്പ്രസ്), മികച്ച മേക്കപ്പ് ആർട്ടിസ്റ്റ് സോംനാഥ് കുണ്ഡു (അപരാജിതൊ), മികച്ച ശബ്ദലേഖനം -ആനന്ദ് കൃഷ്ണമൂർത്തി (പൊന്നിയിൻ സെൽവൻ 1), മികച്ച ഛായാഗ്രഹണം-രവി വർമൻ (പൊന്നിയിൻ സെൽവൻ), മികച്ച ഗായിക ബോംബ ജയശ്രീ (സൗദി വെള്ളക്ക), മികച്ച ഗായകൻ അർജിത് സിങ് (ബ്രഹ്മാസ്ത്ര പാർട്ട് 1), മികച്ച സഹനടി നീന ഗുപ്ത (ഉഞ്ചായി), മികച്ച സഹനടൻ പവൻ രാജ് മൽഹോത്ര (ഫൗജ), മികച്ച നടി നിത്യ മേനോൻ (തിരുച്ചിത്രമ്പലം), മാനസി പരേഖ് (കച്ച് എക്സ്പ്രസ്), മികച്ച നടൻ ഋഷഭ് ഷെട്ടി (കാന്താര), മികച്ച സംവിധായകൻ സൂരജ് ആർ (ഉഞ്ചായി), മികച്ച ചിത്രം ആട്ടം, ജനപ്രിയ ചിത്രം -കാന്താര, മികച്ച നവാഗത സംവിധായകൻ പ്രമോദ് കുമാർ (ഫൗജ), മികച്ച എഡിറ്റിങ്ങ് മഹേഷ് ഭുവനേന്ദ് (ആട്ടം), മികച്ച സ്ക്രീൻപ്ലെ ആനന്ദ് ഏകർഷി (ആട്ടം), മികച്ച സംഭാഷണം അർപിത മുഖർജി, രാഹുൽ വി (ഗുൽമോഹർ), മികച്ച ബാലതാരം ശ്രീപഥ് (മാളികപ്പുറം) നോൺ ഫീച്ചർ ഫിലിം മികച്ച സംവിധായികയ്ക്കുള്ള പുരസ്കാരം മലയാളിയായ മിറിയം ചാണ്ടി മേനാച്ചേരി നേടി. ബംഗാളി ഭാഷയിലുള്ള 'ഫ്രം ദ ഷാഡോ' എന്ന ചിത്രത്തിനാണ് പുരസ്കാരം. ഫീച്ചർ ഫിലം വിഭാഗത്തിൽ 309 ചിത്രങ്ങളാണ് 32 ഭാഷകളിലായി പരിഗണിക്കപ്പെട്ടത്. നോൺ ഫീച്ചർ വിഭാഗത്തിൽ 17 ഭാഷകളിലായി 130 ചിത്രങ്ങളാണ് ജൂറി പരിഗണിച്ചത്.

'കാതൽ ദി കോർ' മികച്ച ചിത്രം

പൃഥ്വിരാജ് നടൻ, ഉർവശിയും ബീന ആർ ചന്ദ്രനും നടിമാർ

തിരുവനന്തപുരം: 2023ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മമ്മൂട്ടി കമ്പനി നിർമിച്ചു ജിയോ ബേബി സംവിധാനം ചെയ്ത 'കാതൽ ദി കോർ' ആണ് മികച്ച ചിത്രം. ആടുജീവിതത്തിലെ അഭിനയത്തിനു പൃഥിരാജ് സുകുമാരൻ മികച്ച നടനുള്ള പുരസ്കാരത്തിന് അർഹനായി. 'ഉള്ളൊഴുക്ക്' എന്ന ചിത്രത്തിലെ അഭിനയത്തിനു ഉർവശിയും 'തടവ്' എന്ന ചിത്രത്തിലെ അഭിനയത്തിന് ബീന ആർ. ചന്ദ്രനും മികച്ച നടിമാരായും തിരഞ്ഞെടുക്കപ്പെട്ടു. ആടുജീവതത്തിന്റെ സംവിധായകൻ ബ്ലെസിയാണ് മികച്ച സംവിധായകൻ. സാംസ്കാരിക കമ്രന്ത്രി സജി ചെറിയാനാണു പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

ജോജു ജോർജിന്റെ അപ്പു പാത്തു പപ്പു പ്രൊഡക്ഷൻ ഹൗസ് നിർമിച്ച് രോഹിത് എം ജി കൃഷ്ണൻ സംവിധാനം ചെയ്ത ഇരട്ടയാണ് മികച്ച രണ്ടാമത്തെ ചിത്രം. പൂക്കാലം എന്ന ചിത്രത്തിലെ അഭിനയത്തിന് വിജയരാഘവൻ മികച്ച സ്വഭാവനടനായും പൊമ്പളൈ ഒരുമൈ എന്ന ചിത്രത്തിലെ അഭിനയത്തിന് ശ്രീഷ്മ ചന്ദ്രൻ മികച്ച സ്വഭാവനടിയായും തിരഞ്ഞെടുക്കപ്പെട്ടു. ജൈവം എന്ന ചിത്രത്തിലെ അഭിനയത്തിന് കൃഷ്ണനും ആടുജീവിതത്തിലെ അഭിനയത്തിന് കെ ആർ ഗോകുലും കാതൽ ദി കോറിലെ അഭിനയത്തിന് സുധി കോഴിക്കോടും ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹരായി. അജിത് കുമാർ സുധാകരൻ നിർമിച്ച ഗഗനചാരി എന്ന സിനിമ സംവിധാനം ചെയ്ത അരുൺ ചന്ദുവും പ്രത്യേക ജൂറി അവാർഡിന് അർഹരായി.

മറ്റു പുരസ്കാരങ്ങൾ: മികച്ച ബാലതാരം(ആൺ)- അവ്യുക്ത് മേനോൻ (ചിത്രം-പാച്ചുവും അത്ഭുത വിളക്കും), മികച്ച ബാലതാരം(പെൺ)- തെന്നൽ അഭിലാഷ്. (ചിത്രം- ശേഷം മൈക്കിൽ ഫാത്തിമ), മികച്ച കഥാകൃത്ത് - ആദർശ് സുകുമാരൻ (ചിത്രം -കാതൽ ദി കോർ), മികച്ച ഛായാഗ്രാഹകൻ - സുനിൽ കെ എസ് (ചിത്രം-ആടുജീവിതം), മികച്ച തിരക്കഥാകൃത്ത് - രോഹിത് എംജി കൃഷ്ണൻ (ചിത്രം-ഇരട്ട), മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) - ബ്ലെസി (ചിത്രം-ആടുജീവിതം), മികച്ച ഗാനരചയിതാവ്-ഹരീഷ് മോഹനൻ(ഗാനം: ചെന്താമരപ്പൂവിൻ-ചിത്രം: ചാവേർ), മികച്ച സംഗീത സംവിധായകൻ(ഗാനങ്ങൾ) - ജസ്റ്റിൻ വർഗീസ് (ചെന്താമരപ്പൂവിൻ.. (ചിത്രം- ചാവേർ),

മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം)- മാത്യൂസ് പുളിക്കൻ (ചിത്രം - കാതൽ ദി കോർ), മികച്ച പിന്നണി ഗായകൻ - വിദ്യാധരൻ മാസ്റ്റർ(ഗാനം- ജനനം 1947 പ്രണയം തുടരുന്നു എന്ന ചിത്രത്തിലെ പതിരാണെന്നോർത്തൊരു കനവിൽ),

ജമ്മു കശ്മീർ ബൂത്തിലേക്ക്

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചു



- ജമ്മു കശ്മീരിൽ മൂന്നു ഘട്ടം, ഹരിയാനയിൽ ഒറ്റഘട്ടം
- വോട്ടെണ്ണൽ ഒക്ടോബർ നാലിന്
- ജമ്മുകശ്മീരിൽ ബാലറ്റ് വഴി വോട്ടെടുപ്പ്.
- വയനാട് ഉൾപ്പെടെ ഉപതിരഞ്ഞെടുപ്പുകൾ പിന്നീട്

ന്യൂഡൽഹി: ജമ്മു കശ്മീർ, ഹരിയാന സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചു. ജമ്മു കശ്മീരിൽ മൂന്ന് ഘട്ടമായും ഹരിയാനയിൽ ഒറ്റഘട്ടമായുമാണ് തിരഞ്ഞെടുപ്പ്. ജമ്മു കശ്മീരിൽ ആദ്യഘട്ടം സെപ്റ്റംബർ 18നും രണ്ടാഘട്ടം സെപ്റ്റംബർ 25നും മൂന്നാം ഘട്ടം ഒക്ടോബർ ഒന്നിനും നടക്കും. ഹരിയാനയിൽ ഒക്ടോബർ ഒന്നിന് ഒറ്റഘട്ടമായി വിധിയെഴുതും. ഒക്ടോബർ നാലിനാണ് ഇരു സംസ്ഥാനങ്ങളിലേയും വോട്ടെണ്ണൽ. വയനാട് ലോക്സഭ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് ഉടൻ പ്രഖ്യാപിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറഞ്ഞു. 47 ഇടങ്ങളിൽ ഉപതിരഞ്ഞെടുപ്പുകൾ നടത്താനുണ്ടെന്നും പ്രകൃതിദുരന്തം ഉണ്ടായ വയനാട് ഉടൻ തിരഞ്ഞെടുപ്പ് ഉണ്ടാകില്ലെന്നും കമ്മീഷണർ പറഞ്ഞു. സാഹചര്യം പരിശോധിച്ച് ഒന്നിച്ച് ഉപതിരഞ്ഞെടുപ്പുകൾ നടത്തുന്നതിനെ കുറിച്ച് ആലോചിക്കും. കലാവസ്ഥയടക്കമുള്ള ഘടകങ്ങൾ മാനദണ്ഡമാകുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു.

ജമ്മുകശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ അനുച്ഛേദം 370 റദ്ദാക്കിയതിന് ശേഷം നടക്കുന്ന ആദ്യ തിരഞ്ഞെടുപ്പാണിത്. 10 വർഷങ്ങൾക്ക് ശേഷമാണ് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. 90 മണ്ഡലങ്ങളുള്ള ജമ്മു കശ്മീരിൽ സെപ്റ്റംബർ 30ന് മുമ്പ് തിരഞ്ഞെടുപ്പ് നടത്തണമെന്ന് സുപ്രീം കോടതി നിർദേശിച്ചിരുന്നു. ജമ്മുവിൽ ബാലറ്റ് വഴിയാവും തിരഞ്ഞെടുപ്പ്. എല്ലാ വിഭാഗത്തിനും വോട്ടവകാശമുണ്ട്. കുടിയേറിയവർക്കും വോട്ട് രേഖപ്പെടുത്താമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വ്യക്തമാക്കി. 11,838 പോളിങ് ബൂത്തുകളാണുള്ളത്. ഓരോ ബൂത്തിലും 735 വോട്ടർമാരാണുള്ളത്. അതേ സമയം ജാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് തീയതികളും കേരളത്തിലേതടക്കമുള്ള ഉപതിരഞ്ഞെടുപ്പ് തീയതികളും പ്രഖ്യാപിച്ചിട്ടില്ല. കർഷക പ്രക്ഷോഭത്തിന്റെ പ്രഭവകേന്ദ്രങ്ങളിലൊന്നായ ഹരിയാനയിൽ കഴിഞ്ഞ 10 വർഷമായി ബി.ജെ.പിയാണ് അധികാരത്തിൽ.

കനത്ത ജനരോഷം കാരണം ലോക്സഭാ തിരഞ്ഞെടുപ്പിന്റെ തൊട്ടു മുമ്പായി മുഖ്യമന്ത്രിയെ മാറ്റി മുഖംമിനുക്കലിന് ബി.ജെ.പി. ശ്രമിച്ചിരുന്നു. എന്നാൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് കനത്ത തിരിച്ചടിയാണ് സംസ്ഥാനത്ത് ലഭിച്ചത്. കടുത്ത ഭരണവിരുദ്ധ വികാരത്തേയും കർഷക പ്രക്ഷോഭത്തേയും നേരിട്ട് 2019ൽ ദുഷ്യന്ത് ചൗട്ടാലയുടെ ജനനായക് ജനതാ പാർട്ടിയുടെ പിന്തുണയിൽ ബി.ജെ.പി. ഭരണം നിലനിർത്തിയിരുന്നു.

കർഷക രോഷം തിരിച്ചറിഞ്ഞ് ജെ.ജെ.പി. സർക്കാരിനുള്ള പിന്തുണ അടുത്തിടെ പിൻവലിച്ചെങ്കിലും ദുഷ്യന്തിന്റെ പാർട്ടിയെ പിളർത്തിയാണ് ബി.ജെ.പി. സർക്കാർ സഭയിൽ വിശ്വാസം വീണ്ടെടുത്തത്. ഭരണം തിരിച്ചുപിടിക്കാൻ കോൺഗ്രസിന് സുവർണാവസരമാണ് ഇത്തവണ. എന്നാൽ പാർട്ടിക്കുള്ളിലെ പടലപ്പിണക്കമാണ് കോൺഗ്രസ് നേരിടുന്ന വെല്ലുവിളി. ജാട്ടുകളുടെ ബി.ജെ.പിയോടുള്ള അനിഷ്ടവും കർഷക രോഷവും കാരണം ബി.ജെ.പി സമാനതകളില്ലാത്ത വെല്ലുവിളിയാണ് ഇത്തവണ നേരിടുന്നത്. ജമ്മു കശ്മീർ വിഭജിച്ച് ലഡാക്ക് കേന്ദ്ര ഭരണപ്രദേശമാക്കിയ ശേഷമുള്ള ആദ്യ തിരഞ്ഞെടുപ്പാണ് ഇത്തവണ നടക്കാൻ പോകുന്നത്. അനുച്ഛേദം 370 റദ്ദാക്കിയതോടെ പ്രത്യേക പദവി നഷ്ടമായ ശേഷം നടക്കുന്ന തിരഞ്ഞെടുപ്പിൽ ജനഹിതം എങ്ങനെയാകും എന്നാണ് ഏവരും ഉറ്റുനോക്കുന്നത്.

ഗുലാം നബി ആസാദ് കോൺഗ്രസ് വിട്ട ശേഷമുള്ള തിരഞ്ഞെടുപ്പ് കോൺഗ്രസിനും ജീവന്മരണ പോരാട്ടമാണ്. കശ്മീർ മേഖലയിൽ പി.ഡി.പിയും നാഷണൽ കോൺഫറൻസുമാണ് പ്രബല ശക്തികൾ. ഇതിന് പുറമെ പീപ്പിൾസ് കോൺഫറൻസ് പിടിക്കുന്ന വോട്ടുകളും നിർണായകമാകും. രണ്ട് മാസം മുമ്പ് നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള അഞ്ച് സീറ്റിൽ നാഷണൽ കോൺഫറൻസ് രണ്ട് സീറ്റിലും ബി.ജെ.പി. രണ്ട് സീറ്റിലുമാണ് ജയിച്ചത്. ജമ്മു മേഖലയിലാണ് ബി.ജെ.പി. ഇത്തവണ ഏറെ പ്രതീക്ഷ വെക്കുന്നത്.

ഹേമ കമ്മിറ്റി റിപ്പോർട്ട്: വീണ്ടും അനിശ്ചിതത്വം

തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ട് ഇന്ന് പുറത്തുവിടുന്നതിൽ അനിശ്ചിതത്വം. അന്തിമ തീരുമാനം ഇന്ന് രാവിലെ മാത്രമേ ഉണ്ടാകൂ. നടി രഞ്ജിനിയുടെ ഹർജി കോടതി പരിഗണിക്കുന്ന സാഹചര്യത്തിലാണ് പുനരാലോചന. താൻ കോടതിയെ സമീപിച്ചതായി നടി രഞ്ജിനി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് പുറത്തുവിടുന്നത് അനുവദിച്ചുകൊണ്ടുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെയാണ് അപ്പീൽ. തിങ്കാഴ്ച ഹർജി കോടതി പരിഗണിക്കും. ഇത് കണക്കിലെടുത്താണ് റിപ്പോർട്ട് പുറത്തുവിടുന്നതിൽ അന്തിമ തീരുമാനം ഇന്ന് സ്വീകരിക്കുമെന്ന് സർക്കാർ അറിയിച്ചിരിക്കുന്നത്. വിവരാവകാശ നിയമ പ്രകാരം റിപ്പോർട്ടിനായി അപേക്ഷിച്ച മാധ്യമപ്രവർത്തകരോട് ഇന്ന് 11 മണിക്ക് ഹാജരാകാനാണ് നിർദ്ദേശം നൽകിയിരുന്നത്. റിപ്പോർട്ട് നൽകുമോയെന്ന കാര്യത്തിൽ തീരുമാനം അപ്പോഴോ അതിന് മുമ്പോ അറിയിക്കും.

കബറടക്കത്തിന് ഇടമില്ലാതെ ഗസ്സ

ഗസ്സ: ഇസ്രാഈൽ ആക്രമണത്തിൽ ദിനവും നിരവധി പേർ കൊല്ലപ്പെടുന്ന ഗസ്സയിൽ മൃതദേഹം സംസ്കരിക്കുന്നതിന് ഇടമില്ലാതാവുന്നു. യുദ്ധം ആരംഭിച്ചതു മുതൽ ഇതുവരെ 40000-ത്തിലധികം പേരാണ് കൊല്ലപ്പെട്ടത്. യുദ്ധം ആരംഭിച്ചതുമുതൽ താൻ കുഴിമാടം കുഴിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് ഖാൻ യൂനുസിലെ നജി അബു ഹത്തേബ് പറഞ്ഞു. 'ഇന്നലെ മാത്രം താൻ 70 കുഴിമാടങ്ങൾ കുഴിച്ചു. ഇനിയങ്ങോട്ട് എവിടെ കുഴിക്കുമെന്നറിയില്ല. കൂട്ടകുഴിമാടങ്ങളാണ് പലതും. കണ്ടു നിൽക്കാനാവുന്നില്ല. മന്നസ്സ് മരവിച്ചിരിക്കുന്നു. ഞങ്ങൾ ഗസ്സയിലെ ജനത തളർന്നുപോയി. ഈ യുദ്ധം അവസാനിക്കാൻ അതിയായി ആഗ്രഹമുണ്ട്, ഹത്തേബ് പറഞ്ഞു.

10
ഇന്ത്യൻ സിനിമയിൽ മലയാളത്തിളക്കം

അർജുന്റെ ലോറിയിലെ കയർ പുഴയിൽ നിന്നും കണ്ടെത്തി

സ്ഥിരീകരിച്ച് ലോറി ഉടമ മനാഫ്

ഷിരൂർ: കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിനെ തുടർന്ന് കാണാതായ കോഴിക്കോട് സ്വദേശി ഡ്രൈവർ അർജുന് വേണ്ടിയുള്ള തിരച്ചിൽ പുരോഗമിക്കവേ നിർണായക കണ്ടെത്തൽ. ഇന്നലെ നടത്തിയ തിരച്ചിലിൽ ഗംഗാവലി പുഴയിൽ നിന്ന് അർജുന്റെ ലോറിയുടെ കയറും ലോഹഭാഗങ്ങളും കണ്ടെത്തി. കയർ അർജുന്റെ ലോറിയുടേതാണെന്ന് ലോറി ഉടമ മനാഫ് സ്ഥിരീകരിച്ചു. 50 മീറ്റർ നീളമുള്ള കയറാണ് ലഭിച്ചിരിക്കുന്നത്. ഈശ്വർ മാൽപയുടെ സംഘത്തിന്റേതാണ് നിർണായക കണ്ടെത്തൽ. വലിച്ചു കയറ്റിയ ലോഹഭാഗങ്ങൾക്കൊപ്പമാണ് കയറും ലഭിച്ചിരിക്കുന്നത്. അതേ സമയം വണ്ടിയുടെ ബോഡിപാർട്ട് അർജുന്റെ വണ്ടിയുടേതല്ല. ഷിരൂരിലെ മണ്ണിടിച്ചിലിൽ പെട്ട് മലയാളി ഡ്രൈവറായ അർജുനെ കാണാതായിട്ട് ഒരു മാസം കഴിഞ്ഞു. അർജുനായി കഴിഞ്ഞ ദിവസം നിർത്തിവെച്ച ഷിരൂർ ഗംഗാവലി പുഴയിലെ തിരച്ചിൽ ഇന്നലെ വീണ്ടും പുനരാരംഭിക്കുകയായിരുന്നു. തിങ്കളാഴ്ച ഡ്രഡ്ജർ എത്തിക്കുന്നത് വരെ തിരച്ചിൽ നടത്തുക മുങ്ങൽ വിദഗ്ധരായിരിക്കും. അനുമതി ലഭിച്ചാൽ നേവിയുമെത്തും. അർജുൻ ഓടിച്ച ലോറിയുടെ കയർ കിട്ടിയ ഭാഗത്താണ് ഇന്നലെ പരിശോധന നടത്തിയത്. പ്രാദേശിക മുങ്ങൽ വിദഗ്ധൻ ഈശ്വർ മൽപെയുടെ സംഘാംഗങ്ങൾ, എൻഡിആർഎഫ്, എസ്ഡിആർഎഫ് എന്നിവരാണ് ഇന്നലെ തിരച്ചിലിൽ പങ്കാളികളായത്. അർജുന് പുറമേ കർണാടക സ്വദേശികളായ ലോകേഷ്, ജഗന്നാഥ് എന്നിവരേയും കണ്ടെത്താനുണ്ട്.

സംസ്ഥാനത്ത് 24 മണിക്കൂർ സമരവുമായി ഐ.എം.എ

- ശസ്ത്രക്രിയകൾ മാറ്റിവയ്ക്കും, ഒപി പ്രവർത്തിക്കില്ല
- പി.ജി ഡോക്ടർമാരുടെ സമരം രോഗികളെ വലച്ചു

തിരുവനന്തപുരം: കൊൽക്കത്ത ആർ.ജി. കാർ ആശുപത്രിയിലെ മെഡിക്കൽ പിജി വിദ്യാർഥിനിയെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഐഎംഎയുടെ നേതൃത്വത്തിൽ ശനിയാഴ്ച രാവിലെ 6 മുതൽ ഞായറാഴ്ച രാവിലെ 6 വരെ സംസ്ഥാനത്തെ ഡോക്ടർമാർ പണിമുടക്കും.

മെഡിക്കൽ കോളജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഒപി പ്രവർത്തിക്കില്ല. നേരത്തേ നിശ്ചയിച്ച ശസ്ത്രക്രിയകൾ മാറ്റിവയ്ക്കും. പഠനപ്രവർത്തനങ്ങൾ, യോഗങ്ങൾ എന്നിവയിൽ നിന്ന് ഡോക്ടർമാർ വിട്ടു നിൽക്കും. എന്നാൽ അടിയന്തര ശസ്ത്രക്രിയകൾ, തീവ്ര പരിചരണ വിഭാഗം, പ്രസവ മുറി, കാഷ്വൽറ്റി എന്നിവയിൽ ഡോക്ടർമാരുടെ സേവനം ഉണ്ടാകും.

അതേസമയം, പിജി ഡോക്ടർമാരുടെ സമരത്തെത്തുടർന്ന് ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിയ രോഗികൾ വലഞ്ഞു. സമരം ആശുപത്രി പ്രവർത്തനത്തെ സാരമായി ബാധിച്ചു.

കോളജ് പരിസരത്ത് ഡോക്ടർമാർ പ്രതിഷേധ പ്രകടനം നടത്തി. നീതി ലഭിക്കണമെന്നാവശ്യപ്പെട്ടായിരുന്നു പ്രകടനം നടത്തിയത്. നിരവധി പിജി ഡോക്ടർമാർ മാർച്ചിൽ പങ്കെടുത്തു. കാഷ്വൽറ്റി ഉൾപ്പെടെയുള്ള വിഭാഗങ്ങളുടെ പ്രവർത്തനത്തെ സമരം സാരമായി ബാധിച്ചു. പത്ത് ഡോക്ടർമാർ വരെ പരിശോധന നടത്തിയിരുന്ന ചില വിഭാഗങ്ങളിൽ ഇന്ന് 3 പേർ മാത്രമാണുണ്ടായത്. ഇതോടെ രോഗികളുടെ വലിയ നിരയാണ് പരിശോധനയ്ക്കായി കാത്തുനിന്നത്. കൊച്ചിയിൽ ജനറൽ ആശുപത്രിയുടെ പ്രവർത്തനം വലിയ തോതിൽ തടസ്സപ്പെടുത്താതെ ആയിരുന്നു ഡോക്ടർമാരുടെ പ്രതിഷേധം. എറണാകുളം ജനറൽ ആശുപത്രിക്കുള്ളിൽ പ്ലക്കാർഡുകളുമേന്തിയായിരുന്നു പ്രതിഷേധം. ഒപിയുടേയും മറ്റ് വിഭാഗങ്ങളുടെയോ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 10 മിനിറ്റു കൊണ്ട് പ്രതിഷേധം അവസാനിപ്പിച്ചു.

5
വനിതാ ഡോക്ടറുടെ കൊലപാതകം പ്രതിഷേധം കത്തുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 17 ശനി
ഗൾഫ് ചന്ദ്രിക

രണ്ടാം പിറന്നാൾ നിറവിൽ റേഡിയോ കേരളം

ദുബൈ: ഗൾഫിലെ ഏക മലയാളം റേഡിയോ ആയ 'റേഡിയോ കേരളം 1476 എ.എം' പ്രക്ഷേപണം ആരംഭിച്ചിട്ട് ചിങ്ങം ഒന്നായ ഇന്ന് രണ്ട് വർഷം പൂർത്തിയാക്കുന്നു. രണ്ടാം വാർഷികം പ്രമാണിച്ച് ഇന്ന് 17 മണിക്കൂർ നീളുന്ന ലൈവത്തൺ ആണ് റേഡിയോ കേരളം പ്രക്ഷേപണം ചെയ്യുന്നത്. യു.എ.ഇ സമയം രാവിലെ 7 മുതൽ രാത്രി 12 വരെയാണ് ലൈവത്തൺ. വേറിട്ട ഈ ദൃശ്യ - ശ്രവ്യ വിസ്മയം റേഡിയോ കേരളത്തിലും റേഡിയോ കേരളത്തിന്റെ സോഷ്യൽ മീഡിയ ഹാൻഡിലുകളിലും തത്സമയം ലഭ്യമാകും. ജാസി ഗിഫ്റ്റ്, പന്തളം ബാലൻ, രവിശങ്കർ, പ്രീത കണ്ണൻ, അഖില ആനന്ദ്, യൂസുഫ് കാരക്കാട് എന്നിവരുടെ ലൈവ് മ്യൂസിക് ഷോ, ശ്രോതാക്കൾക്ക് സമ്മാനപ്പെരുമഴ ഒരുക്കുന്ന ലിസണേഴ്സ് ക്ലബ് - ലോയൽറ്റി പ്രോഗ്രാമിന്റെ ലോഞ്ച്, ഇശൽ ഇമ്പം - സീസൺ 2 ലോഞ്ച്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്ന ശ്രോതാക്കളെ പ്രോത്സാഹിപ്പിക്കാൻ സി.എം.ഡി.ആർ.എഫ് ക്യാംപെയ്ൻ, എന്നിവ നടക്കും.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം	22.85 ₹
1 ഒമാനി റിയാൽ	218.06 ₹
1 സൗദി റിയാൽ	22.37 ₹
1 ഖത്തർ റിയാൽ	23.01 ₹
1 കുവൈത്ത് ദിനാർ	274.37 ₹
1 ബഹ്റൈൻ ദിനാർ	222.75 ₹

സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ്	298.25
22 കാരറ്റ്	276.00
21 കാരറ്റ്	267.25
18 കാരറ്റ്	229.00

ഗൾഫ് വാർത്തകൾ

പാഠം 1

അവധിക്കാലത്ത് നാട്ടിൽ പോവരുത്

സ്കൂൾ തുറക്കാൻ ദിവസങ്ങൾ മാത്രം

വിമാനക്കമ്പനികളുടെ കൊള്ള തുടരുന്നു

ഗഫൂർ ബേക്കൽ
ഷാർജ

യുഎഇയിലെ സ്കൂൾ വേനലവധിക്ക് വിരാമമാവുന്നു. ആഗസ്ത് 24ന് ശേഷം ഒരാഴ്ചക്കാലം വ്യത്യസ്ത ദിവസങ്ങളിലായി രാജ്യത്തെ സ്വകാര്യ മേഖലകളിലേതടക്കം മുഴുവൻ വിദ്യഭ്യാസ സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിക്കും. അധ്യയനം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ഒരുക്കങ്ങളിലാണ് വിവിധ മന്ത്രാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും. അധ്യാപക, അധ്യാപകേതര ജീവനക്കാർ പഠനം തുടങ്ങുന്നതിന് ദിവങ്ങൾക്ക് മുമ്പ് തന്നെ സ്ഥാപനത്തിൽ എത്തി റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. അവധിക്കാലത്ത് നാട്ടിലേക്ക് പോയ കുടുംബങ്ങളുടെ യുഎഇയിലേക്കുള്ള തിരിച്ചു വരവും തുടങ്ങി. വരും ദിവസങ്ങളിൽ യുഎഇ വിമാനത്താവളങ്ങളിൽ പറന്നിറങ്ങുന്ന വിമാനങ്ങളിലെ യാത്രക്കാരെ കൊണ്ട് ബഹളമയമാവും. തക്കം നോക്കി പ്രവാസികളുടെ കഴുത്തിന് പിടിക്കുകയാണ് ഇന്ത്യൻ വിമാന കമ്പനികൾ, പ്രത്യേകിച്ച് മലയാളികൾ ആശ്രയിക്കുന്ന വിമാന യാത്ര സെക്റ്ററുകളിൽ. ഈ വരും ദിവസങ്ങളിൽ കേരള യുഎഇ സെക്റ്ററിൽ ടിക്കറ്റ് നിരക്ക് 40,000 രൂപക്ക് അടുത്താണ്. ചില ദിവസങ്ങളിലിത് അമ്പതിനായിരം തൊടുന്നു. സീസൺ സമയം നോക്കി ടിക്കറ്റ് നിരക്ക് ഉയർത്തുന്ന പ്രവണതക്ക് ഇനിയും അവസാനമായില്ല. മൂന്നും നാലും ഇരട്ടിയാണ് നിരക്കിലെ വർധന. നാല് മണിക്കൂർ ആകാശ യാത്രക്കാണ് ഇത്രയും ഭീമമായ സംഖ്യ വിമാന കമ്പനികൾ ഈടാക്കുന്നത്. ഇത്രയും ദൈർഘ്യമുള്ള മറ്റു സെക്റ്ററുകളിലെ ടിക്കറ്റ് നിരക്കുമായി താരതമ്യം പോലും സാധ്യമാവാത്ത അധിക നിരക്ക്. യാത്രക്കാരന്റെ 'വയറ് നിറക്കൽ' 10 രൂപയുടെ കുപ്പിവെള്ളത്തിലൊതുക്കുന്ന എയർ ഇന്ത്യ എക്സ്പ്രസിലെ നിരക്കിൽ പോലും കനിവേതുമില്ല. ആഗസ്ത് 20ന് എയർ ഇന്ത്യ എക്സ്പ്രസിന്റെ കണ്ണൂർ-ദുബൈ ടിക്കറ്റ് നിരക്ക് 37,000 രൂപ. അന്നേ ദിവസം മംഗലാപുരം-ദുബൈ എയർ ഇന്ത്യ എക്സ്പ്രസിൽ ഒരു സീറ്റ് ലഭിക്കണമെങ്കിൽ രൂപ 42,000 നൽകണം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിൽ

നിന്നും യുഎഇ റൂട്ടിലേക്ക് ഇതു തന്നെ അവസ്ഥ. ഇൻഡിഗോ, സ്പൈസ് ജെറ്റ് വിമാന നിരക്കിലും വൻ വർധന പ്രകടം.

രണ്ട് മക്കളുള്ള ഒരു കുടുംബം യുഎഇയിലേക്ക് എത്തണമെങ്കിൽ വിമാന ടിക്കറ്റിന് മാത്രം ഒന്നര ലക്ഷത്തിലധികം രൂപ ചിലവഴിക്കേണ്ട അവസ്ഥ. വിമാന യാത്ര നിരക്കിൽ യാത്രക്കാർക്ക് ആശ്വാസകരമാവും എന്ന പ്രതീക്ഷയോടെയാണ് ബജറ്റ് എയർലൈനായ എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിക്കപ്പെട്ടത്. എന്നാൽ യാത്രക്കാരന് നൽകുന്ന സൗകര്യത്തിന്റെ കാര്യത്തിൽ മാത്രമാണ് എയർ ഇന്ത്യ എക്സ്പ്രസ് ബജറ്റ് വിമാനമാവുന്നത്, ടിക്കറ്റ് നിരക്കിന്റെ വിഷയത്തിൽ എയർ ഇന്ത്യ എക്സ്പ്രസ് ആഢംബര വിമാന കമ്പനികളെ പോലും പിന്നിലാക്കുന്നു. എയർ ഇന്ത്യ എക്സ്പ്രസിന്റെ സമയം വൈകിയുള്ള പറക്കലും, യാത്ര റദ്ദ് ചെയ്യലുമെല്ലാം ടിക്കറ്റെടുത്തവരെ മുൾമുനയിലാക്കുന്നു. ആഗസ്റ്റ് മുതൽ സെപ്തംബർ മധ്യം വരെ കഴുത്തറപ്പൻ നിരക്കാണ് കേരള യുഎഇ റൂട്ടിൽ വിമാന കമ്പനികൾ ഈടാക്കുന്നത്. നാട്ടിൽ ഓണാഘോഷം കഴിഞ്ഞ് യുഎഇയിലേക്ക് തിരിക്കാൻ ഉദ്ദേശിക്കുന്നവർക്കും ടിക്കറ്റ് നിരക്ക് തിരിച്ചടിയാണ്. ചാർജ് വർധന കാരണം സ്കൂളിൽ അവധി അപേക്ഷിച്ച് നാട്ടിൽ തന്നെ കുറച്ച് ദിവസം കൂടി കൂടാനുള്ള തീരുമാനത്തിലാണ് പലരും. മടക്ക ടിക്കറ്റ് എടുക്കാതെ നാട്ടിലേക്ക് പോയവരുടെ കാര്യം ഏറെ പ്രയാസകരം. തിരിച്ചു വരുന്ന സമയമാകുമ്പോഴേക്കും നിരക്ക് കുറയുമെന്ന പ്രതീക്ഷയിലായിരുന്നു ഇവർ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറിയ വേതനത്തിന് ജോലി ചെയ്യുന്ന ബസ് കണ്ടക്റ്റർ, ശുചീകരണ തൊഴിലാളികൾ ഇവരിൽ അധികവും മടക്ക ടിക്കറ്റ് മുൻകൂട്ടി എടുക്കാതെ നാട്ടിലേക്ക് പോയവരാണ്. ഇതിൽ പലർക്കും യഥാസമയം തിരിച്ച് ജോലിയിൽ പ്രവേശിക്കാനാവാത്ത സാഹചര്യവുമുണ്ട്.

കപ്പൽ സർവീസ് വിജയകരമാവില്ല

ഗൾഫ് സെക്റ്ററിലെ വിമാന യാത്ര നിരക്ക് വർധനക്ക് മറുമരുന്നായി അവതരിപ്പിച്ച കപ്പൽ സർവ്വീസ് വിജയകരമാവാനുള്ള സാധ്യത വിരളമെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. അതി വേഗതയുടെ പുതിയ കാലത്ത് യാത്ര കപ്പൽ സർവ്വീസ് പ്രായോഗികമല്ല. ഏറ്റവും വേഗത്തിൽ നാടണയാനാണ് പ്രവാസികൾ ആഗ്രഹിക്കുന്നത്. നിരക്ക് എത്ര ഉയർന്നാലും നേരിട്ടുള്ള വിമാന സർവ്വീസിനെ തന്നെ ബഹുഭൂരിഭാഗം പേരും ഇന്നും ആശ്രയിക്കുന്നു. നാലോ, അഞ്ചോ മണിക്കൂർ കൊണ്ട് വീട് അണയണം. പഴയ കാലത്തെ പോലെ ഇടക്ക് മറ്റൊരു വിമാനത്താവളം തൊട്ടുള്ള വിമാന സർവ്വീസുകൾക്ക് പോലും സ്വീകാര്യതയില്ല നിലവിൽ. അതിനിടയിലാണ് 5 ദിവസത്തിലധികം കപ്പലിൽ യാത്രക്കായി ചിലവഴിക്കാൻ എത്ര പേരുണ്ടാവുമെന്ന ചോദ്യമുയരുന്നത്. തുടക്കത്തിന്റെ ആവേശത്തിൽ ആദ്യ മാസങ്ങളിൽ കപ്പൽ സർവ്വീസ് വിജയകരമാവുമെങ്കിലും ക്രമേണ കപ്പൽ നിറക്കാൻ ആളെ കിട്ടാത്ത അവസ്ഥ സംജാതമാവുമെന്നും വിലയിരുത്തപ്പെടുന്നു

പരിഹാരം നിയമ നിർമാണം

വിമാന യാത്ര നിരക്ക് വർധന നിയന്ത്രിക്കാൻ നിയമ നിർമ്മാണം അനിവാര്യമെന്ന അഭിപ്രായമുയരുന്നു. ഇതിനായി പാർലമെന്റിൽ സംഘടിതമായ രാഷ്ട്രീയ നീക്കം നടക്കണം. ഇ.ടി മുഹമ്മദ് ബഷീർ എം.പി, ശാഫി പറമ്പിൽ എം.പി, അബ്ദുൽ സമദ് സമദാനി എംപി, അഡ്വ. ഹാരിസ് ബീരാൻ എം.പി തുടങ്ങിയവർ ഗൾഫ് സെക്റ്ററിലെ വിമാന യാത്ര നിരക്ക് സംബന്ധിച്ച വിഷയം പാർലമെന്റിന്റെ ഇരു സഭകളിലും ഉന്നയിക്കുകയും ചൂടേറിയ ചർച്ചകൾ നടക്കുകയും ചെയ്തു. പാർലമെന്റ് ഇടപെടലുണ്ടായിട്ടും ടിക്കറ്റ് നിരക്കിൽ യാതൊരു മാറ്റവും ഇനിയും പ്രകടമായിട്ടില്ല.

ഗൾഫ് പ്രവാസികളുടെ വിഷയത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും അനുകൂല നിലപാട് സ്വീകരിക്കുന്നു എന്നത് പ്രതീക്ഷ നൽകുന്നു. അടുത്ത പാർലമെന്റ് സമ്മേളനത്തിൽ കേരളത്തിൽ നിന്നുള്ള എം.പിമാർ സംഘടിത നീക്കം നടത്തുകയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ശക്തമാക്കുകയും ചെയ്യണമെന്നാണ് പ്രവാസികൾ ഒന്നടങ്കം ആവശ്യപ്പെടുന്നത്.

അബുദാബിയിൽ നിന്നും ദുബൈയിലേക്ക് പറക്കും ടാക്സികൾ

20 മിനിറ്റിനുള്ളിൽ പറന്നെത്താം :: ചിലവ് അൽപം കൂടുമെന്ന് മാത്രം

അബുദാബി: അബുദാബിയിൽ നിന്നും ദുബൈയിലേക്ക് 20 മിനിറ്റിനകം പറന്നെത്തിയാലോ, സംഗതി കൊള്ളാം, പക്ഷെ ചിലവ് അൽപം കൂടുതലെന്ന് മാത്രം. എന്നാലും ഈ സംവിധാനം അടുത്ത വർഷം തന്നെ നടപ്പാക്കാനൊരുങ്ങുകയാണ് അധികൃതർ. യുഎഇയിൽ എയർ ടാക്സിയായി ഉപയോഗിക്കുന്നതിന് മിഡ്നൈറ്റ് എയർക്രാഫ്റ്റ് നിർമ്മിച്ച് അതിന്റെ പരീക്ഷണ ഘട്ടത്തിലാണ്. യുഎസ് ആസ്ഥാനമായുള്ള ആർച്ചർ ഏവിയേഷൻ പറക്കും ടാക്സിയുടെ മൂല്യനിർണ്ണയത്തിനായി ആദ്യ വിമാനം യുഎസ് എയർഫോഴ്സിന് കൈമാറി. എയർ ടാക്സികൾ നിർമ്മിക്കുന്നതിനും യുഎഇ തലസ്ഥാനത്ത് അന്താരാഷ്ട്ര ആസ്ഥാനം സ്ഥാപിക്കുന്നതിനുമായി അബുദാബി ഇൻവെസ്റ്റ്മെന്റ് ഓഫീസുമായി ഈ വർഷമാദ്യം ആർച്ചർ നൂറുകണക്കിന് ദശലക്ഷം ഡോളറിന്റെ കരാറിൽ ഒപ്പുവച്ചിരുന്നു. ഇലക്ട്രിക് വെർട്ടിക്കൽ ടേക്ക്ഓഫ് ആൻഡ് ലാൻഡിംഗ് (ഇവിടിഒഎൽ) മെഷിനുകളുടെ ഡെവലപ്പർ അടുത്ത വർഷം എയർ ടാക്സി പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തി. ഈ പുതിയ വ്യോമഗതാഗത രീതി അബുദാബിക്കും ദുബൈക്കും ഇടയിലുള്ള 60-90 മിനിറ്റ് യാത്രാ സമയം 10-20 മിനിറ്റായി കുറയ്ക്കും. ഇതിനുള്ള യാത്രാകൂലി ഏകദേശം 800ദിർഹം 1,500 വരും. അടുത്ത 18 മുതൽ 24 വരെ മാസങ്ങൾക്കുള്ളിൽ യുഎഇയിലെ യാത്രക്കാർ ഞങ്ങളുടെ വിമാനത്തിൽ ഒരു പോയിന്റിൽ നിന്ന് മറ്റൊന്നിലേക്ക് പറക്കുന്നത് നിങ്ങൾ കാണുമെന്ന് ആർച്ചർ ഏവിയേഷന്റെ ചീഫ് കൊമേഴ്സ്യൽ ഓഫീസർ നിഖിൽ ഗോയൽ യുഎഇയിലെ പ്രമുഖ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. നിലവിലുള്ള ആന്തരിക ജ്വലന എഞ്ചിൻ ഓപ്ഷനുകൾക്ക് പകരം കൂടുതൽ സുരക്ഷിതവും ചെലവ് കുറഞ്ഞതും ശാന്തവുമായ ബദൽ ആർച്ചേഴ്സ് മിഡ്നൈറ്റ് എയർക്രാഫ്റ്റ് നൽകും. അതുപോലെ, മിഷൻ പ്രൊഫൈലുകളുടെ വിശാലമായ ശ്രേണിയിൽ ഉടനീളം ദ്രുത പ്രതികരണം, ചടുലത, പ്രവർത്തന ഫലപ്രാപ്തി എന്നിവ വർദ്ധിപ്പിക്കുമെന്ന വാഗ്ദാനവും കമ്പനി നൽകുന്നു.

അൽഐൻ പുസ്തകോത്സവം നവം.18 മുതൽ

അബുദാബി: അൽ ഐൻ പുസ്തകോത്സവം നവംബർ 18 മുതൽ 24 വരെ അൽഐനിലെ ഹസ്സ ബിൻ സായിദ് സ്റ്റേഡിയത്തിൽ നടക്കും. പ്രദർശകർക്കും പങ്കെടുക്കുന്നവർക്കും ചരിത്രത്തിൽ ആദ്യമായി 10% കിഴിവ് ലഭിക്കുമെന്ന് അബുദാബി അറബിക് ഭാഷാ കേന്ദ്രം അറിയിച്ചു. റജിസ്ട്രേഷൻ സെപ്തംബർ 19ന് അവസാനിക്കും. ഈ വർഷത്തെ പുസ്തകോത്സവ റജിസ്ട്രേഷൻ ഇതിനകം തന്നെ പവിലിയനുകളുടെ 75% ബുക്ക് ചെയ്തതായി അധികൃതർ പറഞ്ഞു. അബുദാബി അറബിക് ലാംഗ്വേജ് സെന്റർ വൈവിധ്യമാർന്ന പരിപാടികളിലൂടെ പബ്ലിഷിങ് ഹൗസുകളുമായുള്ള പങ്കാളിത്തം വർധിപ്പിക്കാൻ ലക്ഷ്യമിടുന്നതായി എഎൽസി എക്സിക്യൂട്ടീവ് ഡയറക്ടർ സയീദ് ഹംദാൻ അൽ തുനൈജി പറഞ്ഞു. അറേബ്യൻ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് സമൂഹങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനും അറബിക് ഭാഷയുടെ നില ശക്തിപ്പെടുത്തുന്നതിനും കുടുംബങ്ങളെയും യുവാക്കളെയും കുട്ടികളെയും ലക്ഷ്യമിട്ടുള്ള വാർഷിക പരിപാടിയാണ് അൽ ഐൻ പുസ്തകോത്സവം. കഴിഞ്ഞ വർഷത്തെ അൽ ഐൻ പുസ്തകോത്സവം 150 പ്രദർശകരെയും 95,000 സന്ദർശകരെയും ആകർഷിച്ചു. 500ലേറെ ശിൽപശാലകളും കുട്ടികൾക്കും യുവാക്കൾക്കുമായി വിദ്യാഭ്യാസ ഷോകളും വിനോദങ്ങളും ഉൾപ്പെടെ നിരവധി പരിപാടികളും അരങ്ങേറി.

യുഎഇയിൽ യാത്രാ വിലക്ക് നീക്കാൻ പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല

ദുബൈ: കേസുകളിലും മറ്റും പെട്ട് യാത്രാവിലക്കുള്ളവർക്ക് അത് നീക്കം ചെയ്യാൻ എളുപ്പ മാർഗം. ഇനി യാത്രാ നിരോധനം നീക്കാൻ അപേക്ഷിക്കേണ്ടതില്ല. നിലവിലുള്ള കേസുകൾ തീർപ്പാക്കിയാൽ വിലക്ക് ഓട്ടോമാറ്റിക്കായി മാറി കിട്ടുമെന്നതാണ് പ്രത്യേകത. അതിനായി പ്രത്യേകം അപേക്ഷ സമർപിക്കേണ്ടതില്ല. യുഎഇ നീതിന്യായ മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ അറിയിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. ഒരാളുടെ യാത്രാ വിലക്ക് നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഒമ്പതിൽ നിന്ന് പൂജ്യമായി വെട്ടിക്കുറച്ചതായി മന്ത്രാലയം ഒരു ഹ്രസ്വ വീഡിയോയിലൂടെയാണ് അറിയിച്ചിട്ടുള്ളത്. നേരത്തെ യാത്രാവിലക്ക് നീക്കുന്നതിന് ക്ലിയറൻസും ചില അനുബന്ധ രേഖകളും സമർപ്പിക്കണമായിരുന്നു. പുതിയ സംവിധാനത്തിൽ ഇനി ആവശ്യമില്ല. ഒരു പ്രവർത്തി ദിനത്തിൽ നിന്ന് കുറച്ച് മിനിറ്റുകളായി പ്രോസസ്സിംഗ് സമയം വെട്ടിക്കുറച്ചിട്ടുണ്ട്. യാത്രാ നിരോധനം നീക്കം ചെയ്യാനുള്ള ഉത്തരവിൽ മന്ത്രാലയം ഉടൻ നടപടിയെടുക്കും. ബ്യൂറോക്രാറ്റിക് തടസ്സങ്ങൾ നീക്കി ഫെഡറൽ സർക്കാർ സേവനങ്ങളുടെ ഫലപ്രാപ്തി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഈ വർഷം ആദ്യം ആരംഭിച്ച യുഎഇയുടെ സീറോ ഗവൺമെന്റ് ബ്യൂറോക്രസി പ്രോഗ്രാമിന്റെ ഭാഗമാണ് ഈ സംരംഭമെന്ന് മന്ത്രാലയം അറിയിച്ചു. അബുദാബിയിലെയും ദുബൈയിലെയും ജുഡീഷ്യൽ അധികാരികൾ പിഴകൾ തീർപ്പാക്കുമ്പോൾ തന്നെ ഒപ്പം യാത്രാ വിലക്കുകൾ നീങ്ങിയിരിക്കും.

അബുദാബി അഡിഹെക്സ് 31ന് തുടങ്ങും

അബുദാബി: അൽ ദഫ്ര മേഖലയിലെ ഭരണാധികാരിയുടെ പ്രതിനിധിയും എമിറേറ്റ്സ് ഫാൽക്കണേഴ്സ് ക്ലബ്ബിന്റെ ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ സായിദ് അൽ നഹ്യാന്റെ രക്ഷാകർതൃത്വത്തിൽ അഡിഹെക്സിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അഡ്നക് ഗ്രൂപ്പിന്റെ ഒരു ഡിവിഷനായ അബുദാബി ഇന്റർനാഷണൽ ഹണ്ടിംഗ് ആൻഡ് ഇക്വസ്ട്രിയൻ എക്സിബിഷന്റെ 21 ാമത് പതിപ്പ് ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ അബുദാബിയിലെ അഡ്നക് സെന്ററിൽ നടക്കും.

എക്സിബിന്റെ ഇതുവരെയുള്ള ഏറ്റവും വലിയ പതിപ്പായിരിക്കും ഇത്. ഔട്ട്ഡോർ സാഹസിക പ്രവർത്തനങ്ങളുടെ വിപുലമായ ഒരു നിര അവതരിപ്പിക്കുകയും ഔട്ട്ഡോർ ഒഴിവുസമയ ഉപകരണങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏറ്റവും പുതിയ ട്രെൻഡുകൾ പ്രദർശിപ്പിക്കുകയും ചെയ്യും. 11 വൈവിധ്യമാർന്ന മേഖലകളിലായി ആയിരക്കണക്കിന് ബ്രാൻഡുകൾ പ്രദർശിപ്പിക്കും. ഫാൽക്കൺറി, വേട്ടയാടൽ, കുതിരസവാരി സ്പോർട്സ്, വെറ്ററിനറി ഉൽപ്പന്നങ്ങൾ, മത്സ്യബന്ധനം, മറൈൻ സ്പോർട്സ്, പരിസ്ഥിതി സംരക്ഷണം, സാംസ്കാരിക പൈതൃകം, കലകളും കരകൗശല വസ്തുക്കളും തുടങ്ങി അത്യാധുനിക സാങ്കേതികവിദ്യയും നൂതനാശയങ്ങളും വരെ സന്ദർശകർക്ക് നേരിൽ ആസ്വദിക്കാം. ഇത്തവണ ഹൈലൈറ്റുകളിലൊന്ന് ഔട്ട്ഡോർ ലെഷർ വെഹിക്കിൾ ആന്റ് എക്യുപ്മെന്റ് വിഭാഗമാണ്.

പ്രദർശകർ അവരുടെ ഏറ്റവും പുതിയ മോഡലുകളും പുതുമകളും അവതരിപ്പിക്കും. സന്ദർശകർക്ക് വിദഗ്ദ ചർച്ചകളിലും ഹാൻഡ്ഓൺ വർക്ക്ഷോപ്പുകളിലും പങ്കെടുക്കാം. കുടുംബങ്ങൾക്ക് സൗഹൃദപരമായ പ്രവർത്തനങ്ങൾ, സംവേദനാത്മക പ്രദർശനങ്ങൾ, എക്സ്ക്ലൂസീവ് ഷോ ഡിസ്കൗണ്ടുകൾ എന്നിവ ആസ്വദിക്കാനാകും. പരിചയസമ്പന്നരായ ക്യാമ്പർമാരോ ആർവി ജീവിതശൈലിയിൽ പുതിയവരോ ആകട്ടെ, എല്ലാവർക്കും എന്തെങ്കിലും ഉണ്ട്. അടുത്ത ഔട്ട്ഡോർ സാഹസികതയ്ക്കായി തയ്യാറെടുക്കാനുള്ള അവസരമാണിത്. ഫാൽക്കൺറി, ഹണ്ടിംഗ്, ഇക്വസ്ട്രിയൻ സ്പോർട്സ്, തീർച്ചയായും ആർവികൾ, കാരവാനുകൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിലുടനീളം തത്സമയ പ്രദർശനങ്ങളും സംവേദനാത്മക പ്രദർശനങ്ങളും അവതരിപ്പിക്കും. സന്ദർശകർക്ക് അത്യാധുനിക സാങ്കേതിക വിദ്യകളുമായി ഇടപഴകാനും വർക്ക്ഷോപ്പുകളിൽ പങ്കെടുക്കാനും ഔട്ട്ഡോർ അന്വേഷണങ്ങളിലെ പാരമ്പര്യത്തിന്റെയും പുതുമയുടെയും ആവേശകരമായ പ്രകടനങ്ങൾക്ക് സാക്ഷ്യം വഹിക്കാനും കഴിയും.

സമുദ്ര പരിസ്ഥിതിയെ മനസിലാക്കാൻ

ഫുജൈറയിൽ തിമിംഗലങ്ങളും ഡോൾഫിനുകളും പുസ്തകം പ്രസിദ്ധീകരിച്ചു

ഫുജൈറ: ഫുജൈറ കിരീടാവകാശി ശൈഖ് മുഹമ്മദ് ബിൻ ഹമദ് ബിൻ മുഹമ്മദ് അൽ ഷർഖിയുടെ രക്ഷാകർതൃത്വത്തിൽ ഫുജൈറ പരിസ്ഥിതി അതോറിറ്റി പരിസ്ഥിതി സംബന്ധമായ പുസ്തകം പ്രസിദ്ധീകരിച്ചു. 'ഫുജൈറയിലെയും അറേബ്യൻ റീജിയണിലെയും തിമിംഗലങ്ങളും ഡോൾഫിനുകളും' എന്ന പുസ്തകം ഫുജൈറ പരിസ്ഥിതി അതോറിറ്റിയാണ് പുറത്തിറക്കിയിരിക്കുന്നത്. റോബർട്ട് ബാൾഡ്വിൻ, ബാലാസ് ബുസാസ് എന്നിവർ ചേർന്ന് രചിച്ച ഈ പുസ്തകം മത്സ്യബന്ധനം, തിമിംഗലം, ഷിപ്പിംഗ്, ടൂറിസം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ അവതരിപ്പിക്കുന്നതാണ്.

ഫുജൈറ വെയിൽ ആൻഡ് ഡോൾഫിൻ റിസർച്ച് പ്രോജക്ടിന്റെ ഭാഗമാണ് ഈ പുസ്തകം. ഫുജൈറയിൽ സമ്പന്നമായ സമുദ്ര ആവാസ വ്യവസ്ഥയുണ്ടെന്ന് ബാൾഡ്വിനും ബുസാസും നടത്തിയ പഠനത്തിൽ പറയുന്നു. 2012ൽ എമിറേറ്റിന്റെ തീരത്ത് ബീജത്തിമിംഗലത്തെ കണ്ടെത്തിയതിനെ തുടർന്നാണ് പഠനം ആരംഭിച്ചത്. ഫുജൈറയുടെ വൈവിധ്യമാർന്ന ഭൂഖണ്ഡ ചരിവുകളും തുറന്ന സമുദ്ര ആവാസവ്യവസ്ഥയും കാരണം സമുദ്ര സസ്തനികളുടെ ഉയർന്ന വൈവിധ്യത്തെ പഠനം എടുത്തുകാണിക്കുന്നു. കനത്ത കപ്പൽ ഗതാഗതവും മനുഷ്യ പ്രവർത്തനവും ഉണ്ടായിരുന്നിട്ടും, സമീപകാല ഗവേഷണങ്ങൾ ഡോൾഫിനുകൾ, കടലാമകൾ, കടൽപ്പാമ്പുകൾ, കടൽപ്പക്ഷികൾ, മത്സ്യങ്ങൾ, മറ്റ് സമുദ്രജീവികൾ എന്നിവ ധാരാളമായി ഉണ്ടെന്ന് പഠനം വെളിപ്പെടുത്തി. കൂടാതെ, വലിയ തിമിംഗലങ്ങൾ ഇടയ്ക്കിടെ ഫുജൈറയുടെ ജലാശയങ്ങളിലൂടെ കടന്നുപോകുന്നതായും നിരീക്ഷണത്തിൽ കണ്ടെത്തിയിരുന്നു.

സമുദ്ര പരിസ്ഥിതിയുടെ ശുചിത്വത്തിനും ആരോഗ്യത്തിനും സംഭാവന നൽകുന്ന ഡോൾഫിനുകൾ ഉൾപ്പെടെയുള്ള വൈവിധ്യ ജീവികളുടെ ആവാസ കേന്ദ്രമാണ് എമിറേറ്റ് എന്ന് ഫുജൈറ പരിസ്ഥിതി അതോറിറ്റിയുടെ ആക്ടിംഗ് ഡയറക്ടർ അസീല അബ്ദുല്ല അൽ മുഅല്ല, പറഞ്ഞു. സമുദ്ര ജൈവവൈവിധ്യത്തെ സമ്പന്നമാക്കുകയും സമുദ്ര ഇക്കോടൂറിസം മെച്ചപ്പെടുത്തുകയും എമിറേറ്റിന് അധിക വരുമാനം നൽകുകയും ചെയ്യുന്ന അപൂർവ ഇനമാണ് ഡോൾഫിനുകൾ. 'ഫുജൈറയിലെയും അറേബ്യൻ റീജിയണിലെയും തിമിംഗലങ്ങളും ഡോൾഫിനുകളും' എന്ന പുസ്തകം സമുദ്ര പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുകയും ചെയ്യുന്നതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതായും, അദ്ദേഹം കൂട്ടിച്ചേർത്തു. ഫുജൈറയിലെ സമുദ്രശാസ്ത്രം, ബയോജിയോഗ്രഫി, സെറ്റേഷ്യൻ ആവാസ വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള ആമുഖത്തോടെ ആരംഭിക്കുന്ന എട്ട് അധ്യായങ്ങളാണ് പുസ്തകത്തിലുള്ളത്.

ശൈഖ് മുഹമ്മദ് ബിൻ ഹമദ് ബിൻ മുഹമ്മദ് അൽ ഷർഖി

ഐഐസി നാനോ സോക്കർ ടൂർണമെന്റ് ജേഴ്സി പ്രകാശനം ചെയ്തു

അബുദാബി: ശനിയാഴ്ച രാത്രി അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ സ്പോർട്സ് വിംഗ് സംഘടിപ്പിക്കുന്ന നാനോ സോക്കർ ടൂർണമെന്റ് ഒഫീഷ്യൽ ജേഴ്സി പ്രകാശനം നടന്നു. ലീൻ ഗ്രൂപ്പ് ഫിനാൻസ് മാനേജർ റാഷിദിന് നൽകി അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സെക്രട്ടറി ഹിദായത്തുള്ള നിർവഹിച്ചു. ചടങ്ങിൽ വർക്കിങ് പ്രസിഡന്റ് സമീർ, സ്പോർട്സ് സെക്രട്ടറി സി.കെ ഹുസൈൻ, അസീസ് കാളിയാടൻ, സമീർ പുറത്തൂർ, മുഹമ്മദ് ആലമ്പാടി, ഉമ്പു ഹാജി, സബ്നാസ്, മുഹമ്മദ് ഞെക്ലി, ഷബീർ, കബീർ, യാഹു, കരീം, നവാസ്, മുസ്തഫ, ബാവ, റഷീദ്, ഉസ്മാൻ, സമദ് ടി.വി എന്നിവർ പങ്കെടുത്തു.

നാനോ സോക്കർ ടൂർണമെന്റ് ഒഫീഷ്യൽ ജേഴ്സി പ്രകാശനം ലീൻ ഗ്രൂപ്പ് ഫിനാൻസ് മാനേജർ റാഷിദിന് നൽകി അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല പറപ്പൂർ നിർവഹിക്കുന്നു

ഗൾഫ്/വിദേശ വാർത്തകൾ

മാതൃരാജ്യത്തെ നെഞ്ചേറ്റി ഗൾഫിൽ സ്വാതന്ത്ര്യദിനാഘോഷം

യുഎഇയിൽ ഇന്ത്യൻ സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു

അബുദാബി: ഇന്ത്യയുടെ 78-ാം സ്വാതന്ത്ര്യദിനം യുഎഇയുടെ വിവിധ ഭാഗങ്ങളിൽ വിപുലമായി ആഘോഷിച്ചു. അബുദാബി ഇന്ത്യൻ എംബസിയിലും ദുബൈ ഇന്ത്യൻ കോൺസുലേറ്റിലും വർണാഭമായ ആഘോഷ പരിപാടികൾ നടന്നു. എംബസിയിൽ ഇന്ത്യൻ സ്ഥാനപതി സഞ്ജയ് സുധീറും കോൺസുലേറ്റിൽ സതീഷ് കുമാർ ശിവയും ദേശീയ പതാക ഉയർത്തി രാഷ്ട്രപതിയുടെ സ്വാതന്ത്ര്യദിന സന്ദേശം വായിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും സംഗീത നൃത്തവും അരങ്ങേറി. നൂറുകണക്കിന് ഇന്ത്യൻ പ്രവാസികൾ സംബന്ധിച്ചു. ഇന്ത്യയും യുഎഇയും തമ്മിലുള്ള സാമ്പത്തിക വ്യാപാര ബന്ധങ്ങൾ ഊഷ്മളമാണെന്നും ഇന്ത്യൻ സമൂഹം യുഎഇയിലെ മുഖ്യഘടകമായി മാറിയിട്ടുണ്ടെന്നും സഞ്ജയ് സുധീർ പറഞ്ഞു. ദുബൈയിൽ ഇന്ത്യയുടെ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ (സിബിഎസ്ഇ) ഓഫീസും അബുദാബിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡൽഹി (ഐഐടി ഡി) അബുദാബി ക്യാംപസും വിദ്യാഭ്യാസ മേഖലയിലെ സുപ്രധാന നാഴികക്കല്ലുകളാണെന്ന് സഞ്ജയ് സുധീർ പറഞ്ഞു. യുഎഇയിലെ 105 സിബിഎസ്ഇ അഫിലിയേറ്റ് സ്കൂളുകൾക്കും ഇവിടെ പഠിക്കുന്ന 325,000 കുട്ടികൾക്കും സേവനം നൽകുന്നതിനായി ദുബൈയിലെ സിബിഎസ്ഇ ഓഫീസ് കഴിഞ്ഞ മാസമാണ് പ്രവർത്തനം ആരംഭിച്ചത്. പുതിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു. അബുദാബിയിൽ ഡൽഹി ഐഐടി മാസ്റ്റേഴ്സ് പ്രോഗ്രാം ഈ വർഷം തുടക്കത്തിൽ ആരംഭിച്ചു. കൂടാതെ 2024 സെപ്റ്റംബറിൽ ഫ്ലാഗ്ഷിപ് ബാച്ചിലേഴ്സ് പ്രോഗ്രാം ആരംഭിക്കും. ഈ വർഷം ഫെബ്രുവരിയിൽ മധ്യപൂർവദേശത്തെ ആദ്യത്തെ പരമ്പരാഗത ശിലാ ക്ഷേത്രത്തിന്റെ ഉദ്ഘാടനം വളർന്നുവരുന്ന ബന്ധത്തിന്റെ തിളങ്ങുന്ന ഉദാഹരണമായി സ്ഥാനപതി വിശേഷിപ്പിച്ചു. യുഎഇയിൽ ആകെ 35 ലക്ഷത്തിലേറെ ഇന്ത്യക്കാരുണ്ടെന്നും വ്യക്തമാക്കി. ഇത് ലോകത്തിലെ ഏറ്റവും വലുതും ജിസിസിയിലെ 45 ശതമാനം ഇന്ത്യൻ പൗരന്മാരുമാണ്.

കുവൈത്ത് ഇന്ത്യൻ എംബസി സ്വാതന്ത്ര്യ ദിനാഘോഷം വർണാഭമായി

കുവൈത്ത് സിറ്റി: കുവൈത്ത് ഇന്ത്യൻ എംബസി രാജ്യത്തിന്റെ 78ആം സ്വാതന്ത്ര്യദിന ആഘോഷം സംഘടിപ്പിച്ചു. ദൈഹയിലെ എംബസി അങ്കണത്തിൽ ഇന്ത്യൻ സ്ഥാനപതി ഡോ.ആദർശ് സൈക ഇന്ത്യയുടെ ദേശീയ പതാക ഉയർത്തി. ഇന്ത്യൻ പ്രസിഡന്റ് ദ്രൗപതി മുർമു നൽകിയ സന്ദേശം അംബാസിഡർ സദസ്സിന് കൈമാറി. എംബസി അങ്കണത്തിൽ ഒത്ത് കൂടിയ സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പ്രവാസികൾ പരസ്പരം ആശംസകൾ കൈമാറി.എംബസി ഉന്നത ഉദ്യോഗസ്ഥരും കുവൈത്ത് പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

കുവൈത്തിൽ ഇന്ത്യൻ എംബസി നടത്തിയ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ നിന്ന്

ലളിതാംബിക അന്തർജ്ജനം സ്മാരക പുരസ്കാരം കാര്യവട്ടം ശ്രീകണ്ഠൻ നായരിൽ നിന്ന് ഡോ.ഹസീനാ ബീഗം ഏറ്റുവാങ്ങുന്നു

ഡോ.ഹസീനാ ബീഗം ലളിതാംബിക അന്തർജ്ജനം അവാർഡ് സ്വീകരിച്ചു

അബുദാബി: ഡോ.ഹസീനാ ബീഗത്തിന്റെ വിജയത്തിന്റെ കാൽപാടുകൾ എന്ന പുസ്തകത്തിന് ലളിതാംബിക അന്തർജ്ജന സ്മാരക പുരസ്കാരം ലഭിച്ചു. നവ ഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ ലളിതാംബിക അന്തർജ്ജന സ്മാരക പുരസ്കാരം ട്രസ്റ്റിന്റെ സാഹിത്യ പ്രതിഭാ സംഗമ വേദിയിൽ തിരുവനന്തപുരം ജെ.ചിത്തരഞ്ജൻ ഹാളിൽ കവി പ്രൊഫ. കാര്യവട്ടം ശ്രീകണ്ഠൻ നായർ, ഫലകവും പ്രശസ്തി പത്രവും ഡോ.ഹസീനാ ബീഗത്തിന് കൈമാറി. തിരുമല ശിവൻകുട്ടി, ട്രസ്റ്റ് ചെയർപേഴ്സണും എഴുത്തുകാരിയുമായ സന്ധ്യ ജയേഷ് പുളിമാത്ത്, ഗിരിജൻ ആചാരി തോന്നിയൂർ, ബാബു കുട്ടി എന്നിവർ സംബന്ധിച്ചു. വിജയത്തിന്റെ കാൽപാടുകൾ എന്ന പുസ്തകത്തിന്റെ പിറവിയെ കുറിച്ച് ഡോ. ഹസീനാ ബീഗം നന്ദി പ്രസംഗത്തിൽ വ്യക്തമാക്കി. അബുദാബി മോഡൽ സ്കൂൾ വൈസ് പ്രിൻസിപ്പൽ ആണ് ഡോ.ഹസീനാ ബീഗം.

നോൾ കാർഡിന് ഓൺലൈൻ റീചാർജ്

ദുബൈ: മെട്രോയിലും ബസിലും യാത്രചെയ്യുന്നവർക്ക് നോൾ കാർഡ് ടോപ് അപ് ചെയ്യാൻ ഇനി മെട്രോ-ബസ് സ്റ്റേഷനുകൾ കയറിയിറങ്ങേണ്ട. ഇനി നോൾപേ ആപ്, ആർടിഎ വെബ്സൈറ്റ് വഴി എപ്പോഴും നോൾ കാർഡുകൾ റീചാർജ് ചെയ്യാം. ആഗസ്റ്റ് 17 മുതൽ മെട്രോ സ്റ്റേഷൻ കൗണ്ടറുകളിലൂടെയുള്ള ടോപ് അപ് കുറഞ്ഞത് 50 ദിർഹമായി വർധിപ്പിച്ചിട്ടുണ്ട്.50 ദിർഹത്തിൽ കുറഞ്ഞ റീചാർജ് സാധ്യമല്ല.

കുവൈത്തിൽ നിന്ന് കരളെത്തി; ബുർജീലിൽ നൂറിന് പുതുജീവൻ

അബുദാബി: പ്രമുഖ ആതുരാലയമായ ബുർജീലിൽ നടത്തിയ കരൾ മാറ്റ ശസ്ത്രക്രിയയിൽ നൂറിന് പുതുജീവൻ ലഭ്യമായി. 48 മണിക്കൂറിനുള്ളിൽ പൂർത്തിയാക്കിയ മെഡിക്കൽ ദൗത്യത്തിൽ മലയാളി ഡോക്ടർമാരുടെ പങ്കാളിത്തവും ശ്രദ്ധേയമായി. നിർണ്ണായക ജീവൻരക്ഷാ ദൗത്യത്തിനായി രാജ്യങ്ങളും സർക്കാർ സ്ഥാപനങ്ങളും ആരോഗ്യ പ്രവർത്തകരും കൈകോർത്തപ്പോൾ ജിസിസിയിലെ അവയവദാന രംഗത്ത് അപൂർവ വിജയഗാഥ കൈവരിക്കുകയായിരുന്നു. നാൽപ്പത്തി മൂന്നുകാരിയായ ഇന്തോനേഷ്യൻ വനിതയും യുഎഇ പ്രവാസിയുമായ നൂർ ആണ് ബുർജീൽ മെഡിക്കൽ സിറ്റിയിലെ 'സൂപ്പർ അർജന്റ്' കരൾ മാറ്റ ശസ്ത്രക്രിയയിലൂടെ പുതു ജീവിതത്തിലേക്ക് പ്രവേശിച്ചത്.

കരൾമാറ്റ ശസ്ത്രക്രിയക്ക് വിധേയയായ നൂറിനോട് ബുർജീൽ മെഡിക്കൽ സംഘം കുശലാന്വേഷണത്തിൽ

യുഎഇയിൽ കരൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ജിസിസി രാഷ്ട്രങ്ങളിൽ നടത്തിയ അന്വേഷണത്തിലാണ് അനുയോജ്യമായ അവയവം കണ്ടെത്തി ജീവൻ രക്ഷാ ദൗത്യം പൂർത്തിയാക്കാൻ മെഡിക്കൽ സംഘത്തിനായത്. സാധാരണ പരിശോധനകളിൽ കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സെറോ നെഗറ്റീവ് ഹെപ്പറ്റൈറ്റിസ് മൂലം കരളിന് സംഭവിച്ച ക്ഷതംമൂലം വളരെ പെട്ടന്ന് കരളിന്റെ പ്രവർത്തനം നിലയ്ക്കാൻ കാരണമായി. 48 മുതൽ 72 മണിക്കൂറിനുള്ളിൽ കരൾ മാറ്റി വയ്ക്കുക മാത്രമായിരുന്നു ജീവൻ രക്ഷിക്കാനുള്ള ഒരേയൊരു വഴി. ഉടനെ അവയവ ദാതാക്കളെ കണ്ടെത്താനായി മെഡിക്കൽ സംഘം യുഎഇയിൽ വ്യാപകമായി അന്വേഷിച്ചുവെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് ജിസിസി രാജ്യങ്ങളിലെ ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള യുഎഇ നാഷണൽ സെന്റര് ഫോർ ഓർഗൻ ഡോണേഷൻ ആൻഡ് ട്രാൻസ്പ്ലാന്റ് അറിയിപ്പ് പുറപ്പെടുവിച്ചു. 24 മണിക്കൂറിനകം കുവൈറ്റിൽ കരൾ ലഭ്യമാണെന്ന വിവരം ലഭിച്ചു. ഇതോടെ ഡോ. ഗൗരബ് സെന്നിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് കുവൈറ്റിലേക്ക് പോയത്. അബ്ഡോമിനൽ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം ഡയറക്ടർ ഡോ. ഷെഹാൻ സൈഫിന്റെ നേതൃത്വത്തിലുള്ള സംഘം ദീർഘമായ കരൾ മാറ്റ ശസ്ത്രക്രിയയ്ക്കായി ബിഎംസിയിൽ സജ്ജരായി. അടിയന്തര പിന്തുണ ആവശ്യമായ കേസായതിനാൽ കുവൈത്ത് യാത്രയ്ക്ക യുഎഇ അധികൃതർ മെഡിക്കൽ സംഘത്തിന് പ്രൈവറ്റ് ജെറ്റ് സജ്ജമാക്കി. ആരോഗ്യ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് അബുദാബി, കുവൈറ്റ് എംബസി, അബുദാബി എയർപോർട്സ് തുടങ്ങി വിവിധ സർക്കാർ ഏജൻസികളുടെ സംയുക്ത പിന്തുണയോടെ സമയബന്ധിതമായി കരളുമായി തിരിച്ചുവരാൻ സംഘത്തിനായി. ഇതിനിടെ കരളിന്റെ പ്രവർത്തനം നിലച്ച നൂറിന് കടുത്ത മഞ്ഞപ്പിത്തം ബാധിച്ചിരുന്നു. രക്തസ്രാവം, ന്യൂറോളജിക്കൽ പ്രശ്നങ്ങൾ, അണുബാധ, മറ്റു അവയവങ്ങളുടെ കൂടി പ്രവർത്തനം നിലയ്ക്കാനുള്ള സാധ്യതയുമുണ്ടായി.

തലച്ചോറിനുകൂടി പ്രയാസം നേരിട്ടു തുടങ്ങിയതും അനസ്തേഷ്യ നൽകിയാൽ തലച്ചോറിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ മെഡിക്കൽ സംഘത്തിന് കഴിയാതെവരുന്നതും വലിയ വെല്ലുവിളിയായി. ഡോ. ഷെഹാൻ സൈഫും ഡോ. ജോൺസ് മാത്യുവും (അബ്ഡോമിനൽ ട്രാൻസ്പ്ലാന്റ്, ഹെപ്പറ്റോപാൻക്രിയാറ്റിക്കോബിലിയറി സർജൻ) അവയവം എത്തുമ്പോഴേക്കും നൂറിനെ ശസ്ത്രക്രിയയ്ക്കായി ബിഎംസിയിൽ തയ്യാറാക്കിയിരുന്നു. ട്രാൻസ്പ്ലാന്റ് അനസ്തേഷ്യ കൺസൾട്ടന്റ് ഡോ. രാമ്മൂർത്തി ഭാസ്കരനും മെഡിക്കൽ സംഘത്തിൽ ഉണ്ടായിരുന്നു. കരൾ ശേഖരണവും, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും 14 മണിക്കൂറിനകം പൂർത്തിയാക്കാൻ മെഡിക്കൽ സംഘത്തിനായി.

പൊടുന്നനെ കരളിന്റെ പ്രവർത്തനം നിലയ്ക്കുന്ന ഗുരുതര രോഗാവസ്ഥ എത്രയും പെട്ടന്ന് തിരിച്ചറിഞ്ഞു അവയവ മാറ്റം നടത്തേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നതാണ് നൂറിന്റെ കേസെന്ന് മെഡിക്കൽ സംഘത്തിലെ മലയാളി ഡോക്ടർ ജോൺസ് മാത്യു പറഞ്ഞു. മരണാന്തര അവയവദാനത്തിന് തയ്യാറായ കുവൈറ്റിലെ രോഗിക്കും നിർണ്ണായക പിന്തുണ നൽകിയ സർക്കാർ ഏജൻസികൾക്കും ഡോക്ടർമാർ നന്ദി പറഞ്ഞു. വിജയകരമായ ശസ്ത്രക്രിയക്ക് ശേഷം ആശുപത്രി വിട്ട നൂർ തുടർ പരിശോധനകൾ തുടരുകയാണ്. അടിയന്തര ചികിത്സ ഉറപ്പാക്കാൻ ഒറ്റക്കെട്ടായി നിന്ന ഡോക്ടർമാർക്കും സർക്കാർ ഏജൻസികൾക്കും തൊഴിൽ ദാതാവായ എമിറാത്തി കുടുംബത്തിനും നൂർ നന്ദി പറഞ്ഞു.

ഗസ്സയിൽ മരണം 40000 കടന്നു

ഒഴിയാൻ വീണ്ടും ഉത്തരവ്

വെടിനിർത്തൽ ചർച്ച ക്രിയാത്മകമെന്ന് മധ്യസ്ഥ പ്രതിനിധികൾ

ഗസ്സ: വെടിനിർത്തൽ ചർച്ച ഖത്തർ തലസ്ഥാനമായ ദോഹയിൽ പുരോഗമിക്കുന്നതിനിടെ ഗസ്സയിൽ സൈനിക നീക്കം കടുപ്പിച്ച് ഇസ്രാഈൽ. തെക്കൻ ഗസ്സയിൽ നിന്നും ആളുകളോട് ഒഴിഞ്ഞു പോകാൻ ഇസ്രാഈൽ ആവശ്യപ്പെട്ടു. മാനുഷിക സുരക്ഷിത കേന്ദ്രമെന്ന് വിശേഷിപ്പിച്ചിരുന്ന ഈ മേഖലയിലെ അൽ മവാസിയിലും ഇസ്രാഈൽ ആക്രമണം ശക്തമാക്കിയ പശ്ചാത്തലത്തിൽ എങ്ങും പോകാനിടമില്ലാതെ അലയുകയാണ് ഗസ്സയിലെ ജനത. ഖാൻ യൂനുസിൽ നിന്നും ദേൽബലാഹിൽ നിന്നും ഒഴിഞ്ഞു പോകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

താൽക്കാലിക ടെന്റുകളിൽ നിന്ന് ജീവനും കൈയിലെടുത്ത് നെട്ടോടമോടുന്ന കാഴ്ചയാണ് ഗസ്സയിലെങ്ങും. പിഞ്ചു കുഞ്ഞുങ്ങളെയും പരിക്കേറ്റവരെയും വയോവൃദ്ധരെയും കൊണ്ട് കാൽനടയായി ഗസ്സയിലെ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ പ്ലാസ്റ്റിക് ഷീറ്റുകൾക്കിടയിൽ അഭയം തേടുകയാണ് പലരും. ഗസ്സയിലെ ഒരിടവും സുരക്ഷിതമല്ലെന്നാണ് യു.എൻ ഏജൻസി റിപ്പോർട്ട് ചെയ്യുന്നത്. യുദ്ധനിയമങ്ങളെല്ലാം കാറ്റിൽപറത്തി ഗസ്സയിൽ ഇസ്രാഈൽ കഴിഞ്ഞ 24 മണിക്കൂറിനിടെ നടത്തിയ ആക്രമണത്തിൽ മൂന്നു കുട്ടികൾ ഉൾപ്പെടെ 22 പേർ കൊല്ലപ്പെട്ടു. കഴിഞ്ഞ 48 മണിക്കൂറിനിടെ 62 പേരാണ് കൊല്ലപ്പെട്ടത്. ഇതിൽ 13200 പേർ കുട്ടികളും 7360 പേർ സ്ത്രീകളുമാണ്. 150-ഓളം പേർക്ക് പരിക്കേറ്റു. ഇതോടെ ഒക്ടോബർ ഏഴിന് ആരംഭിച്ച ആക്രമണത്തിൽ ഇതുവരെ കൊല്ലപ്പെട്ടവരുടെ എണ്ണം 40027 ആയി. 92451 പേർക്കാണ് ഇതുവരെ പരിക്കേറ്റത്. കൊല്ലപ്പെട്ടവരിൽ രണ്ട് വയസ്സിൽ താഴെയുള്ള 2100 കുഞ്ഞുങ്ങളും ഉൾപ്പെടും. ഗസ്സ ആരോഗ്യമന്ത്രാലയം നൽകുന്ന കണക്കനുസരിച്ച് 23 ലക്ഷം ജനസംഖ്യയുടെ ഗസ്സയിൽ ഏകദേശം രണ്ട് ശതമാനമോ ഓരോ അമ്പത് പേരിൽ ഒരാളോ എന്ന കണക്കിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് വിവരം. ഗസ്സയിലെ വീടുകൾ, കെട്ടിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, അഭയാർത്ഥി ക്യാമ്പുകൾ തുടങ്ങിയവയെല്ലാം ഇസ്രാഈലിന്റെ ക്രൂരതയിൽ തകർന്നടിഞ്ഞു. മതിയായ ചികിത്സ നൽകാൻ ആശുപത്രികളോ കയറി കിടക്കാൻ പാർപ്പിടങ്ങളോ ഇല്ലാതായി. ജനസംഖ്യയുടെ 85 ശതമാനം ആളുകളും അവരുടെ വീടുകളിൽ നിന്ന് കുടിയിറക്കപ്പെട്ടു. ആക്രമണം പതിനൊന്നാം മാസത്തിലേക്ക് കടക്കുമ്പോൾ ശാശ്വതമായ വെടിനിർത്തൽ എന്ന ലക്ഷ്യവുമായി ദോഹയിൽ ചേർന്ന യോഗത്തിന്റെ രണ്ടാം ദിനത്തിൽ ക്രിയാത്മക ചർച്ച നടന്നതായി മധ്യസ്ഥ രാജ്യങ്ങൾ. ചർച്ച ഏറെ ഗൗരവമേറിയതും ക്രിയാത്മകവുമായിരുന്നുവെന്ന് മധ്യസ്ഥം വഹിച്ച ഖത്തർ, ഈജിപ്ത്, യു.എസ് രാജ്യങ്ങൾ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. അടുത്ത ആഴ്ച പ്രതിനിധികൾ വീണ്ടും കെയ്റോയിൽ കൂടിക്കാഴ്ച നടത്തും. കൂടുതൽ സമയം പാഴാക്കാനില്ലെന്നും കാലതാമസം വരുത്തുന്തോറും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നും രാജ്യങ്ങൾ പ്രസ്താവനയിൽ വ്യക്തമാക്കി.

ഗസ്സയിലെ ഖാൻയൂനുസിൽ നവജാത ശിശുവിനൊപ്പം താൽക്കാലിക പ്ലാസ്റ്റിക് ടെന്റിൽ കഴിയുന്ന ഫലസ്തീനി യുവതി

മുഹമ്മദ് ദൈഫ് സുരക്ഷിതൻ

സൈനിക മേധാവിയെ കൊലപ്പെടുത്തിയെന്ന വാദം തെറ്റ്: ഹമാസ്

ഗസ്സ: ഇസ്രാഈൽ കഴിഞ്ഞ ദിവസം കൊലപ്പെടുത്തിയെന്ന് അവകാശപ്പെടുന്ന ഹമാസ് സൈനിക മേധാവി മുഹമ്മദ് ദൈഫ് സുരക്ഷിതനാണെന്ന് വെളിപ്പെടുത്തി ഹമാസ് നേതൃത്വം. അസോസിയേറ്റ് പ്രസ്സിനു നൽകിയ പ്രത്യേക അഭിമുഖത്തിൽ ഹമാസിന്റെ മുതിർന്ന നേതാവ് ഉസാമ ഹംദാനാണ് ഇക്കാര്യം അറിയിച്ചത്. ഹമാസിന്റെ സൈനിക വിഭാഗമായ അൽ ഖസ്സം ബ്രിഗേഡ് മേധാവി മുഹമ്മദ് ദൈഫിനെ വധിച്ചുവെന്ന ഇസ്രാഈലിന്റെ വാദം ശുദ്ധ അസംബന്ധമാണെന്ന് ഹംദാൻ വ്യക്തമാക്കി. ഹമാസ് രാഷ്ട്രീയകാര്യ നേതാവ് ഇസ്മായിൽ ഹനിയ്യയെ ഇറാനിൽ കൊലപ്പെടുത്തിയതിന്റെ തൊട്ടുപിന്നാലെ സൈനിക മേധാവിയെയും വധിച്ചുവെന്നാണ് ഇസ്രാഈൽ അവകാശപ്പെട്ടത്. ഇതുസംബന്ധിച്ച് വ്യക്തമാക്കുന്ന വലിയ കൂറ്റൻ ഹോഡിങ് ടെൽഅവീവിൽ ഇസ്രാഈൽ പ്രദർശിപ്പിച്ചിരുന്നു. ഹീബ്രു ഭാഷയിൽ ഹമാസ് നേതാക്കളായ ഇസ്മായിൽ ഹനിയ്യയുടെയും മുഹമ്മദ് ദൈഫിന്റെയും ഛായാചിത്രങ്ങളിൽ വധിച്ചുവെന്നെഴുതിയാണ് ബോർഡ് പ്രദർശിപ്പിച്ചത്.

മുഹമ്മദ് ദൈഫ്

ദൈഫിനെ ഖാൻ യൂനുസിൽ ജൂലൈ 13ന് നടത്തിയ ആക്രമണത്തിൽ കൊലപ്പെടുത്തിയെന്നാണ് ഇസ്രാഈൽ അവകാശവാദം. എന്നാൽ ഇത് പൂർണമായും തെറ്റാണെന്നും അദ്ദേഹം സുഖമായിരിക്കുന്നുവെന്നും സുരക്ഷിതനാണെന്നും ഹംദാൻ പറഞ്ഞു. ഖാൻ യൂനുസിൽ അന്ന് ഇസ്രാഈൽ നടത്തിയ മനുഷ്യത്വരഹിത ആക്രമണത്തിൽ 88 ഫലസ്തീനികൾ കൊല്ലപ്പെടുകയും 289 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സുരക്ഷിത കേന്ദ്രമെന്നോ മാനുഷിക മേഖലയെന്നോ വിശേഷിപ്പിക്കുന്ന അൽ മവാസിയിൽ നടന്ന ഈ ആക്രമണത്തെ ന്യായീകരിക്കാനാണ് മുഹമ്മദ് ദൈഫിനെ വധിച്ചുവെന്ന് ഇസ്രാഈൽ വ്യാജവാദമുന്നയിച്ചതെന്ന് ഹംദാൻ പറഞ്ഞു.

ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണം ആസൂത്രണം ചെയ്ത് നടപ്പാക്കിയത് ദൈഫാണെന്നാണ് ഇസ്രാഈൽ ആരോപിക്കുന്നത്. മുഹമ്മദ് മസ്രിയെന്ന മുഹമ്മദ് ദൈഫ് 1965-ൽ ഖാൻ യൂനിസിലെ അഭയാർത്ഥി ക്യാമ്പിലാണ് ജനിച്ചത്. 1987-ൽ ഒന്നാം ഇൻതിഫാദയുടെ സമയത്ത് ഹമാസിൽ ചേർന്നതോടെയാണ് പേര് മുഹമ്മദ് ദൈഫായത്. അൽ ഖസ്സം ബ്രിഗേഡ് രൂപീകരിക്കുന്നതിൽ നിർണായക പങ്കു വഹിച്ച വ്യക്തിയാണ് ദൈഫ്.

കോട്ടക്കൽ ദി കംപാഷൻ സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷം ഡോ. എം.പി അബ്ദുസ്സമദ് സമദാനി ഉദ്ഘാടനം ചെയ്യുന്നു

നിരീക്ഷണം

മേഘങ്ങളുൽപാദിപ്പിക്കുന്ന കാറ്റുകളെ നാം അയക്കുകയും, എന്നിട്ട് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു തരികയും, എന്നിട്ട് നിങ്ങൾക്ക് അത് കുടിക്കുമാറാക്കുകയും ചെയ്തു. നിങ്ങൾക്കത് സംഭരിച്ച് വെക്കാൻ കഴിയുമായിരുന്നില്ല.

(വിശുദ്ധ ഖുർആൻ: 15: 22)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 സഫർ 13 • 1200 ചിങ്ങം 01

ആർ.എസ്.എസിനെ വെല്ലുന്ന ധ്രുവീകരണ ശ്രമം

പാർലിമെന്റ് തിരഞ്ഞെടുപ്പ് കാലത്ത് വടകരയിൽ പ്രചരിച്ച കാഫിർ സ്ക്രീൻഷോട്ടിന് പിന്നിൽ പാർട്ടി പ്രവർത്തകരും നേതാക്കളുമാണെന്ന് വ്യക്തമായതോടെ സി.പി.എമ്മിന്റെ ധ്രുവീകരണ രാഷ്ട്രീയം ഒരിക്കൽകൂടി മറനീക്കിപ്പുറത്തുവന്നിരിക്കുകയാണ്. കോടതി നിർദ്ദേശ പ്രകാരം പൊലീസ് സമർപ്പിച്ച റിപ്പോർട്ടിലെ വസ്തുതകൾ വിവേകികളായ ആളുകൾ നേരത്തെ കണക്കുകൂട്ടിയതു തന്നെയായിരുന്നുവെങ്കിലും ഗത്യന്തരമില്ലാതെയാണെങ്കിൽകൂടി സംസ്ഥാന പൊലീസിനും അത് തുറന്നു സമ്മതിക്കേണ്ടി വന്നിരിക്കുകയാണ്. കേസിന്റെ എല്ലാ ഘട്ടങ്ങളിലും സർക്കാറിനെയും സി.പി.എമ്മിനെയും രക്ഷിക്കാൻ കിണഞ്ഞുപരിശ്രമിച്ച പൊലീസ് ഹൈക്കോടതിയുടെ ശക്തമായ ഇടപെടലിനെ തുടർന്നാണ് ഒടുവിൽ യാഥാർത്ഥ്യം പുറത്തുപറഞ്ഞിരിക്കുന്നത്. കാര്യങ്ങൾ ഇത്രമേൽ സുതാര്യമായിട്ടും പ്രതികളെ കണ്ടെത്താനോ അറസ്റ്റ് ചെയ്യാനോ തയാറാകാത്ത ആഭ്യന്തര വകുപ്പിന് വിഷയത്തിൽ ഇനിയും ഒരിഞ്ച് മുന്നോട്ടു നീങ്ങണമെങ്കിൽ കോടതിയുടെ പക്കൽ നിന്ന് അടുത്ത അടിയും കിട്ടേണ്ടിവരും.

ഒരു തിരഞ്ഞെടുപ്പ് വിജയത്തിനു വേണ്ടി ഇത്രമേൽ നാണിപ്പിക്കുന്ന രീതിയിൽ വർഗീയതയുടെ വിത്തിറക്കുകയും അത് കോടതിയുടെ മുന്നിൽ നിസ്സംശയം അനാവരണം ചെയ്യപ്പെടുകയും ചെയ്തിട്ടും, അപകടകരമായ ഈ പ്രവണതയെ തള്ളിപ്പറഞ്ഞ് കേരളീയ പൊതു സമൂഹത്തോട് മാപ്പു പറയുന്നതിന് പകരം അതിനെ ന്യായീകരിക്കാനും ലഘൂകരിക്കാനും ശ്രമിക്കുന്നതിലൂടെ മുഖ്യമന്ത്രി പിണറായി വിജയനും പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദനുമെല്ലാം ഈ വിഷം വമിപ്പിക്കൽ തങ്ങളുടെ അറിവോടെയും സമ്മതത്തോടെയുമാണെന്ന് തുറന്നു സമ്മതിച്ചിരിക്കുകയാണ്. പൊലീസ് റിപ്പോർട്ട് തന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നായിരുന്നു കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ പ്രതികരണമെങ്കിൽ ഇരുട്ട് കൊണ്ട് ഓട്ടയടക്കുന്നതുപോലെ യു.ഡി.എഫിനെ കുറ്റപ്പെടുത്തി തടിയൂരാനാണ് ഇന്നലെ ഗോവിന്ദൻ ശ്രമം നടത്തിയത്. ഒരു നാടിന്റെ സമാധാനാന്തരീക്ഷത്തിന്റെ കടക്കൽ കത്തിവെക്കുന്ന ഹീനകൃത്യത്തെ ഇത്ര ലാഘവത്തോടെ കാണാൻ ശ്രമിക്കുന്നതിലൂടെ ഇവരുടെ മുഖം കേരളീയ പൊതുസമൂഹത്തിന്റെ മുന്നിൽ വികൃതമായിരിക്കുകയാണ്.

അധികാര ലബ്ധിക്കുവേണ്ടി ഏതറ്റംവരെയും പോകുകയെന്നത് തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യമാണെന്ന് സി.പി.എം തുറന്നു സമ്മതിക്കുന്നത് ആദ്യമായല്ല. തിരഞ്ഞെടുപ്പ് മുഖത്ത് ന്യൂനപക്ഷ വർഗീയതയും ഭൂരിപക്ഷ വർഗീയതയുമെല്ലാം തരാതരം പോലെ ഉപയോഗിക്കുന്ന അവർ പക്ഷെ, ആട്ടിൻ തോലണിഞ്ഞ ചെന്നായകളെപ്പോലെ കുതന്ത്രങ്ങളിലൂടെ രക്ഷപ്പെടാറാണ് പതിവ്. കെ.എം ഷാജിക്കെതിരെ അഴീക്കോട് മണ്ഡലത്തിൽ പ്രയോഗിച്ച വർഗീയതയിൽ ചാലിച്ച ലഘുലേഖ ഇതിന്റെ എണ്ണിയാലൊടുങ്ങാത്ത ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ വടകരയിൽ സി.പി.എം പിടിക്കപ്പെട്ടുപോയത് യു.ഡി.എഫ് നേതൃത്വത്തിന്റെയും ആരോപണ വിധേയനായ യൂത്ത് ലീഗ് പ്രവർത്തകൻ കാസിമിന്റെയും ഇഛാശക്തികൊണ്ടൊന്നു മാത്രമാണ്. യു.ഡി.എഫിന്റെ തിളക്കമാർന്ന വിജയത്തോടെ ഈ നെറികെട്ട പ്രവർത്തനം വിസ്മൃതിയിലായിപ്പോകുമായിരുന്ന സാഹചര്യത്തിൽ, അതിന് അനുവദിക്കാതെ നിയമപരമായും രാഷ്ട്രീയമായും നേരിടാനുള്ള ഉറച്ച തീരുമാനം അവർ കൈക്കൊള്ളുകയായിരുന്നു. പാർലിമെന്റ് മണ്ഡലം തിരഞ്ഞെടുപ്പ് കമ്മറ്റി ചെയർമാൻ പാറക്കൽ അബ്ദുല്ലയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള പഴുതടച്ച നിയമ പോരാട്ടത്തിന്റെ ഫലമായാണ് ഹൈക്കോടതിയുടെ കൃത്യമായ മേൽനോട്ടം കേസിൽ ഉണ്ടായതും പൊലീസിന് യാഥാർത്ഥ്യങ്ങളുടെ കെട്ടഴിക്കേണ്ടിവന്നതും. തന്റെ പേരിൽ സ്ക്രീൻഷോട്ട് പ്രചരിക്കുന്നുവെന്നറിഞ്ഞ കാസിം നേരിട്ട് സ്റ്റേഷനിലെത്തി മൊബൈൽഫോൺ പൊലീസിനെ ഏൽപ്പിക്കുകയായിരുന്നു. എന്നാൽ മുൻകൂട്ടി തയാറാക്കിയ തിരക്കഥക്കനുസരിച്ചെന്ന പോലെ സംഭവത്തിൽ കേസെടുക്കാനോ അന്വേഷണം നടത്താനോ പൊലീസ് താൽപര്യം കാണിക്കാതിരുന്നതോടെ വിട്ടുകൊടുക്കാൻ ഒരുക്കമല്ലാതെ നിയമത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി നിയമപാലകരെ നീതിയുടെ വഴിക്ക് നടത്തിക്കാനും അദ്ദേഹത്തിന് സാധിച്ചു.വർഗീയതക്കെതിരായ സി.പി.എം നിലപാട് വെറും പൊളിറ്റിക്കൽ ഗിമ്മിക്ക് മാത്രമാണെന്ന് കേരളം തിരിച്ചറിഞ്ഞതിന്റെ അനന്തരഫലമാണ് ലോക്സഭാ തിരഞ്ഞെടുപ്പിലെ അവരുടെ അതി ദയനീയമായ പരാജയം. ഷാഫി പറമ്പിലിനെ തോൽപ്പിക്കാൻ വർഗീയ കാർഡിലൂടെ സാധിക്കുമെന്ന് കണക്കുകൂട്ടിയ ഇക്കൂട്ടർ കേരള ജനതയുടെ മനസ് വായിക്കുന്നതിൽ നിരന്തരം പരാജയപ്പെടുകയാണ്. യഥാർത്ഥ്യ ബോധം തൊട്ടുതീണ്ടിയില്ലാത്ത അവരുടെ നിലപാടുകൾ ബി.ജെ.പിക്ക് പ്രത്യക്ഷമായും പരോക്ഷമായും സഹായകരമായിരുന്നു. ബംഗാളിലെയും ത്രിപുരയിലെയും പോലെ കേരളത്തിലും ചരിത്രത്തിന്റെ ഭാഗമായി മാറാതിരിക്കണമെങ്കിൽ വടകരയിലുണ്ടാക്കിയ ഈ വൃത്തികേടിനെ തള്ളിപ്പറയുകയും യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള സാഹചര്യം ഒരുക്കുകയുമാണ് വേണ്ടത്.

അടിക്കുറിപ്പ്

നിങ്ങൾ നിങ്ങളുടെ തെറ്റുകൾ ആവർത്തിച്ച് കൊണ്ടേയിരിക്കുക. ജനം അയാളിലെ ശരികളെ തിരിച്ചറിഞ്ഞ് കൊണ്ടുമിരിക്കുന്നു. സിറ്റുകളുടെ കാര്യത്തിൽ ഇന്ത്യയിലെ ജനങ്ങൾ നടത്തിയ Re arrang-ement കൊണ്ട് പാഠം പഠിക്കാത്തവരെ ഭരണത്തിലെ Re arrangement കൊണ്ട് പാഠം പഠിപ്പിക്കും.

നാളെ അയാൾ ചെങ്കൊട്ടയിൽ പതാകയുയർത്തുമ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവിനു മുൻ നിരകളിൽ സ്ഥാനമുണ്ടാവും, കാരണം അയാളിലെ ജനാധിപത്യവാദിയെ തകർക്കാൻ നിങ്ങൾക്ക് ഒരു കാലത്തും സാധിക്കില്ല.

–ഷാഫി പറമ്പിൽ

ചരിത്രത്തിൽ ഇന്ന്

1945 ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം.
1945 ജോർജ് ഓർവെല്ലിന്റെ ആനിമൽ ഫാം ആദ്യമായി പ്രസിദ്ധീകരിച്ചു.
1960 ഗാബോൺ ഫ്രാൻസിൽ നിന്നും സ്വാതന്ത്ര്യം നേടി
1988 മുൻ പാകിസ്താൻ പ്രസിഡണ്ട് മുഹമ്മദ് സിയാഉൾ ഹഖും യു.എസ്. അംബാസഡർ ആർണോൾഡ് റാഫേലും ഒരു വിമാനപകടത്തിൽ കൊല്ലപ്പെട്ടു.
2008 മൈക്കൾ ഫെല്പ്സ്, ഒരു ഒളിമ്പിക്സിൽ 8 സ്വർണ മെഡൽ നേടുന്ന ആദ്യ വ്യക്തിയായി

പൊതുഇടങ്ങളിലെ ലീഗ് ശബ്ദം

സലീം കുരുവമ്പലം

പൊതുഇടങ്ങളിൽ മുസ്‌ലിം ലീഗ് പാർട്ടിയുടെ ശബ്ദമായിരുന്നുഅന്തരിച്ച കുട്ടിഅഹമ്മദ്കുട്ടിസാഹിബ്. പരന്ന വായനയിലൂടെയും എളിമയാർന്ന ജീവിതത്തിലൂടെയും രാഷ്ട്രീയ എതിരാളികൾക്കിടയിലും എന്നും സ്വീകാര്യനായിരുന്നുഅദ്ദേഹം. എല്ലാവരെയുംസ്വീകരിക്കാനും സ്നേഹിക്കാനും താൽപര്യംകാണിച്ചിരുന്ന കുട്ടി അഹമ്മദ് കുട്ടി പരിസ്ഥിതിയുടെയും അടുത്ത കൂട്ടുകാരനായിരുന്നു. സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ പരിസ്ഥിതിസംരക്ഷണ പ്രവർത്തനം പാർട്ടി അജണ്ടയായി കണ്ട് അതിനായിഒരുസമിതിആദ്യമായി രൂപീകരിച്ചത് മുസ്‌ലിം ലീഗ് പാർട്ടിയാണ്. 2013 ൽ സയ്യിദ്ഹൈദരലി ശിഹാബ് തങ്ങളുടെ പ്രത്യേകതാൽപര്യമാണ് മുസ്‌ലിം ലീഗ് പരിസ്ഥിതിസമിതി രൂപീകരിക്കപ്പെടുന്നത്. സമിതിയുടെ ചെയർമാനായി കുട്ടി അഹമ്മദ് കുട്ടിയെ നിയോഗിക്കുന്നതും ഒരു പ്രത്യേകത അദ്ദേഹത്തിൽ കണ്ടെടുത്തുകൊണ്ടായിരിക്കാം.

പരിസ്ഥിതി സമിതിയുടെ ചെയർമാനായി ചുമതലയേറ്റ ഉടനെ അദ്ദേഹം സഹപ്രവർത്തകരായ ഞങ്ങളെയും കൂട്ടി ആദ്യം പോയത് 2014 ഒക്ടോബർ 29 ന് കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലേക്കായിരുന്നു. കേവലം മുപ്പതോളം തൊഴിലാളികൾ മാത്രം ജോലി ചെയ്യുന്ന മാടായിയിലെ ചൈനാ ക്ലേ ഫാക്ടറിയുടെ പ്രവർത്തന ഫലമായി ഒരുസമൂഹം അനുഭവിക്കുന്ന ദുരിതങ്ങൾ വിവരണാതീതമായിരുന്നു. ചെറിയ കുട്ടികൾതൊട്ട് വൃദ്ധന്മാർവരെ മാരകമായരോഗത്തിനടിമപ്പെട്ട് യാതന അനുഭവിച്ചുവരികയായിന്നു അവിടെ. നാലു ച.കിലോമീറ്റർ വിസ്തൃതിയിൽ ആയിരം ഏക്കർ വരുന്ന പീഠഭൂമി പ്രദേശവും വിശാല വിസ്തൃതവും പ്രകൃതി ഭംഗികൊണ്ടും, ജൈവ വൈവിധ്യംകൊണ്ടും അതിമനോഹരവുമായ സൗന്ദര്യതീരം. സമുദ്രനിരപ്പിൽ 94 മീറ്റർഉയരത്തിൽ നിന്ന് 150 അടി (ഏകദേശം 40 മീറ്റർ ഉയരത്തിൽ പരന്ന്കിടക്കുന്ന പ്രദേശം. ചിറക്കൻകോവിലകം നേരിട്ടും, ഭരണം കയ്യാളിയിരുന്നതുമായ പ്രദേശം. 1972 ൽ കേരള ഭൂപരിഷ്കരണ നിയമംമൂലം ഹിന്ദുമത ധർമ്മസ്ഥാപന വകുപ്പിലേക്ക് (HR&WB) വകുപ്പ് പ്രകാരം മാടായിക്കാവ് എന്നറിയപ്പെടുന്ന ഭദ്രകാളി ദേവസ്വംവക ഭൂമി, പ്രമുഖ സ്വാതന്ത്ര്യ സമരസേനാനി, മലബാറിലെ പ്രമുഖകോൺഗ്രസ് നേതാവ് എന്നീ നിലകളിൽ പ്രസിദ്ധനായ സാമുവൽ ആറോൺ ഹിന്ദുസ്ഥാൻ ചൈനാ ക്ലേ വർക്സ് എന്ന പേരിൽ കുന്നിൻ ചെരുവിലെ പറമ്പിൽ ആഴത്തിൽകിണർ കുഴിച്ചപ്പോൾ കിട്ടിയവെളുത്ത വസ്തു വിശിഷ്ടവിപണന മൂല്യമുള്ള ചൈനാ ക്ലേ ആണെന്ന് മനസ്സിലാക്കുകയും ദേവസ്വം ട്രസ്റ്റിയായ ചിറക്കൽതമ്പുരാനിൽ നിന്നുംവളരെ ചെറിയ പാട്ട സംഖ്യ നിശ്ചയിച്ച്അത്കൈക്കലാക്കുകയായിരുന്നു. അന്നത്തെ എട്ട് അണ (ഇന്നത്തെ 50) പൈസ പ്രതിദിന കൂലിയിൽ ആകൃഷ്ടരായി ഗ്രാമീണിർ കൃഷിഉപേക്ഷിച്ച് കമ്പനിപ്പണിക്കാരായി. 1950 ൽ കമ്പനി വിപണനം ആരംഭിച്ചു. 30 ൽ നിന്നുംതൊഴിലാളികളുടെ എണ്ണം 600 ആയിവർദ്ധിച്ചു. ലാഭവും അതോടൊപ്പംകൂടി. തൊട്ടടുത്ത 19 ഏക്കർ സ്ഥലംകൂടി ചുരുങ്ങിയലൈസൻസ് നിശ്ചയിച്ച് ആറോൺ വാങ്ങിച്ചു. കമ്പനി പുറത്തുവിടുന്ന രാസവസ്തുക്കൾ മഴക്കാലത്ത് ഒലിച്ചിറങ്ങി താഴ്വാരത്തിലെ കൃഷിഭൂമി പൂർണ്ണമായും നശിക്കാൻതുടങ്ങി. കുടിവെള്ള കിണറുകൾ ഒന്നായി നശിപ്പിച്ചുതുടങ്ങി. വായുമലിനീകരണവും രൂക്ഷമായി.

1995 ലെ നിയമസഭാ പരിസ്ഥിതിസമിതി, 1996 ലെ സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി, തുടങ്ങിയ നിരവധി സമിതി റിപ്പോർട്ടുകൾ വെളിച്ചം കാണാതെവന്നപ്പോഴാണ് നാട്ടുകാർ പ്രത്യക്ഷ സമരവുമായിരംഗത്തേക്ക് വരുന്നത്. Environmental Conserva-tion Group (ECG) എന്ന പേരിൽ ഒരുസംഘടന രൂപീകരിച്ച് അവർ സമര പരിപാടികൾ ആരംഭിച്ചു. 500 ൽ കുറയാതെയുള്ളഏക്കർ സ്ഥലത്തെ നെൽകൃഷി പൂർണ്ണമായും നശിച്ചു. 300 ൽ അധികം വീടുകളിലെകുടിവെള്ളകിണറുകൾ രാസവസ്തുക്കളാൽ ഉപയോഗശൂന്യമായി. ഇത്തരം രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ അവർ അധികാരികൾക്ക് മുന്നിൽ തുറന്നുകാട്ടി. എന്നാൽ അതിനൊന്നും പരിഹാരം കാണാതെ നിൽക്കുകയായിരുന്നു. ആ സമയത്താണ്മുസ്‌ലിം ലീഗ് പരിസ്ഥിതി സമിതി സ്ഥലംസന്ദർശിക്കുന്നത്. എം.എൽ.എ.മാരും മറ്റു ജനപ്രതിനിധികളും സംഘത്തിലുണ്ടായിരുന്നു. വിഷയത്തെക്കുറിച്ച് സമഗ്ര റിപ്പോർട്ട്തയ്യാറാക്കാൻ പ്രമുഖരെ അന്ന്ചുമതലപ്പെടുത്തി. അവർ തയ്യാറാക്കിയ സമഗ്ര പഠനറിപ്പോർട്ട് മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കും, വ്യവസായ മന്ത്രി പി.കെകുഞ്ഞാലിക്കുട്ടിക്കും സമിതി നേരിട്ടുപോയി സമർപ്പിച്ചു. സമഗ്രവും സമ്പൂർണ്ണമായ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സമിതിയുടെ ചെയർമാനായി ചുമതലയേറ്റ ഉടനെ അദ്ദേഹം സഹപ്രവർത്തകരായ ഞങ്ങളെയും കൂട്ടി ആദ്യം പോയത് 2014 ഒക്ടോബർ 29 ന് കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലേക്കായിരുന്നു. കേവലം മുപ്പതോളം തൊഴിലാളികൾ മാത്രം ജോലിചെയ്യുന്ന മാടായിയിലെ ചൈനാ ക്ലേ ഫാക്ടറിയുടെ പ്രവർത്തന ഫലമായി ഒരുസമൂഹം അനുഭവിക്കുന്ന ദുരിതങ്ങൾ വിവരണാതീതമായിരുന്നു. ചെറിയ കുട്ടികൾതൊട്ട് വൃദ്ധന്മാർവരെ മാരകമായരോഗത്തിനടിമപ്പെട്ട് യാതന അനുഭവിച്ചുവരികയായിന്നു അവിടെ.

ജനങ്ങളുടെ സുരക്ഷക്കായി കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു.

വാചാലനല്ലെങ്കിലും തന്റെ നിലപാടുകളും വസ്തുതകളും അധികാരികളെ ബോധ്യപ്പെടുത്താൻ കുട്ടി അഹമ്മദ് കുട്ടിക്ക് എളുപ്പം കഴിയുമായിരുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കണ്ടൽകാടുകളുള്ളത്കണ്ണൂർ ജില്ലയിലാണ്. വളപട്ടണം പാലത്തോടുചേർന്നുള്ള 1000 ഏക്കർ കണ്ടൽകാടുകളുള്ള പ്രദേശംഅന്ന്ഞങ്ങൾസന്ദർശിക്കുകയുണ്ടായി. കരക്കും കടലിനുമിടയിലും ഒട്ടനവധി പ്രത്യേകതകളോടെ രൂപപ്പെട്ടുവന്ന ജൈവസമ്പത്താണ് കണ്ടൽകാടുകൾ. കണ്ടൽകാടുകളുടെ നിലനിൽപ്പ് മേൽപ്രദേശത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ മുഖ്യപങ്കാണ് നിർവ്വഹിച്ചുവരുന്നത്. കണ്ണൂർമേഖലയിൽ നടത്തിയ പഠനത്തിൽ 106 വൃക്ഷ ഇനങ്ങൾ, 87 ഇനം മത്സ്യങ്ങൾ, 58 ഇനം ഷഡ്പദങ്ങൾ, 44 ഇനം പക്ഷികൾ തുടങ്ങിഅതിസമ്പന്നമായ ജൈവസമ്പത്താണ്കണ്ടൽകാടുകളിൽ കാണാനായത് എന്ന്റിപ്പോർട്ടിൽ പറയുന്നു. അതിന്റെ സംരക്ഷണം നടക്കുന്നില്ല എന്നുമാത്രമല്ല സർവനാശവും നടന്നുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച സമഗ്ര റിപ്പോർട്ടും അന്നത്തെ സംഘം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

മുസ്‌ലിം ലീഗ് പരിസ്ഥിതി സംരക്ഷണസമിതിക്ക് ഒരുസംഘടനാ സംവിധാനമില്ലാത്തതിൽ അദ്ദേഹത്തിന് ഏറെ പ്രയാസമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം വിടവാങ്ങുന്നതിന്റെ തൊട്ടുമാമ്പായി അതും പരിഹരിച്ചു. കേരളത്തിലെ എല്ലാജില്ലകളിലും സമിതികൾ നിലവിൽവന്നു. സമിതി പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇക്കഴിഞ്ഞ ജൂലൈയിൽ വയനാട്ടിൽ ദ്വിദിന ക്യാമ്പുംസംഘടിപ്പിക്കുകയുണ്ടായി. അതിനിടയിലാണ്അദ്ദേഹം നമ്മെവിട്ടുപോയത്. വലിയ സൗഹൃദ വലയമുണ്ടായിരുന്നു അദ്ദേഹത്തിന്. എതിരാളികളോടു പോലും സ്നേഹത്തിലും സൗഹൃദത്തിലും പെരുമാറുക മാത്രമല്ല അവരിലെ നന്മകൾ പകർത്താനും അറിവുകൾ സ്വായത്തമാക്കാനും തന്റെ അറിവുകൾ പകർന്ന് നൽകാനും അദ്ദേഹം ശ്രമിക്കുമായിരുന്നു. ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സന്നദ്ധ സംഘടനകളുടെ സഹയാത്രികനായി പോലും അദ്ദേഹം ഏറെനാൾ പ്രവർത്തിച്ചിട്ടുണ്ട്. 1984 ൽ പഞ്ചായത്തീരാജ് നിയമം കേരളത്തിൽ കൊണ്ടുവന്നത് യു.ഡി.എഫ് സർക്കാരായിരുന്നു. എന്നാൽഅതിന് ശേഷം നടന്ന പ്രഥമ ത്രിതല പഞ്ചായത്ത്തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് ഭരണം നഷ്ടപ്പെട്ടു. ഇടതുപക്ഷം അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനെന്ന പേരിൽ മുൻമുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർമാനായി ഒരുസമിതിയുണ്ടാക്കി. സമിതിക്ക് ജനകീയാസൂത്രണ പ്രസ്ഥാനം എന്നവർ പേരിട്ടു. യു.ഡി.എഫിലെ പ്രമുഖകക്ഷികൾ പോലും അതിനോട് സഹകരിക്കാതെ മാറിനിന്നു. അതെസമയം അധികാരവികേന്ദ്രീകരണത്തിനാവശ്യമായ നിയമനിർമ്മാണം നടത്തിയതും, 1995 ൽ ആദ്യതിരഞ്ഞെടുപ്പിന് നേതൃത്വംകൊടുത്തതും 1995 ഒക്ടോബർ 2 ന് അധികാര കൈമാറ്റഉത്തരവ് നൽകിയതും തദ്ദേശ ഭരണകൂടങ്ങൾക്ക് ആദ്യഘട്ട പ്രവർത്തനത്തിന് കോടിക്കണക്കിന് രൂപ അൺടൈഡ് ഫണ്ട് അനുവദിച്ചതും യു.ഡി.എഫ് സർക്കാരായിരുന്ന എന്ന കാര്യം പലരും മറന്നുപോയി. എന്നാൽ മുസ്‌ലിം ലീഗ് എല്ലാകാര്യങ്ങളിലും ഇടപെടുകയും പ്രസ്ഥാനവുമായി സഹകരിക്കുകയും ചെയ്തു. എന്നെ പോലുള്ള ധാരാളം പ്രവർത്തകർ കെ.ആർ.പിമാരായും, എസ്. ആർ.ജി മെമ്പർമാരായുമൊക്കെ പ്രവർത്തിച്ചത് പാർട്ടി കൈകൊണ്ട നിലപാടിന്റെ ഭാഗമായിരുന്നു. ഇത്തരം ഘട്ടങ്ങളിൽ കുട്ടി അഹമ്മദ് കുട്ടിയുടെ നിലപാടുകൾക്കും അഭിപ്രായങ്ങൾക്കുംവലിയ പ്രധാന്യമാണ മുസ്‌ലിം ലീഗ് പാർട്ടി നൽകിയിരുന്നത് എന്നാണ്ഞാൻ മനസ്സിലാക്കിയത്.

അകാലത്തിൽ അദ്ദേഹം നമ്മെവിട്ടു പിരിഞ്ഞു എന്ന് പറയാൻ നമുക്കാകില്ല. എല്ലാവരുംദൈവം നിശ്ചയിക്കപ്പെട്ട സമയത്ത്തന്നെയാണ് വിടപറയുന്നത്. അദ്ദേഹം തന്നിട്ടുപോയ നല്ല ഓർമകൾ നമ്മെ മുന്നോട്ടു നയിക്കണം. പരിസ്ഥിതിയെക്കുറിച്ച് ഗൗരവമായിചിന്തിക്കേണ്ട സമയമാണിത്. വയനാട് ദുരന്തസമയത്ത് ഒരു പ്രസ്ഥാവന നൽകുന്നതിനെക്കുറിച്ച് ആലോചിക്കാനാണ്ഞാനദ്ദേഹത്തെ അവസാനമായിവിളിക്കുന്നത്. 'സലീമെ എനിക്ക് വയനാട്ടിലേക്ക്യാത്രചെയ്യാനാവില്ല, ശരീരത്തിന് നല്ല സുഖമില്ല'. അതായിരുന്നു അദ്ദേഹത്തിന്റെ അവസാന വാക്കുകൾ. രോഗാവസ്ഥയിലും വയനാട്ടിലേക്ക് പോകാനാകാത്തതിലെ പ്രയാസമായിരുന്നു അദ്ദേഹം പങ്കുവെച്ചത്. നന്മയാർന്ന ആ മനസ്സിനെ നാഥൻ സ്വീകരിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(ലേഖകൻ മുസ്‌ലിം ലീഗ് പരിസ്ഥിതി സംരക്ഷണ സമിതി സംസ്ഥാന കൺവീനർ)

ദേശീയരംഗത്ത് ചുവടുറപ്പിക്കാൻ എസ്.ടി.യു

അഹമ്മദ് കുട്ടി ഉണ്ണികുളം

മൈസൂരു ബെന്നിമണ്ഡപിലുള്ള പ്രസ്റ്റീജ് കൺവെൻഷൻ സെന്ററിൽ (ജാഫറുല്ല മുല്ലാനഗർ) ഇന്ന് എസ്.ടി.യു.വിന്റെ ദേശീയ വർക്കിംഗ് കമ്മിറ്റി മീറ്റ് നടക്കുമ്പോൾ തൊഴിലാളി സമൂഹം മാത്രമല്ല, കോർപ്പറേറ്റ് വൽക്കരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ ശ്വാസം മുട്ടുന്ന ജനകോടികൾക്ക് അതൊരു പ്രത്യാശയാണ്. കേരളം, തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി, തെലുങ്കാന, മഹാരാഷ്ട്ര, പ.ബംഗാൾ, യു.പി, ആസ്സാം എന്നീ ഒമ്പതു സംസ്ഥാനങ്ങളിൽ നിന്നായി 100 പ്രതിനിധികൾ സംബന്ധിക്കുന്ന സമ്മേളനം എസ്.ടി.യു ദേശീയ രംഗത്ത് കൂടുതൽ ചുവട് ഉറപ്പിക്കുന്നതിനുള്ള ഊർജ്ജം സംഭരിക്കും.

എസ്.ടി.യു ദേശീയ എക്സിക്യൂട്ടീവ് ഇന്ന് മൈസുരുവിൽ

2016 ജനുവരി 30ന് കോയമ്പത്തൂരിൽ വെച്ചാണ് സ്വതന്ത്ര ട്രേഡ് യൂനിയൻ ദേശീയ കമ്മിറ്റി നിലവിൽ വന്നത്. 2022 സപ്തംബർ മൂന്നിന് ചെന്നൈയിൽ ചേർന്ന മുസ്‌ലിംലീഗ് നാഷണൽ എക്സിക്യൂട്ടീവ് യോഗം ഒഴിവുവന്ന ദേശീയ പ്രസിഡണ്ട് സ്ഥാനത്തേക്ക് അഹമ്മദ് കുട്ടി ഉണ്ണികുളത്തെ നിർദ്ദേശിക്കുകയും ഒക്ടോബർ രണ്ടിന് ചെന്നൈയിൽ ചേർന്ന എസ്.ടി.യു സെക്രട്ടറിയേറ്റ് എക്സിക്യൂട്ടീവ് യോഗം അതംഗീകരിച്ച് പ്രവർത്തനനിരതമാവുകയും ചെയ്തു. വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് എം.എം ഹമീദിനെയും സെക്രട്ടറി സ്ഥാനത്തേക്ക് ഉമ്മർ ഒട്ടുമ്മൽ, വി.എ.കെ. തങ്ങൾ എന്നിവരെ നിയോഗിക്കുകയും ചെയ്തു. ഇപ്പോൾ 37 അംഗ സെക്രട്ടറിയേറ്റും അതിനെ തുടർന്ന് വർക്കിംഗ് കമ്മിറ്റിയുമാണ് സംഘടനയെ നയിക്കുന്നത്.

രാജ്യത്ത് എസ്.ടി.യു ഏറ്റവും സാധ്യതയുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനമാണ്. തൊഴിലാളി സമൂഹം മതരാഷ്ട്രീയജാതി ചിന്തകൾക്ക് അതീതമായി സംഘടിക്കണമെന്ന കെ.എം. സീതിസാഹിബിന്റെ നിലപാടിന്റെ പ്രായോഗിക രൂപമാണിത്. അല്ലെങ്കിൽ സാക്ഷാത്ക്കാരമാണ്. 1957 മെയ് അഞ്ചിന് ഇ.എസ്.എം ഹനീഫ ഹാജി പ്രസിഡണ്ടായി പ്രഥമ സ്റ്റേറ്റ് കമ്മിറ്റി കോഴിക്കോട്ട് നിലവിൽ വന്നത്തൊട്ട് 67 വർഷമായി സംഘടന അഭംഗുരം പ്രവർത്തിക്കുകയാണ്. ഹനീഫ ഹാജിയെ തുടർന്ന് കെ. അവുക്കാദർകുട്ടി നഹ, പി.കെ ഉമ്മർ ഖാൻ, കെ.കെ.എസ് തങ്ങൾ, കെ.കെ അബു സാഹിബ്, അഡ്വ.കെ.എൻ ഖാദർ, ചെർക്കളം അബ്ദുള്ള, അഹമ്മദ്കുട്ടി ഉണ്ണികുളം, അഡ്വ.എം. റഹ്മത്തുല്ല എന്നീ പ്രസിഡണ്ടുമാരിലൂടെയാണ് സംഘടന തുടരുന്നത്.

കേരളത്തിന് പുറത്തേക്ക് സംഘടന വ്യാപിപ്പിക്കാൻ 1961ൽ വലിയ ശ്രമമുണ്ടായി. കെ. ഹസ്സൻഗനി എം.എൽ.എയുടെയും നാട്ടിക മജീദ് സാഹിബിന്റെയും നേതൃത്വത്തിൽ ഇന്ത്യൻ സ്വതന്ത്ര ട്രേഡ് യൂനിയൻ

അംബേദ്കറെ അവഹേളിച്ചു

ന്യൂഡൽഹി: പ്രധാനമന്ത്രി മോദിയുടെ 'സാമുദായിക സിവിൽ കോഡ്' പരാമർശം ഭരണഘടനാ ശിൽപി ഡോ. ബി.ആർ. അംബേദ്കറോടുള്ള കടുത്ത അവഹേളനമാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ്. മോദിയുടെ കൊള്ളരുതായ്മക്കും ചരിത്രത്തെ അപകീർത്തിപ്പെടുത്തുവാനുള്ള കഴിവിന് അതിരുകളില്ല. ചെങ്കോട്ടയിൽ അത് പൂർണ തോതിൽ പ്രദർശിപ്പിച്ചു. നമുക്ക് ഇതുവരെയുള്ളത് 'സാമുദായിക സിവിൽ കോഡ്' ആണെന്ന് പറയുന്നത് ഹിന്ദു വ്യക്തിനിയമങ്ങളിൽ പരിഷ്കാരം കൊണ്ടുവന്ന ഡോ. അംബേദ്കറോടുള്ള കടുത്ത അവഹേളനമാണ്. ഈ പരിഷ്കാരം ആർ.എസ്.എസും ജനസംഘവും എതിർത്തിരുന്നു.

ബി.ജെ.പി തോൽവി ഭയക്കുന്നു

ലക്നൗ: ഉത്തർപ്രദേശിലെ പത്ത് മണ്ഡലങ്ങളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ ബി.ജെ.പി തോൽവി ഉറപ്പിച്ചതായി സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. അവർക്ക് ഒരു സീറ്റ് പോലും നേടാനാകില്ല. വോട്ടെടുപ്പിൽ അട്ടിമറി നടത്താൻ വേണ്ടിയാണ് മുസ്‌ലിം, യാദവ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ചുമതലകളിൽ നിന്ന് മാറ്റിയത്. ഉദ്യോഗസ്ഥരെ പുറത്താക്കിയും മറ്റും ബി.ജെ.പി എത്ര നാടകം കളിച്ചാലും അനിവാര്യമായ തോൽവി അവർക്ക് ഒഴിവാക്കാനാകില്ല. തിരഞ്ഞെടുപ്പിൽ കൃത്രിമം കാണിക്കാനാണ് നീക്കമെങ്കിൽ ജനങ്ങൾ മറുപടി നൽകും. തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത് ഗൗരവമായി കാണേണ്ടതുണ്ട്.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

ഗെയിമിങ് ആപ്പ് വഴി 400 കോടിയുടെ തട്ടിപ്പ്; നാല് പേർ അറസ്റ്റിൽ

കൊൽക്കത്ത: ചൈനീസ് ഗെയിമിങ് ആപ്പ് വഴി 400 കോടിയുടെ തട്ടിപ്പ് നടത്തിയ സംഭവത്തിൽ നാല് പേരെ ഇ.ഡി അറസ്റ്റ് ചെയ്തു. അരുൺ സാഹു, അലോക് സാഹു, ചേതൻ പ്രകാശ്, ജോസഫ് സ്റ്റാലിൻ എന്നിവരാണ് കൊൽക്കത്തയിൽ പിടിയിലായത്. ഫീവിൻ എന്ന ആപ്പിലൂടെയാണ് ഇവർ തട്ടിപ്പു നടത്തിയത്. ഓൺലൈനിൽ ഗെയിം കളിക്കുന്നവർക്ക് പണം നഷ്ടമായെന്ന പരാതിയിൽ അജ്ഞാതർക്കെതിരെ കൊൽക്കത്തയിലെ കോസിപുർ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ തുടരന്വേഷണമാണ് വമ്പൻ തട്ടിപ്പ് പുറത്തുകൊണ്ടുവന്നത്. ആപ്പ് വഴി തട്ടിയെടുത്ത പണം പിന്നീട് വിവിധ ബിനാൻസ് (അഗോള ക്രിപ്റ്റോ എക്സ്ചേഞ്ച്) വാലറ്റുകളിലേക്ക് മാറ്റുകയായിരുന്നു. ചൈനീസ് പൗരന്മാരാണ് ഈ അക്കൗണ്ടുകളുടെ ഉടമകൾ. ഇവർ അറസ്റ്റിലായവരുമായി ടെലഗ്രാം ആപ്പ് വഴി നിരന്തരം ആശയവിനിമയം നടത്തിയതായും കണ്ടെത്തി. തട്ടിപ്പിന് ഇരയായവർക്ക് ടെലഗ്രാമിലൂടെയാണ് ഇവർ നിർദേശങ്ങൾ നൽകിയത്. റീചാർജ് എന്ന പേരിൽ പണം നിക്ഷേപിക്കാൻ നിർദേശിക്കുകയും ഇതിന്റെ കമീഷനെന്ന നിലയിൽ കുറച്ചു പണം നൽകുകയുമാണ് ചെയ്യുന്നത്. വലിയ തുക അക്കൗണ്ടിൽനിന്ന് ട്രാൻസ്ഫർ ആകുന്നതോടെ പിന്നീട് ഇവർ ടെലഗ്രാമിൽ പ്രതികരിക്കാതാവുന്നു. അറസ്റ്റിലായ ജോസഫ് സ്റ്റാലിൻ ചെന്നൈ സ്വദേശിയും സോഫ്റ്റ്‌വേർ എൻജിനീയറുമാണ്. ഇയാൾ ചൈനീസ് പൗരനായ പൈ പെൻഗ്യൂൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്റ്റുഡിയോ 21 എന്ന കമ്പനിക്കു വേണ്ടിയാണ് ജോലി ചെയ്തിരുന്നത്.

ഐ.എസ്.ആർ.ഒ ഭൗമ നിരീക്ഷണ ഉപഗ്രഹം ഭ്രമണപഥത്തിൽ

ശ്രീഹരിക്കോട്ട: ഐ.എസ്.ആർ.ഒയുടെ ഏറ്റവും പുതിയ ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്- 08ന്റെ വിക്ഷേപണം പൂർണ വിജയം. ഇന്നലെ രാവിലെ 9.17ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്നാണ് ചെറു റോക്കറ്റായ എസ്എസ്എൽവിഡി 3 വിക്ഷേപിച്ചത്. 14 മിനിറ്റിനുള്ളിൽ ഉപഗ്രഹത്തെ നിശ്ചിത ഭ്രമണപഥത്തിൽ എത്തിച്ചു. ഇലക്ട്രോ ഒപ്റ്റിക്കൽ ഇൻഫ്രാറെഡ്, ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റംറിഫ്ലെക്റ്റോമെട്രി, എസ്ഐസിയുവി ഡോസിമീറ്റർ എന്നീ ശാസ്ത്രീയ പരീക്ഷണ ഉപകരണങ്ങളാണ് (പേലോഡ്) ഉപഗ്രഹത്തിലുള്ളത്. പാരിസ്ഥിതിക നിരീക്ഷണം സാധ്യമാക്കി പ്രകൃതി ദുരന്തങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ സാധിക്കുന്നതാണ് ഏകദേശം 175.5 കിലോഗ്രാം ഭാരമുള്ള ഇഒഎസ്08. മൈക്രോസാറ്റ്/ഐ എം എസ് 1 ബസിൽ നിർമിച്ച ഇ.ഒ.എസ് 08ൽ മൂന്ന് പ്രധാന പേലോഡുകളാണ് വഹിക്കുന്നത്.

ജമ്മു കശ്മീർ പൊലീസിൽ അഴിച്ചുപണി

ന്യൂഡൽഹി: നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ജമ്മു കശ്മീർ പൊലീസ് തലപ്പത്ത് വൻ അഴിച്ചുപണി. 200 ഓളം ഉന്നത ഉദ്യോഗസ്ഥരെയാണ് പുനഃസംഘടിപ്പിക്കുന്നത്. നിരവധി ജില്ലാ പൊലീസ് മേധാവികളെ മാറ്റി നിയമിക്കുകയും മുതിർന്ന പൊലീസുകാരെ സ്ഥലം മാറ്റുകയും ചെയ്തു. കൂടാതെ പൊലീസ് ഇന്റലിജൻസ് വിഭാഗത്തിനും പുതിയ മേധാവിയും ഉണ്ടാകും. ജമ്മു, റംബാൻ, കത്വ, റിയാസി, ഉധംപൂർ, ദോഡ, പൂഞ്ച് ജില്ലകളിലും കശ്മീർ താഴ്‌വരയിലെ ഷോപിയാൻ, ഗന്ദർബാൽ എന്നിവിടങ്ങളിലും പുതിയ പൊലീസ് മേധാവികളെ നിയമിക്കും.

ചെങ്കോട്ടയിൽ പ്രധാനമന്ത്രിയുടെ രാഷ്ട്രീയ പ്രസംഗം; വിവാദം

■ ഏകീകൃത സിവിൽകോഡും ഒറ്റ തിരഞ്ഞെടുപ്പും അനിവാര്യമെന്ന്

വിമർശനവുമായി കോൺഗ്രസ്

ന്യൂഡൽഹി: സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ രാജ്യത്തെ അഭിസംബോധന ചെയ്യവെ ബി.ജെ.പിയുടെ പ്രഖ്യാപിത നയങ്ങൾ നടപ്പിലാക്കുമെന്ന സൂചനയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മതത്തിന്റെ പേരിൽ രാജ്യത്തെ വിഭജിക്കുന്ന നിയമങ്ങൾക്ക് ആധുനിക സമൂഹത്തിൽ സ്ഥാനമില്ലെന്ന് പറഞ്ഞ മോദി നിലവിലെ, സിവിൽ കോഡ് വിവേചനപരമാണെന്ന് രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾക്ക് തോന്നുന്നുവെന്നും പറഞ്ഞു. അതിനാൽ, ഏകീകൃത സിവിൽ കോഡ് നടപ്പാക്കേണ്ടത് നമ്മുടെ കടമയാണെന്നും മോദി പറഞ്ഞു. ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ സുപ്രീം കോടതി നടത്തിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾക്ക് നിലവിലെ സിവിൽ കോഡ് വിവേചനപരമാണെന്ന് തോന്നുന്നു. ഭരണഘടനാ നിർമാതാക്കളുടെ സ്വപ്നമായിരുന്നു ഇത്. സുപ്രീം കോടതിയും ഭരണഘടനയും ഇതേ കാര്യം തന്നെ നമ്മോട് പറയുന്നു. അത് നിറവേറ്റേണ്ടത് തങ്ങളുടെ കടമയാണ്. വിഷയം ചർച്ച ചെയ്യേണ്ടതുണ്ട്. എല്ലാവരും അവരുടെ അഭിപ്രായങ്ങളുമായി മുന്നോട്ട് വരണം. മതത്തിന്റെ പേരിൽ രാജ്യത്തെ വിഭജിക്കുന്ന നിയമങ്ങൾ ഇല്ലാതാക്കണം. ആധുനിക സമൂഹത്തിൽ അവയ്ക്ക് സ്ഥാനമില്ല. കാലം മതേതര സിവിൽ കോഡ് ആവശ്യപ്പെടുന്നു. ഇതോടെ, മതപരമായ വിവേചനങ്ങളിൽ നിന്നും നാം സ്വതന്ത്രരാകുമെന്നും മോദി കൂട്ടിച്ചേർത്തു.

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ മുസ്‌ലിം വിരുദ്ധ പ്രസംഗം തുടർച്ചയായി നടത്തിയ ആള് കൂടിയാണ് പ്രധാനമന്ത്രി മോദി. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് നയത്തെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. ഇടയ്ക്കിടെയുള്ള തിരഞ്ഞെടുപ്പുകൾ രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്നു. മൂന്നു മുതൽ ആറു മാസത്തിനിടെ എവിടെയെങ്കിലും തിരഞ്ഞെടുപ്പ് നടക്കുന്നു. ഇതോടെ, എല്ലാ പ്രവർത്തനങ്ങളും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടിരിക്കും. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് നയത്തിനായി രാജ്യം മുന്നോട്ട് വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സ്വാതന്ത്ര്യ ദിന പ്രസംഗം പോലും രാഷ്ട്രീയ പ്രസംഗമാക്കിയ മോദിയുടെ നിലപാടിനെതിരെ ഇതിനോടകം തന്നെ വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. അതേ സമയം മോദിയുടെ ചെങ്കോട്ട പ്രസംഗത്തിനെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് രംഗത്തെത്തി. ചരിത്രത്തെ വികലമാക്കാനും തെറ്റിദ്ധരിപ്പിക്കാനുമുള്ള ജൈവികമല്ലാത്ത പ്രധാനമന്ത്രിയുടെ കഴിവ് എല്ലാവർക്കും അറിവുള്ളതാണ്. ചെങ്കോട്ടയിൽ അതിന്റെ മുഴുവൻ ഷോയാണ് കണ്ടത്. അദ്ദേഹം പറയുന്നു ഇപ്പോൾ നമുക്കുള്ളത് വർഗീയ സിവിൽ കോഡാണെന്ന്. ഇത് ഡോ. അംബേദ്കറിനെ അപമാനിക്കുന്നതാണ്.

ഹിന്ദു വ്യക്തി നിയമത്തെ പരിഷ്കരിച്ച നേതാവാണ് അംബേദ്കർ. ഇതിനെ എതിർത്തവരാണ് ആർ.എസ്.എസും ജനസംഘവുമെന്നും കോൺഗ്രസ് നേതാവ് ജയറാം രമേശ് പറഞ്ഞു.

സ്വാതന്ത്ര്യദിനാഘോഷം; പ്രതിപക്ഷ നേതാവിന് സീറ്റ് പിൻനിരയിൽ

ന്യൂഡൽഹി: ചെങ്കോട്ടയിലെ സ്വാതന്ത്ര്യ ദിനാഘോഷത്തിനിടെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ അപമാനിച്ച് കേന്ദ്ര സർക്കാർ. കേന്ദ്ര മന്ത്രിമാർക്കും വിശിഷ്ടാതിഥികൾക്കും പിന്നിലായാണ് രാഹുലിന് ഇരിപ്പിടം നൽകിയത്. വിഷയത്തിൽ, സാമൂഹിക മാധ്യമങ്ങളിൽ വിമർശനമുയർന്നു.

മന്ത്രിമാരായ നിർമലാ സീതാരാമൻ, ശിവരാജ് സിങ് ചൗഹാൻ, അമിത് ഷാ, എസ്. ജയ്ശങ്കർ എന്നിവരായിരുന്നു മുൻനിരയിൽ. എന്നാൽ, ക്യാബിനറ്റ് പദവിയുള്ള ലോക്സഭാ പ്രതിപക്ഷ നേതാവിന് പിന്നിൽ നിന്നും രണ്ടാമത്തെ നിരയിലായിരുന്നു സീറ്റ്. മലയാളി ഹോക്കി താരം പി.ആർ. ശ്രീജേഷ്, മനു ഭാകർ, സരബ്ജോദ് സിങ് തുടങ്ങിയ ഒളിംപിക്സ് മെഡൽ ജേതാക്കൾക്കൊപ്പമായിരുന്നു രാഹുലിന്റെ ഇരിപ്പിടം. ഒളിംപിക് താരങ്ങൾക്ക് ഇരിപ്പിടം ഒരുക്കുന്നതിനാണ് ഇങ്ങനെ ക്രമീകരിച്ചതെന്നാണ് വിശദീകരണം.

ചെങ്കോട്ടയിലെ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഹോക്കി താരങ്ങൾക്കൊപ്പം പിൻനിരയിലെ സീറ്റിൽ

ബി.ജെ.പിക്കും സിപി.എമ്മിനും എതിരെ മമത

കൊൽക്കത്ത: ആ.ജി കർ മെഡിക്കൽ കോളജിൽ ആക്രമണം നടത്തിയത് സി.പി.എം, ബി.ജെ.പി പ്രവർത്തകരാണെന്ന് മുഖ്യമന്ത്രി മമത ബാനർജി. ആശുപത്രിക്ക് മുന്നിൽ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്ക് ഇതിൽ ഒരു പങ്കുമില്ലെന്നും ഗവർണറുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം മമതയുടെ പ്രതികരിച്ചു. അക്രമികളെല്ലാം പുറത്ത് നിന്നും എത്തിയവരാണ്. ആശുപത്രി പരിസരത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസുകാരെ താൻ അഭിനന്ദിക്കുകയാണ്. അവർ ഒരിക്കലും ക്ഷമ നഷ്ടപ്പെടുത്തിയില്ല. അവർ ആരെയും ഉപദ്രവിച്ചില്ല- അവർ പറഞ്ഞു.

വനിതാ ഡോക്ടറുടെ കൊലപാതകം

പ്രതിഷേധം കത്തുന്നു

കൊൽക്കത്ത: പശ്ചിമ ബംഗാളിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധം ആളിക്കത്തുന്നു. സംസ്ഥാനത്ത് പലയിടങ്ങളിലും ബി.ജെ.പി പ്രവർത്തകർ പൊലീസുമായി ഏറ്റുമുട്ടി. കൊൽക്കത്ത സി.ജി.ഒ കോംപ്ലക്സിന് പുറത്ത് സംഘർഷമുണ്ടാക്കിയ ബി.ജെ.പിക്കാരെ പൊലീസ് കസ്റ്റഡിയിലെടുത്തു. മുഖ്യമന്ത്രി മമത ബാനർജി രാജി വെക്കണമെന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

എന്നാൽ വിഷയം ബി.ജെ.പി രാഷ്ട്രീയവത്കരിക്കുകയാണെന്ന് തൃണമൂൽ കോൺഗ്രസ് തിരിച്ചടിച്ചു. സംസ്ഥാനത്ത് എസ്.യു.സി.ഐ ആഹ്വാനം ചെയ്ത 12 മണിക്കൂർ പണിമുടക്ക് കാര്യമായ ചലനമുണ്ടാക്കിയില്ല. ഹസ്ര ഇന്റർസെക്ഷനിൽ പ്രകടനം നടത്തിയ പ്രവർത്തകരെ പൊലീസ് കസ്റ്റഡിയിലെടുത്ത് നീക്കി. അതേസമയം രാജ്യവ്യാപകമായി റസിഡന്റ് ഡോക്ടർമാർ പണമുടക്കി. സീനിയർ ഡോക്ടർമാർ ഒരു മണിക്കൂർ ജോലി ബഹിഷ്കരിച്ചു. ഇതോടെ പല സംസ്ഥാനങ്ങളിലും മെഡിക്കൽ സേവനങ്ങൾ താളം തെറ്റി. ഡൽഹിയിൽ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിനു മുന്നിലും വിവിധ ആശുപത്രികളിലെ റസിഡന്റ് ഡോക്ടർമാരും നഴ്സുമാരും പ്രതിഷേധിച്ചു. ദേശീയ പതാകയുമേന്തി ആയിരത്തോളം പേരാണ് പ്രതിഷേധത്തിനെത്തിയത്. രാജസ്ഥാനിലെ സവായ് മാൻ സിംഗ് (എസ്എംഎസ്) മെഡിക്കൽ കോളേജിലെ ഡോക്ടർമാർ ജയ്പൂരിലെ സ്റ്റാച്യു സർക്കിളിലേക്ക് റാലി നടത്തി. പറ്റ്ന ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഡൽഹി എയിംസ്, ആന്ധ്രാ പ്രദേശിലെ എയിംസ് തുടങ്ങി രാജ്യത്തെ പ്രമുഖ ആശുപത്രികളിലെല്ലാം പ്രതിഷേധം നടന്നു. കേരളത്തിലെ മെഡിക്കൽ കോളജുകളിലെ ജൂനിയർ ഡോക്ടർമാരും ഇന്നലെ പണിമുടക്കി. വാർഡ് ഡ്യൂട്ടിയും ഒപിയും ബഹിഷ്ക്കരിച്ചായിരുന്നു പണിമുടക്ക്.

ഡൽഹിയിലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിനു മുന്നിൽ റസിഡന്റ് ഡോക്ടർമാരും നഴ്സുമാരും നടത്തിയ പ്രതിഷേധം

മെഡിക്കൽ കോളജ് ആക്രമിച്ചു; 19 പേർ അറസ്റ്റിൽ

കൊൽക്കത്ത: വനിത ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട കൊൽക്കത്തയിലെ ആർ.ജി കർ മെഡിക്കൽ കോളജ് അടിച്ചുതകർത്ത സംഭവത്തിൽ 19 പേർ അറസ്റ്റിൽ. ഇവരെ സിറ്റി കോടതി ഈമാസം 22 വരെ പോലീസ് കസ്റ്റഡിയിൽ വിട്ടു. സമൂഹമാധ്യങ്ങളിൽ പ്രചരിച്ച ദൃശ്യങ്ങളിൽ നിന്നാണ് പ്രതികളെ തിരിച്ചറിഞ്ഞത്.

ബാക്കിയുള്ള പ്രതികളെ തിരിച്ചറിയുന്നതിനായി നടപടി തുടരുകയാണെന്നും കൂടുതൽ അറസ്റ്റ് ഉടനുണ്ടാകുമെന്നും കൊൽക്കത്ത പൊലീസ് അറിയിച്ചു. വ്യാഴാഴ്ച പുലർച്ചെയാണ് അജ്ഞാതർ ആശുപത്രിയിലേക്ക് അതിക്രമിച്ച് കയറി ആക്രമണം നടത്തിയത്. പൊലീസ് സ്ഥാപിച്ച ബാരിക്കേഡുകൾ മറികടന്ന് ആശുപത്രിയുടെ അകത്ത് കടന്ന സംഘം എമർജൻസി വാർഡ്, നഴ്സിംഗ് സ്റ്റേഷൻ, മെഡിസിൻ സ്റ്റോർ, ഔട്ട്പേഷ്യന്റ് വിഭാഗം എന്നിവിടങ്ങളിലെ ചെയറുകളും മറ്റ് ഉപകരണങ്ങളും അടിച്ചുതകർത്തു. എമർജൻസി വാർഡ് പൂർണമായും അക്രമികൾ തകർത്തിട്ടുണ്ട്. ആശുപത്രിക്ക് പുറത്ത് പാർക്ക് ചെയ്ത പൊലീസ് വാഹനങ്ങളും തകർത്തിട്ടുണ്ട്. അക്രമത്തിൽ പൊലീസുകാർ ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേറ്റിരുന്നു.

ചട്ടവിരുദ്ധമായി വരുമാനം നേടി; സെബി മേധാവിക്ക് വീണ്ടും കുരുക്ക്

ന്യൂഡൽഹി: ഓഹരി വിപണി നിയന്ത്രണ ഏജൻസിയായ സെബിയുടെ മേധാവി മാധബി ബുച്ചിന് വീണ്ടും കുരുക്ക് മുറുകുന്നു. സെബിയുടെ ഭാഗമായി പ്രവർത്തിച്ച കഴിഞ്ഞ ഏഴു വർഷത്തിനിടെ ചട്ടവിരുദ്ധമായി മറ്റൊരു കമ്പനിയിൽ നിന്നും വരുമാനം നേടിയിരുന്നുവെന്നാണ് പുതിയ റിപ്പോർട്ട്.

2017ൽ മാധബി പുരി ബുച്ച് സെബിയിൽ അംഗമായും പിന്നീട് 2022 മാർച്ചിൽ മേധാവിയായും തുടരുകയാണ്. ഈ കാലയളവിൽ അഗോറ അഡ്വൈസറി പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തിൽ നിന്നും 3.71 കോടി (4,42,025 ഡോളർ) സമ്പാദിച്ചതായി കണ്ടെത്തി. സ്ഥാപനത്തിന്റെ 99 ശതമാനവും ഓഹരിയും ബുച്ചിന്റെ പേരിൽ തന്നെയാണ്. എന്നാൽ, പുറത്തുവിട്ട രേഖകൾ പ്രകാരം ഈ വരുമാനത്തിന് അദാനി ഗ്രൂപ്പുമായി ബന്ധിപ്പിക്കുന്ന ഒരു വിവരങ്ങളൊന്നുമില്ലെന്നും റോയിട്ടേഴ്സ് വ്യക്തമാക്കി.

2008 ലെ സെബി നിയമങ്ങൾ അനുസരിച്ച്, ഒരു ഉദ്യോഗസ്ഥനും ലാഭമോ ശമ്പളമോ മറ്റ് പ്രൊഫഷണൽ ഫീസോ ലഭിക്കുന്ന അത്തരം ഒരു തസ്തികയിൽ വഹിക്കാൻ കഴിയില്ലെന്നാണ് ചട്ടം. കൺസൾട്ടൻസി സ്ഥാപനത്തെക്കുറിച്ചുള്ള വിവരം സെബിക്ക് നൽകിയതായി ഹിൻഡൻബർഗ് റിപ്പോർട്ടിന് ശേഷം മാധബി പുരി ബുച്ച് പറഞ്ഞിരുന്നു. 2019 ൽ, യൂണിലിവറിൽ നിന്ന് വിരമിച്ചതിന് ശേഷം ഭർത്താവ് ഈ കൺസൾട്ടൻസി ബിസിനസ്സ് കൈകാര്യം ചെയ്യുകയായിരുന്നു.

മാധബി ബുച്ചിനും ഭർത്താവ് ധാവൽ ബുച്ചിനും അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട് രഹസ്യ വിദേശ നിക്ഷേപ പങ്കാളിത്തമുണ്ടെന്ന് ഹിൻഡൻബർഗ് റിപ്പോർട്ട് വിവാദമായിരുന്നു.

ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ നഴ്സിനെ പീഡിപ്പിച്ച് കൊന്നു; പ്രതി പിടിയിൽ

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ സ്വകാര്യ ആശുപത്രിയിലെ നഴ്സായ യുവതിയെ ബലാത്സംഗം ചെയ്ത് കൊന്നു. ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുംവഴിയാണ് ഇവർ പീഡനത്തിനിരയായത്. ജൂലൈ 30ന് ആശുപത്രിയിൽ നിന്ന് മടങ്ങിയ യുവതിയെ കാണാനില്ലെന്ന് കാണിച്ച് പിറ്റേദിവസം സഹോദരി പരാതി നൽകുകയായിരുന്നു.

പിന്നീട് പൊലീസ് നടത്തിയ അന്വേഷണത്തിൽ ആഗസ്റ്റ് എട്ടിന് വീടിന് ഒന്നര കിലോമീറ്റർ അകലെയുള്ള ഒഴിഞ്ഞ പറമ്പിൽ മൃതദേഹം കണ്ടെത്തി. 11കാരിയായ മകൾക്കൊപ്പമായിരുന്നു നഴ്സ് കഴിഞ്ഞുവന്നിരുന്നത്.

കൊല്ലപ്പെട്ട യുവതിയുടെ മൊബൈൽ ഫോണുമായി കടന്നകളഞ്ഞ പ്രതിയെ പൊലീസ് പിടികൂടി. ഉത്തർപ്രദേശിലെ ബറേലിയിൽനിന്നുള്ള ധർമേന്ദ്രയെ രാജസ്ഥാനിൽ നിന്നാണ് പൊലീസ് അറസ്റ്റ് ചെയ്തത്. മൊബൈൽ ഫോൺ ട്രാക്ക് ചെയ്താണ് പൊലീസ് പ്രതിയെ പിടികൂടിയത്. കൂലിപ്പണിക്കാരനാണ് ഇയാൾ. സംഭവദിവസം മദ്യലഹരിയിലായിരുന്ന പ്രതി യുവതിയെ അപ്പാർട്ട്മെന്റിൽ കയറുന്നതിനു മുമ്പ് ക്രൂരതക്ക് ഇരയാക്കുകയായിരുന്നു. ബലപ്രയോഗത്തിലൂടെ യുവതിയെ സമീപത്തെ കുറ്റിക്കാട്ടിലെത്തിച്ച ധർമേന്ദ്ര, ബലാത്സംഗം ചെയ്യുകയും പിന്നീട് സ്കാർഫ് ഉപയോഗിച്ച് കഴുത്തിൽ മുറുക്കി ശ്വാസംമുട്ടിച്ച് കൊല്ലുകയുമായിരുന്നു.

കൊലപാതകത്തിനു പിന്നാലെ യുവതിയുടെ പേഴ്സിൽനിന്ന് 3000 രൂപയും ഫോണും മോഷ്ടിച്ച ശേഷമാണ് പ്രതി കടന്നതെന്ന് പൊലീസ് പറഞ്ഞു.

മണ്ഡല പുനർനിർണയം വഴിമാറ്റി വരച്ച ജമ്മു കശ്മീർ

ന്യൂഡൽഹി: സംസ്ഥാന പദവിയും പ്രത്യേക പദവിയും എടുത്തുകളഞ്ഞ ശേഷം നടക്കുന്ന ആദ്യ തിരഞ്ഞെടുപ്പാണ് ഇത്തവണ ജമ്മു കശ്മീരിലേത്. ജമ്മുകശ്മീർ, ലഡാക് എന്നിങ്ങനെ രണ്ട് കേന്ദ്ര ഭരണ പ്രദേശമാക്കി വെട്ടിമുറിച്ചതിന് പിന്നാലെ ജമ്മുകശ്മീരിലെ മണ്ഡല പുനർ നിർണയവും തിരഞ്ഞെടുപ്പിനെ സങ്കീർണമാക്കുന്നുണ്ട്.

2020 മാർച്ചിൽ മണ്ഡല പുനർ നിർണയത്തിനായി നിയമിച്ച കമ്മീഷൻ 2022ലാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഇതനുസരിച്ച് ജമ്മുവിൽ ആറ് പുതിയ മണ്ഡലങ്ങളും കശ്മീരിൽ ഒരു മണ്ഡലവും നിലവിൽ വന്നു. 2011ലെ സെൻസസ് കണക്കുകൾക്കനുസരിച്ചാണ് മണ്ഡലം പുനർ നിർണയിച്ചത്. ഇതനുസരിച്ച് കശ്മീർ മേഖലയിൽ 47 മണ്ഡലങ്ങളും ജമ്മുവിൽ 43 മണ്ഡലങ്ങളുമാണുള്ളത്. ജമ്മുകശ്മീരിന്റെ ചരിത്രത്തിലാദ്യമായി എസ്.ടി വിഭാഗത്തിനായി ഒൻപത് സംവരണ മണ്ഡലം മാറ്റിവെക്കുകയും ചെയ്തു. ഏഴ് മണ്ഡലങ്ങൾ എസ്.സി സംവരണ മണ്ഡലമായും നിർണയിച്ചിട്ടുണ്ട്. 24 മണ്ഡലങ്ങൾ പാക് അധീന കശ്മീരിനായി മാറ്റിവെച്ചിട്ടുണ്ടെങ്കിലും ഇതിൽ മത്സരമുണ്ടാവില്ല. പുതിയ മണ്ഡലങ്ങൾ വന്നതോടെ ജമ്മുവിലെ രാഷ്ട്രീയ സമവാക്യങ്ങൾ പൂർണമായും മാറും. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പ്രാതിനിധ്യം എന്നാണ് സംവരണത്തിനായി പറയുന്നതെങ്കിലും ഇത് രാഷ്ട്രീയപരമായി മാറ്റം ലക്ഷ്യമിട്ടാണ്.

ബി.ജെ.പിക്ക് വോട്ട് ബേസ് ഉള്ള മേഖലയായ ജമ്മുവിന് കൂടുതൽ പ്രാതിനിധ്യമാണ് യഥാർത്ഥത്തിൽ മണ്ഡല പുനർ നിർണയം വഴി ലക്ഷ്യമിട്ടത്. കശ്മീരി കുടിയേറ്റ വിഭാഗത്തിനും നിയമസഭയിൽ അവസരം നൽകിയിട്ടുണ്ട്. ജമ്മുകശ്മീർ പുനസംഘന ഭേദഗതി ബിൽ 2023 പ്രകാരം ലഫ്.ഗവർണർക്ക് മൂന്ന് അംഗങ്ങളെ നിയമസഭയിലേക്ക് നോമിനേറ്റ് ചെയ്യാനാകും. ഇതും ബി.ജെ.പിയെ സഹായിക്കാനാണ്.

2014ലെ കക്ഷിനില
ആകെ സീറ്റ്- 90
പി.ഡി.പി- 28
ബി.ജെ.പി- 25
എൻ.സി- 15
കോൺഗ്രസ്- 12

ഹരിയാനയിൽ ബി.ജെ.പി വിയർക്കും; കരുത്താർജ്ജിച്ച് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ട് മാസത്തിനു ശേഷം നിയമസഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഹരിയാനയിൽ ഭരണകക്ഷിയായ ബി.ജെ.പി ഇത്തവണ നേരിടുന്നത് സമാനതകളില്ലാത്ത വെല്ലുവിളി. ഒക്ടോബർ

മലപ്പുറം ഫുട്ബോൾ ക്ലബ്ബ് ഉദ്ഘാടനം 29ന്

മലപ്പുറം: നിപ പ്രോട്ടോകോൾ കാരണം മാറ്റിവെച്ച മലപ്പുറം ഫുട്ബോൾ ക്ലബ്ബിന്റെ ഉദ്ഘാടനം 29ന് എം.എ യൂസഫലി നിർവഹിക്കും. വൈകുന്നേരം 4 മണിക്ക് എം.എസ്.പി ഗ്രൗണ്ടിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കായികരംഗത്തെ പ്രമുഖർ പങ്കെടുക്കും. 30ന് മലപ്പുറം ഫുട്ബോൾ ക്ലബ്ബ് ഉൾപ്പെടുന്ന സൂപ്പർ ലീഗ് കേരള അംഗങ്ങൾ കൊൽക്കത്ത മുഹമ്മദൻസുമായി മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ നടക്കുന്ന പ്രദർശന ഫുട്ബോൾ മത്സരത്തിൽ നിന്നുള്ള വരുമാനം വയനാട് ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്യും.

ജില്ലാ ബധിര ചെസ് ചാമ്പ്യൻഷിപ്പ്

മലപ്പുറം: ജില്ലാ ബധിര സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 18ാമത് ജില്ലാ ബധിര ചെസ് ചാമ്പ്യൻഷിപ്പ് ഇന്ന് മലപ്പുറം എം.എസ്.പി കമ്മ്യൂണിറ്റി ഹാളിൽ നടക്കും. ജില്ലയിലെ സ്പെഷൽ സ്കൂൾ, കോളജ് താരങ്ങൾ അടക്കം 80 ഓളം പേർ പങ്കെടുക്കും. 18 വയസിന് മുകളിൽ, 18 വയസിന് താഴെ വിഭാഗങ്ങളിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ മത്സരങ്ങൾ ഉണ്ടാകും. ഈ മത്സരങ്ങളിലെ വിജയികൾ തിരുവല്ലയിൽ ഒക്ടോബറിൽ നടക്കുന്ന സംസ്ഥാന ബധിര ചെസ് ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ പ്രതിനിധീകരിക്കുന്നതായിരിക്കും.

യൂത്ത്ലീഗ് മേഖലാ സംഗമങ്ങൾ 28 ലേക്ക് മാറ്റി

മലപ്പുറം: ഇന്ന് മഞ്ചേരിയിലും തിരൂരിലും നടത്താൻ തീരുമാനിച്ച ജില്ലയിലെ യൂത്ത് ലീഗ് നിയോജക മണ്ഡലം ഭാരവാഹികൾ, പഞ്ചായത്ത് മുനിസിപ്പൽ പ്രസിഡന്റ് ജനറൽ സെക്രട്ടറിമാർ എന്നിവരുടെ യോഗം 28 ലേക്ക് മാറ്റി വെച്ചതായി ജില്ലാ മുസ്ലിം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് അറിയിച്ചു.

കേരള വാർത്തകൾ

മുൻമന്ത്രിയും മുസ്ലിംലീഗ് നേതാവുമായ കെ.കുട്ടി അഹമ്മദ്കുട്ടിയുടെ വസതി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സന്ദർശിച്ചപ്പോൾ

എം.എസ്.എം ആർട്സ് ആന്റ് സയൻസ് വിദ്യാർഥി സംസ്ഥാന സമ്മേളനം 20ന് കൊണ്ടോട്ടിയിൽ

കൊണ്ടോട്ടി: കെ.എൻ.എം വിദ്യാർഥി വിഭാഗമായ മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റ് (എം.എസ്.എം) ആർട്സ്ആന്റ്സയൻസ്വിദ്യാർഥികൾക്കായി 'സൈൻസ്' സംസ്ഥാന വിദ്യാർഥി സമ്മേളനം 20ന് കൊണ്ടോട്ടിയിൽ നടക്കും. 'കലാലയ ജീവിതം: കാലത്തോടൊപ്പം, കുടുംബത്തോടൊപ്പ' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനം വിദ്യാർഥികളെ കുടുംബാന്തരീക്ഷത്തിൽനിന്നും അകറ്റുന്ന ലിബറൽ ചിന്താഗതികളിൽ നിന്ന് സംരക്ഷിക്കുകയും, കാമ്പസുകളിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം അടക്കമുള്ള പ്രശ്നങ്ങളെ നേരിടുന്നതിനും ബോധവത്കരണം നടത്തുകയും ചെയ്യുന്നതോടൊപ്പം വിദ്യാർഥി കൂട്ടായ്മയെ പ്രോത്സാഹിപ്പിച്ച് ഉത്തമ വിദ്യാർഥി സമൂഹത്തെ വളർത്തിയെടുക്കുകയാണ് ലക്ഷ്യമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സമ്മേളനത്തിൽ വിദ്യാർഥികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ സെഷനുകൾ ഉണ്ടാകും. 20ന് രാവിലെ 9 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിന്റെ വിശദാംശം; ടെക്നോളജി കരിയർ സെഷനിൽ മുഹമ്മദ് അമീർ, ഷാഹിദ് മുസ്ലിം ഫാറൂഖി, മുഹമ്മദ് അദ്നാൻ ഡൽഹി, ഷഹീഖ് ഹസ്സൻ അൻസാരി, ഹാനി അബ്ദാസ് പ്രബന്ധങ്ങൾ അവതരിപ്പിക്കും, ഫാമിലി; പുതിയ കാല ചിന്തകൾ വൈജ്ഞാനിക സെഷനിൽ ഉനൈസ് പാപ്പിനിശ്ശേരി, അബ്ദുൽ വാജിദ് അൻസാരി,ഫഹദ് ബിൻ റഷീദ്, നാസിം പൂക്കാടഞ്ചേരി പ്രസംഗിക്കും. വിദ്യാർഥിനി സംഗമം എം.ജി.എം സംസ്ഥാന പ്രസിഡന്റ് സുഹ്റ മമ്പാട് ഉദ്ഘാടനം ചെയ്യും, ആയിഷാ സജ്ന, അഫീഹ മുഹമ്മദ് അലി കൊല്ലം, ഫർഹ ഉമർ, ഫിദാ ഫാത്തിമ പ്രസംഗിക്കും. ഉച്ചക്ക് 2 മണിക്ക് ആരംഭിക്കുന്ന ജനകീയ പ്രശ്നോത്തരിക്ക് എം.എസ്.എം സംസ്ഥാന പ്രവർത്തക സമിതി അംഗം ആദിൽ ശരീഫ് നേതൃത്വം നൽകും. ആരോഗ്യം; ഇസ്ലാമിക പാഠങ്ങൾ എന്ന സെഷനിൽ ഡോ . നിഗിൽ അബ്ദുൽ ജലാൽ മുഖ്യ പ്രഭാഷണം നടത്തും. ഖുർആനും സുന്നത്തും: അടിസ്ഥാന ജീവിത ശിലകൾ എന്ന സെഷനിൽ അനസ് മദനി, ശറഫുദ്ദീൻ സുല്ലമി പ്രബന്ധങ്ങൾ അവതരിപ്പിക്കും. വൈകുന്നേരം 3 മണിക്ക് ആരംഭിക്കുന്ന സമാപന സമ്മേളനം കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന പ്രസിഡന്റ് ടി.പി. അബ്ദുല്ല കോയ മദനി ഉദ്ഘാടനം ചെയ്യും. എം.എസ്.എം സംസ്ഥാന പ്രസിഡന്റ് അമീൻ അസ്‌ലഹ് അധ്യക്ഷനാവും. ടി.വി.ഇബ്രാഹിം എം.എൽ.എ മുഖ്യാതിഥിയാവും. വാർത്താ സമ്മേളേനത്തിൽ ടി.യൂസഫലി സലാഹി, ഷബീർ മാസ്റ്റർ കൊണ്ടോട്ടി, സുഹ്ഫി ഇംറാൻ, ബിലാൽ സലാഹുദ്ദീൻ പങ്കെടുത്തു.

വിദ്യാർത്ഥികൾ നേരിടുന്ന അക്കാദമിക പ്രതിസന്ധി പരിഹരിക്കണം: എം.എസ്.എഫ്

മലപ്പുറം: ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നേരിടുന്ന അക്കാദമിക പ്രതിസന്ധിയിൽ അടിയന്തരമായി പരിഹരിക്കണമെന്ന് എം.എസ്.എഫ്. മറ്റുള്ള സർവകലാശാലകളിലെ വിദൂര വിദ്യാഭ്യാസം നിർത്തലാക്കിയ സർക്കാർ നടപടിയിൽ പ്രതിഷേധം ശക്തമാകുമ്പോഴും ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസവും താറുമാറാക്കിയിരിക്കുകയാണ് സർക്കാർ. കാലിക്കറ്റ് സർവകലാശാല അടക്കമുള്ള സർവകലാശാലകൾക്ക് കീഴിൽ വിദൂര വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയിരുന്ന ഫീസിന്റെ ഇരട്ടിയിൽ അധികമാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളിൽനിന്ന് വാങ്ങുന്നത്. യൂണിവേഴ്സിറ്റിയുടെ അക്കാദമിക നിലവാരവും തകർന്ന അവസ്ഥയിലാണ്. രണ്ടാം വർഷം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ മൂന്ന് സെമസ്റ്റർ പരീക്ഷകൾ മാത്രമാണ് നിലവിൽ നടന്നത്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിലും വലിയ കാലതാമസം നേരിടുന്നു. ആഴ്ചകളിൽ നടക്കേണ്ട ക്ലാസുകളും സെന്ററുകളിൽ നടക്കാത്ത സാഹചര്യം നിലവിലുണ്ട്. പല കേന്ദ്രങ്ങളിലും ക്ലാസുകൾ ഒരു ദിവസം പോലും നടക്കുന്നില്ല.

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ ശതമാനം വിദ്യാർഥികളും ആശ്രയിക്കുന്നത് വിദൂര വിദ്യാഭ്യാസ സംവിധാനങ്ങളെയാണ്. എന്നാൽ ഇതിനെ താറുമാറാക്കുന്ന നടപടികളാണ് സർക്കാർ തുടരുന്നത്. കാലിക്കറ്റ് സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ സംവിധാനം സർക്കാർ പുന:സ്ഥാപിക്കണം. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ അക്കാദമിക് നിലവാരം തകർക്കുന്ന സർക്കാർ നടപടി അംഗീകരിക്കാനാവില്ലെന്ന് എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി. കെ നവാസ്, ജന:സെക്രട്ടറി സി. കെ നജാഫ് എന്നിവർ പറഞ്ഞു.

പെരുവള്ളൂർ വരപ്പാറയിൽ പരസ്പരം കൂട്ടിയിടിച്ച് തകർന്ന ബൈക്കും സ്കൂട്ടറും. അപകടത്തിൽ രണ്ടു പേർ മരിച്ചു

ദുരിതാശ്വാസ ഫണ്ടിലേക്ക് തുക കൈമാറി

മലപ്പുറം: പാരമ്പര്യ കളരി മർമ നാട്ടുവൈദ്യ ഫെഡറേഷൻ എസ്.ടി.യു ജില്ലാ കമ്മിറ്റി മുഖേന മുസ്ലിംലീഗ് വയനാട് ദുരിതാശ്വാസ ഫണ്ടിലേക്ക് സമാഹരിച്ച മുപ്പതിനായിരം രൂപ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളുടെ മകൻ സയ്യിദ് സിബ്ഖലി ശിഹാബ് തങ്ങളെ ഏൽപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ഇ.കെ കുഞ്ഞാലി, സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ ഗുരുക്കൾ ചാപ്പനങ്ങാടി, ട്രഷറർ എം.പി.എം മമ്മദ് ഗുരുക്കൾ, ജില്ലാ ഭാരവാഹികളായ പാണക്കാട് സയ്യിദ് മുത്തുപ്പ തങ്ങൾ, കെ.പി കോയാമുട്ടി ഗുരുക്കൾ, കെ. ഇസ്മായിൽ വൈദ്യർ പങ്കെടുത്തു.

പാരമ്പര്യ കളരി മർമ നാട്ടുവൈദ്യ ഫെഡറേഷൻ എസ്.ടിയു ജില്ലാ കമ്മിറ്റി മുസ്ലിംലീഗ് വയനാട് ദുരിതാശ്വാസ ഫണ്ടിലേക്ക് സമാഹരിച്ച തുക പാണക്കാട് സയ്യിദ് സിബ്ഖലി ശിഹാബ് തങ്ങളെ ഏൽപിക്കുന്നു

കോഴിക്കോട് സി.എച്ച് സെന്ററിൽ നടന്ന പി.ടി.എച്ച് നാലാം വാർഷികവും വളണ്ടിയർ സംഗമവും പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

സി.എച്ച് സെന്റർ, പൂക്കോയ തങ്ങൾ ഹോസ്പിസ് പ്രവർത്തനം വലിയ ജനപ്രീതി നേടി: റഷീദലി തങ്ങൾ

കോഴിക്കോട്: കിടപ്പു രോഗികൾക്ക് സാന്ത്വനവും സമാധാനവും സഹായവും നൽകുന്ന പൂക്കോയ തങ്ങൾ ഹോസ്പിസിന്റെയും സി.എച്ച് സെന്ററിന്റെയും പ്രവർത്തനങ്ങൾ വലിയ ജനപ്രീതി നേടിയിരിക്കുകയാണെന്നും സാധാരണക്കാർക്ക് സമാശ്വാസം നൽകുകയും കിടപ്പു രോഗികളെ സന്ദർശിച്ച് സാന്ത്വനം പകരുകയും ചെയ്ത മഹാനായ പൂക്കോയ തങ്ങളുടെ പേരിലാണ് ഈ പാലിയേറ്റീവ് പ്രവർത്തനമെന്നത് ആ പേരിനെ അന്വർത്ഥമാക്കുന്നതാണെന്നും പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ പറഞ്ഞു. കോഴിക്കോട് സി.എച്ച് സെന്ററിൽ നടന്ന പി.ടി.എച്ച് നാലാം വാർഷികവും വളണ്ടിയർ സംഗമവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സി.എച്ച് സെന്റർ പ്രസിഡന്റ് കെ.പി കോയ അധ്യക്ഷത വഹിച്ചു. ഹാഫിള് മുഹമ്മദ് ഷഫാഫിന്റെ ഖിറാഅത്തോടു കൂടി ആരംഭിച്ച പരിപാടിയിൽ മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ് സ്വാതന്ത്ര്യ ദിന സന്ദേശം നൽകി.

ജില്ലാ മുസ്ലിം ലീഗ് പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. സലാല കെ.എം.സി.സി കോഴിക്കോട് ജില്ല കമ്മിറ്റി സി.എച്ച് സെന്ററിനു നൽകുന്ന ഫ്രീസർ ഫണ്ട് ഭാരവാഹികളായ ശംസീർ, ജലീൽ എന്നിവർ റഷീദലി ശിഹാബ് തങ്ങളെ ഏൽപ്പിച്ചു. സി.എച്ച് സെന്റർ സംസ്ഥാന സബ് കമ്മിറ്റി ചെയർമാനായി നിയോഗിക്കപ്പെട്ട റഷീദലി ശിഹാബ് തങ്ങൾക്കുള്ള കോഴിക്കോട് സി.എച്ച് സെന്ററിന്റെ ഉപഹാരം പ്രസിഡന്റ് കെ.പി കോയ കൈമാറി. കോഴിക്കോട് മെഡിക്കൽ കോളജ് പി.എം.ആർ വിഭാഗം പ്രൊഫസർ ഡോ. കെ ഷഹദാദ് പാലിയേറ്റീവ് ക്ലാസിന് നേതൃത്വം നൽകി. ഹൗഖ് ട്രെയ്നിങ് കോളജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജൗഹർ മുനവ്വർ മോട്ടിവേഷണൽ സ്പീച്ച് നടത്തി. ജില്ല മുസ്ലിം ലീഗ് സെക്രട്ടറി വി.കെ ഹുസൈൻ കുട്ടി, ജില്ല വനിത ലീഗ് പ്രസിഡന്റ് ആമിന ടീച്ചർ, ജനറൽ സെക്രട്ടറി ഷറഫുന്നീസ ടീച്ചർ, സി.എച്ച് സെന്റർ ദുബായ് ചാപ്റ്റർ ട്രഷറർ പി.കെ ജമാൽ പ്രസംഗിച്ചു. സി.എച്ച് സെന്റർ ജനറൽ സെക്രട്ടറി എം.വി സിദ്ധീഖ് മാസ്റ്റർ സ്വാഗതവും സെക്രട്ടറി ഒ. ഉസ്സയിൻ നന്ദിയും പറഞ്ഞു. വിവിധ സെഷനുകളിലായി പാലിയേറ്റീവ് ചികിത്സാ രീതികളെ പരിചയപ്പെടുത്തിയുള്ള സാങ്കേതിക ക്ലാസുകൾക്ക് പി.ടി.എച്ച് സ്റ്റാഫ് നഴ്സുമാർ നേതൃത്വം നൽകി.

പാലിയേറ്റീവ് രോഗികളുടെ കൂട്ടിരിപ്പുകാർ സേവനാനുഭവങ്ങൾ പങ്കുവെച്ചു. ജില്ലയിലെ വിവിധ പാലിയേറ്റീവ് യൂണിറ്റുകളിൽ നിന്നായി അഞ്ഞൂറോളം വളണ്ടിയർമാർ സംഗമത്തിൽ പങ്കെടുത്തു.

ജീവൻ പണയം വെച്ച് രക്ഷാപ്രവർത്തനം; നഴ്സ് സബീനക്ക് ധീരതക്കുള്ള കൽപന ചൗള പുരസ്കാരം പ്രഖ്യാപിച്ച് തമിഴ്നാട്

നിലമ്പൂർ: വയനാട് മേപ്പാടി മുണ്ടക്കൈ ഉരുൾപൊട്ടലിൽ അതിസാഹസികമായി രക്ഷാപ്രവർത്തനം നടത്തി പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകിയ നഴ്സ് എ സബീനയ്ക്ക് തമിഴ്നാട് സർക്കാരിന്റെ ആദരം. തമിഴ്നാട് നീലഗിരി സ്വദേശിനിയായ സബീനക്ക് ധീരതക്കുള്ള കൽപന ചൗള പുരസ്കാരം നൽകിയാണ് തമിഴ്നാട് ആദരിക്കുന്നത്. കൽപന ചൗള പുരസ്കാരം മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ സബീനയ്ക്ക് സമ്മാനിക്കും.വയനാട് ഉരുൾപൊട്ടൽ ഉണ്ടായ ആദ്യ ദിനത്തിൽ കുത്തിയൊഴുകുന്ന മലവെള്ളപ്പാച്ചിലിന് മുകളിലൂടെ സിപ് ലൈനിൽ തൂങ്ങി മറുകരയിലെത്തിയ സബീന പരിക്കേറ്റ 35ഓളം പേർക്കാണ് പ്രാഥമിക ശുശ്രൂഷ നൽകിയത്. സിപ് ലൈനിലൂടെ മെഡിക്കൽ കിറ്റുമായി ആത്മധൈര്യത്തോടെ പുഴ കടന്ന് വെല്ലുവിളികളെ അതിജീവിച്ച് ദുരന്തബാധിതരെ പരിചരിച്ചതിനാണ് ആദരം. ആരോഗ്യ മന്ത്രിയാണ് അവാർഡ് പ്രഖ്യാപിച്ചത്.

സബീന

ഗൂഡല്ലൂരിലെ ശിഹാബ് തങ്ങൾ സെന്റർ ഫോർ ഹ്യൂമാനിറ്റി (എസ്.ടിഎസ്.എച്ച്) ഹെൽത്ത് കെയർ ആതുര സേവന വളണ്ടിയർ വിഭാഗത്തിലെ നഴ്സാണ് സബീന. ഉരുൾപൊട്ടലുണ്ടായ തറിഞ്ഞ് സ്ഥലത്തെത്തിയ എസ്.ടി. എസ്.എച്ച് പ്രവർത്തകർക്കൊപ്പം സബീനയും ഉണ്ടായിരുന്നു. മെഡിക്കൽ കിറ്റുമായി മറുകരയിലേക്ക് പോകാൻ പുരുഷ നഴ്സുമാരെ അന്വേഷിച്ചെങ്കിലും ആരുമുണ്ടായിരുന്നില്ല. തുടർന്നാണ് സബീന മറുകരയിലേക്ക് പോകാൻ തയ്യാറായത്.

മഞ്ചേരിയിലും നിലമ്പൂരിലും മയക്കുമരുന്ന് വേട്ട

അബ്ദുൽ ജലീൽ

ഷാജി

മഞ്ചേരി: ബാംഗ്ലൂരിൽ നിന്ന് വിൽപ്പനക്കായി കൊണ്ടുവന്ന അതിമാരക ലഹരി വിഭാഗത്തിൽപ്പെട്ട 63 ഗ്രാം എം.ഡി.എം.എയുമായി മഞ്ചേരിയിൽ രണ്ടുപേർ അറസ്റ്റിൽ. മഞ്ചേരി കുട്ടിപ്പാറ സ്വദേശി കരിമ്പുലകത്ത് അബ്ദുൽ ജലീൽ(31),പയ്യനാട് വടക്കാങ്ങര സ്വദേശി ഷാജി (40) എന്നിവരെയാണ് മഞ്ചേരി പൊലിസ് അറസ്റ്റു ചെയ്തത്.ജില്ലയിലേക്ക് ബാംഗ്ലൂരിൽ നിന്നും എം.ഡി.എം.എ കടത്തുന്ന സംഘത്തെ കുറിച്ച് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി പൊലിസും ജില്ലാ ആന്റി നർകോട്ടിക്ക് ടീമും ചേർന്ന് മഞ്ചേരി നെല്ലിക്കുത്ത് മില്ലുംപടിയിൽ വെച്ച് പ്രതികൾ സഞ്ചരിച്ച കാർ നിർത്താൻ ആവശ്യപ്പെട്ടെങ്കിലും വാഹനം നിർത്താതെ പോവുകയായിരുന്നു. മറ്റു വാഹനങ്ങളെ ഇടിച്ചു തെറിപ്പിച്ച് രക്ഷപ്പെടുവാൻ ശ്രമിച്ച വാഹനം പൊലീസ് തടഞ്ഞാണ് പ്രതികളെ പിടികൂടിയത്. അബ്ദുൽ ജലീലിനെ 2018ൽ 10 കിലോ കഞ്ചാവുമായി വാളയാർ എക്സൈസ് പിടികൂടിയിരുന്നു. മലപ്പുറം ഡി.വൈ.എസ്.പി പ്രേംജിത്തിന്റെ മേൽനോട്ടത്തിൽ മഞ്ചേരി പൊലിസ് ഇൻസ്പെക്ടർ സുനിൽ പുളിക്കൽ, എസ്.ഐ ജസ്റ്റിൻ, പൊലിസ് ഉദ്യോഗസ്ഥരായ തൗഫീഖ് മുബാറക്ക്, നിഷാദ്, ദീപേഷ്, ശ്രീജിത്ത് എന്നിവരും മലപ്പുറം ,പെരിന്തൽമണ്ണ ഡാൻസാഫ് ടീം ചേർന്നാണ് പ്രതികളെ പിടികൂടി കേസ് അന്വേഷണം നടത്തുന്നത്.

തിരുവനന്തപുരത്ത് നടന്ന 16-ാമത് നാഷണൽ കളരിപയറ്റ് ചാമ്പ്യൻഷിപ്പ് മത്സരത്തിൽ സബ്ജൂനിയർ വിഭാഗം പെൺകുട്ടികളുടെ ചുവട് മത്സരത്തിൽ സിൽവർ മെഡലോടെ രണ്ടാംസ്ഥാനം നേടിയ മേൽമുറി എ.പി.എം. എസ് കളരി സംഘത്തിലെ വിദ്യാർഥിനി ഫാത്തിമ ഷഹ്ബ. പിതാവും കളരിഗുരുക്കളുമായ ഷൗക്കത്ത് അലിഗുരുക്കളുടെ സിക്ഷണത്തിലാണ് ഈ നേട്ടം കൈവരിച്ചത്. മേൽമുറി എം.എം.ഇ.ടി.ഹൈസ്ക്കൂളിലെ ഒമ്പതാം ക്ലാസുകാരിയാണ് ഈ താരം. സമാപന ചടങ്ങിൽ തിരുവനന്തപുരം റൂറൽ പൊലീസ് ചീഫ് കിരൺ നാരയൺ ഐ.പി.എസിൽ നിന്ന് മെഡൽ ഏറ്റുവാങ്ങി

മത്സ്യതൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) ദേശീയ കമ്മിറ്റി ഇന്ന്

കോഴിക്കോട്: മത്സ്യതൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) ദേശീയ കമ്മറ്റി യോഗം ഇന്ന് രാവിലെ 10 മണിക്ക് മൈസൂരു പ്രസ്റ്റീജ് കൺവെൻഷൻ സെന്ററിൽ വെച്ച് നടക്കും. അമേരിക്ക ഉൾപ്പെടെയുള്ള വിദേശ രാഷ്ട്രങ്ങൾ സമുദ്ര ഉൽപന്നങ്ങളുടെ കയറ്റുമതി നിരോധിച്ചത് മൂലം പരമ്പരാഗത മത്സ്യതൊഴിലാളികൾ പിടിക്കുന്ന ചെമ്മീനും മറ്റ് മൽസ്യങ്ങൾക്കുണ്ടായ വിലയിടിവ്, പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ജീവിതോപാദിയായ മൽസ്യബന്ധന ജോലിക്ക് ഭീഷണി ഉയർത്തുന്ന ആഴക്കടൽ മൽസ്യബന്ധനത്തിന്നു് കൂടുതൽ കപ്പലുകൾക്ക് ലൈസൻസ് നൽകുന്ന കേന്ദ്ര സർക്കാറിന്റെ ഫിഷറീസ് നയം മത്സ്യതൊഴിലാളികൾക്ക് മണ്ണെണ്ണ/ ഇന്ധനം എന്നിവ കേന്ദ്രം നൽകാത്തത് സംബന്ധിച്ച് യോഗം ചർച്ച ചെയ്യുമെന്നു് പ്രസിഡണ്ട് ഉമ്മർ ഒട്ടുമ്മൽ, ജനറൽ സെക്രട്ടറി പി.എ.ശാഹുൽ ഹമീദ് ട്രഷറർ യൂസുഫ് പോണ്ടിച്ചേരി എന്നിവർ അറിയിച്ചു

വയനാട്ടിൽ ടൂർസ് ഫോർ എവർ കൂട്ടായ്മ ഹെൽത്ത് സെന്റർ കെട്ടിടം നിർമിക്കും

മലപ്പുറം: വയനാട്ടിലെ ദുരന്ത ബാധിതർക്കായി ഹെൽത്ത് സെന്റർ കെട്ടിടം നിർമിക്കുമെന്ന് യാത്രാപ്രേമികളുടെ കൂട്ടായ്മയായ ടൂർസ് ഫോർ എവർ ഭാരവാഹികൾ മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർക്കാർ ടൗൺഷിപ്പ് നിർമിക്കുന്ന സ്ഥലത്ത് 2,000 സ്ക്വർ ഫീറ്റിൽ 50 ലക്ഷം രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടമാണ് നിർമിക്കുക. രോഗി പരിശോധനാ മുറി, ലാബ്, ഫിസിയോ തെറാപ്പി സെന്റർ, കൗൺസിലിങ് റൂം, ഫാർമസി സൗകര്യങ്ങളുണ്ടാവും. 250 പേരുള്ള കൂട്ടായ്മാ അംഗങ്ങളിൽ നിന്ന് കെട്ടിടത്തിനുള്ള തുക സമാഹരിക്കും. 2018ൽ തുടങ്ങിയ കൂട്ടായ്മയിലൂടെ ഇതിനകം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയതായി ചെയർമാൻ എം.സമീർ, വൈസ് പ്രസിഡന്റ് അബ്ദുല്ല പാറക്കോട്ട്, അബ്ദുൽ റസാഖ്, ട്രഷറർ അബ്ദുൽ മജീദ് ഈസികുക്ക് അറിയിച്ചു.

നേതാക്കളെ കള്ളക്കേസിൽ കുടുക്കി തകർക്കാനാവില്ല: എം.എസ്.എഫ്

കോഴിക്കോട്: തുടർ പരാജയങ്ങളിൽ വിറളിപൂണ്ട എസ്.എഫ്.ഐ ഭരണ സ്വാധീനം ഉപയോഗിച്ച്, സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് ഉൾപ്പെടെയുള്ളവരെ കള്ള കേസുകളിൽ ജയിലിൽ അടക്കാനുള്ള ശ്രമം ചെറുക്കുമെന്ന് എം.എസ്.എഫ്. കാലിക്കറ്റ് സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിൽ വൻ തിരിച്ചടി നേരിട്ട എസ്.എഫ്.ഐ തുടരുന്ന അക്രമങ്ങൾക്ക് പൊലീസ് കൂട്ടു നിൽക്കുകയാണ്. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജന: സെക്രട്ടറി സെക്രട്ടറി സി.കെ നജാഫ്, സെക്രട്ടറി പി.എ ജവാദ്, ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, മണ്ഡലം പ്രസിഡന്റ് അർഷദ് തറയിട്ടാൽ അടക്കമുള്ളവർക്കെതിരെ പോലീസ് എടുത്ത കള്ള കേസുകളും അംഗീകരിക്കാൻ കഴിയില്ല. വ്യാജ കേസുകൾ ചുമത്തി പോലീസ് ശൈലി നോക്കി നിൽക്കാൻ കഴിയില്ല.

എസ്.എഫ്.ഐ എന്ന വിദ്യാർത്ഥി വിരുദ്ധ ഫാസിസ്റ്റ് രാഷ്ട്രീയത്തെ വിദ്യാർത്ഥികൾ ക്യാമ്പസുകളിൽ നിന്ന് അകറ്റി നിർത്തുന്നത് സ്വയം പരിശോധന വിധേയമാക്കുന്നതിന് പകരം, ഭരണ സ്വാധീനം ഉപയോഗിച്ച് എം.എസ്.എഫ് നേതാക്കളെ വ്യാജ കേസുകളിൽ അകത്തിടാനാണ് ശ്രമമെങ്കിൽ, തിരിച്ചടികൾക്കും കടുപ്പമേറും. എസ്. എഫ്.ഐയുടെ തുടർ പരാജയങ്ങൾ എം.എസ്.എഫ് നേതാക്കൾക്ക് എതിരെ കള്ള കേസുകൾ ചുമത്തി മറക്കാൻ കഴിയില്ല. ഭരണ സ്വാധീനത്തിന്റെ ഇരുട്ട് മറയും കാക്കി കുപ്പായത്തിന്റെ പിൻബലം പറ്റി എം.എസ്.എഫ് നേതാക്കളെ കുപ്പിയിൽ അടക്കാം എന്നത് വ്യാമോഹം മാത്രമാണ്. എ.കെ.ജി സെന്ററിൽ നിന്ന് കുറിപ്പടി വാങ്ങി ജോലി ചെയ്യുന്ന വിധം പോലിസും തരംതാഴരുത്. അക്രമ രാഷ്ട്രീയത്തെ ഗർഭം ചുമന്നത് പോലെ കൂടെ കൊണ്ട് നടക്കുന്ന എസ്.എഫ്.ഐയുടെ അക്രമങ്ങളെ നോക്കി നിൽക്കാൻ മാത്രമുള്ള വിഭാഗമായി വിജയന്റെ ആഭ്യന്തര വകുപ്പ് മാറി എന്നത് വകുപ്പിന്റെ ദുരവസ്ഥകളിൽ ഒന്നാണ്. കള്ള കേസുകൾ ചുമത്തി എം. എസ്. എഫ് നേതാക്കളെ കീഴ്പ്പെടുത്താൻ കഴിയില്ലന്ന് എം.എസ്.എഫ് സംസ്ഥാന ട്രഷറർ അഷ്ഹർ പെരുമുക്ക്, മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബ് എന്നിവർ പറഞ്ഞു.

എൻ.എൻ.എം.എഫ്.എ ചേലേമ്പ്രയും ഗോകുലം കേരള എഫ്.സിയും ചാമ്പ്യന്മാർ

മലപ്പുറം: കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന മലപ്പുറം ജില്

പച്ചനോട്ടുകണ്ടാൽ എന്തിനും അനുമതി നൽകാൻ തയ്യാറാകുന്ന മുഖ്യമന്ത്രിയാണ് പിണറായി വിജയൻ. സി.പി.എം നേതാക്കൾ പോലും പിണറായി വിജയനു വേണ്ടി വാദിക്കാൻ ഇല്ലാതായി. മന്ത്രിസഭയ്ക്ക് തന്നെ വട്ടാണ്. ഭ്രാന്തുപിടിച്ച സർക്കാരിനെതിരെ ശക്തമായ സമരം സംഘടിപ്പിക്കും.

കെ.സുധാകരൻ

തിരഞ്ഞെടുപ്പ് കാലത്ത് കാഫിർ പ്രയോഗം നന്നായി ഉപയോഗിച്ചവർ ഇപ്പോൾ നിരപരാധിത്വം പറഞ്ഞിട്ട് കാര്യമില്ല. കാഫിർ പ്രയോഗം എന്നത് കേരളത്തിൽ നടക്കില്ല. ഇപ്പോൾ തള്ളി പറഞ്ഞിട്ട് യാതൊരു പ്രയോജനമില്ല.ഇത് പുറത്തായതിന് നന്ദി ജനങ്ങളോടും കേരളത്തിലെ മതേതര സമൂഹത്തോടും ആണ് പറയേണ്ടത്.

പി.കെ. കുഞ്ഞാലിക്കുട്ടി

കേരള വാർത്തകൾ

കാലിക്കറ്റ് സർവകലാശാല യൂണിയൻ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നിർവഹിക്കുന്നു

കാഫിർ സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചവരെ

യു.എ.പി.എ ചുമത്തി ജയിലിൽ അടയ്ക്കണം: വി.ഡി സതീശൻ

കൊച്ചി: 'കാഫിർ' സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചയാളെ സംരക്ഷിക്കുമെന്ന ഡി.വൈ.എഫ്.ഐയുടെ പ്രഖ്യാപനം രാജ്യത്തെ നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വ്യക്തമാക്കി. ഭീകര പ്രവർത്തനത്തിന് സമാനമായ വിദ്വേഷ പ്രചരണമാണ് സി.പി.എം നടത്തിയത്. സമൂഹത്തിൽ മതപരമായ ഭിന്നിപ്പുണ്ടാക്കി അതിൽ നിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ നടത്തിയ ഹീനമായ ശ്രമമാണ് നടന്നത്. രണ്ട് ലഘുലേഖകൾ കൈവശം വച്ചതിനാണ് രണ്ട് കുട്ടികൾക്കെതിരെ യു.എ.പി.എ ചുമത്തി കേസെടുത്തത്. സർക്കാരിനെതിരെ സമരം ചെയ്തതിനാണ് വെളുപ്പാൻ കാലത്ത് വീട്ടിൽ കയറി രാഹുൽ മാങ്കൂട്ടത്തെ അറസ്റ്റു ചെയ്തത്. മുൻ എം.എൽ.എ ശബരിനാഥിനെതിരെയും ഇതേ തരത്തിലാണ് കേസെടുത്തത്. കോവിഡ് കാലത്ത് സർക്കാരിന്റെ പ്രവർത്തനങ്ങളെ വിമർശിച്ചപ്പോഴും കേസെടുത്തു. ദുരിതാശ്വാസ നിധിയിൽ നൽകാതെ നേരിട്ട് സഹായിക്കുമെന്ന് പറഞ്ഞവർക്കെതിരെയും കേസെടുത്തു. പക്ഷെ നാട്ടിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചവർക്കെതിരെ കേസില്ല. ഡി.വൈ.എഫ്.ഐ ബ്ലോക്ക് പ്രസിഡന്റാണ് സ്ക്രീൻ ഷോട്ട് ആദ്യം പ്രചരിപ്പിച്ചതെന്ന് പൊലീസിന് അറിയാം. അയാളോട് ചോദിച്ചപ്പോൾ പറഞ്ഞില്ലെന്നാണ് പൊലീസ് പറയുന്നത്. പൊലീസ് അയാളെ ചോദ്യം ചെയ്യണം. സ്ക്രീൻ ഷോട്ട് ഉണ്ടാക്കിയവരെയും പ്രചരിപ്പിച്ചവരെയും ചോദ്യം ചെയ്യണം. ഇതിന് പിന്നിൽ ആരാണെന്ന് എല്ലാവർക്കും അറിയാം. പക്ഷെ ചോദ്യം ചെയ്യേണ്ട പൊലീസിന്റെ കാലും കയ്യും കെട്ടിയിരിക്കുകയാണ്. കേരളത്തിന് അപമാനകരമായ സംഭവത്തിൽ കേസെടുത്ത് യു.എ.പി.എ ചുമത്തി ജയിലിൽ അടയ്ക്കണം. അല്ലെങ്കിൽ ഇത് വീണ്ടും ആവർത്തിക്കും.

യൂത്ത് ലീഗ് നേതാവിന്റെ പേരിൽ വ്യാജ സ്ക്രീൻ ഷോട്ടുണ്ടാക്കി പ്രചരിപ്പിച്ചത് സി.പി.എം നേതാക്കളാണ്. വ്യാജ സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ച സി.പി.എം ഡി.വൈ.എഫ്.ഐ നേതാക്കളെ സംരക്ഷിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി .കേരളത്തിൽ വർഗീയ സംഘർഷം ഉണ്ടാക്കാൻ വരെ സാധ്യതയുള്ള വിദ്വേഷ പ്രചരണം നടത്തിയവർക്കെതിരെ കേസെടുക്കാത്തതിൽ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി മറുപടി പറയണം. മുഖ്യമന്ത്രിയാണ് ക്രിമിനലുകൾക്ക് കുടപിടിച്ചു കൊടുക്കുന്നത്. സി.പി.എമ്മിന്റെ ഉന്നത നേതാക്കളും അവരുടെ കുടുംബവും ഉൾപ്പെട്ട വലിയ ഒരു ഗൂഢാലോചന ഇതിന് പിന്നിലുണ്ട്. തിരഞ്ഞെടുപ്പിന്റെ അന്നോ അതിന്റെ തലേദിവസമോ വർഗീയ സംഘർഷമുണ്ടാകാൻ സാധ്യതയുള്ളതായിരുന്നു 'കാഫിർ' പോസ്റ്റ്.

ഇത് കേരളത്തിന്റെ മതേതര ബോധ്യത്തിന് കളങ്കം ചാർത്തിയ സംഭവമാണ്. എന്നിട്ടും സർക്കാരും മുഖ്യമന്ത്രിയും കുറ്റവാളികളെ സംരക്ഷിക്കുകയാണ്. മുഖ്യമന്ത്രി പരസ്യമായാണ് പ്രതികളെ സംരക്ഷിക്കുന്നത്.

പൊലീസ് ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിനെ കുറിച്ച് അറിഞ്ഞിട്ടു പോലുമില്ലെന്നാണ് ആഭ്യന്തരമന്ത്രിയുടെ ചുമതലയുള്ള മുഖ്യമന്ത്രി പറയുന്നത്. വിദ്വേഷ പ്രവർത്തനത്തിൽ ഗവേഷണം നടത്തുന്ന സംഘപരിവാറിനെ പോലും സി.പി.എം നാണിപ്പിച്ചിരിക്കുകയാണ്. കുറ്റവാളികളെ സംരക്ഷിക്കാൻ ശ്രമിച്ചാൽ ഏതറ്റം വരെയുമുള്ള നിയമ പോരാട്ടവും യു.ഡി.എഫ് തുടരും. ഹൈക്കോടതി പൊലീസന്റെ ചെവിക്ക് പിടിച്ചതു കൊണ്ടാണ് ഇത്രയും കാര്യങ്ങൾ പുറത്തുവന്നത്. അല്ലായിരുന്നുവെങ്കിൽ നിരപരാധിയായ യൂത്ത് ലീഗ് നേതാവ് കാസിം ജയിലിൽ പോകുമായിരുന്നെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

സർവകലാശാല യൂണിയൻ ഉദ്ഘാടനം ചെയ്തു

തേഞ്ഞിപ്പലം : മികച്ച പൗരന്മാര വാർത്തെടുക്കുന്ന സ്ഥാപനമായി സർവകലാശാലകളെ മാറ്റണമെന്ന് പ്ര തിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. കാലിക്കറ്റ് സർവകലാശാല വിദ്യാർഥി യൂണിയൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലികുട്ടി മുഖ്യ പ്രഭാഷണം നടത്തി. യൂണിയൻ ചെയർപേഴ്സൺ നിതിൻ ഫാത്തിമ അധ്യക്ഷയായി. വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി. റഷീദ് അഹമ്മദ്, ടി.ജെ മാർട്ടിൻ, സി.പി ഹംസ, പി. മധു, സെനെറ്റ് അംഗങ്ങളായ വി.കെ.എം ഷാഫി, ലഫ്റ്റണന്റ് കേണൽ ഡോക്ടർ എ.ടി അബ്ദുൽ ജബ്ബാർ, അഡ്വ. എൻ.എ കരീം, യൂണിവേഴ്സിറ്റി യൂണിയൻ ഭാരവാഹികളായ, മുഹമ്മദ് സഫ്വാൻ, പി.കെ അർഷദ്, അശ്വിൻ നന്ത്, കെ.ടി ഷബ്ന, പി.കെ മുബശിർ അക്കാദമിക് കൗൺസിൽ അംഗങ്ങളായ അസീം തെന്നല, എബിമോൻ തോമസ് പ്രസംഗിച്ചു.

സ്ക്രീൻ ഷോട്ട്, സി.പി.എം മാപ്പ് പറയണം

കോഴിക്കോട് : കാഫിർ സ്ക്രീൻ ഷോട്ട് വിഷയത്തിൽ സി.പി.എം മാപ്പ് പറയണമെന്ന് ജമാഅത്തെ ഇസ്‌ലാമി അമീർ പി മുജീബു റഹ്മാൻ. മാപ്പർഹിക്കാത്ത കുറ്റമാണ് സി.പി.എമ്മിന്റെ ഭാഗത്ത് നിന്നുണ്ടായത്. സമൂഹത്തെ ധ്രുവീകരിക്കുന്ന നടപടികൾ ഉണ്ടാകാൻ പാടില്ലാത്തതായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഹിറാ സെന്ററിൽ വിളിച്ചു ചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വയനാട് മുണ്ടക്കൈയിലും ചൂരൽ മലയിലുമുണ്ടായ ഉരുൾ പൊട്ടൽ ദുരന്തത്തിൽ പെട്ടവരുടെ സമ്പൂർണ്ണ പുനധിവാസത്തിന് വേണ്ടി പത്ത് കോടി രൂപയുടെ പദ്ധതിയും അമീർ പ്രഖ്യാപിച്ചു. വാർത്താ സമ്മേളനത്തിൽ എം.കെ മുഹമ്മദലി, ശിഹാബ് പൂക്കോട്ടൂർ, ഷബീർ കൊടുവള്ളി എന്നിവരും പങ്കെടുത്തു.

സി.പി.എം നേതാക്കളുടെ അറിവോടെയെന്ന് കെ സുധാകരൻ

തിരുവനന്തപുരം: കാഫിർ പോസ്റ്റ് പ്രചരിപ്പിച്ചവർക്കെതിരെ കേസ് എടുക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരൻ. ഇടതുപ്രവർത്തകരാണ് കാഫിർ പോസ്റ്റ് പ്രചരിപ്പിച്ചതെന്ന് വ്യക്തമായി. സി.പി.എം നേതാക്കൾ അറിയാതെ ഇത് നടക്കില്ലെന്നും സുധാകരൻ കെ.പി.സി.സി ആസ്ഥാനത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഇടതുപക്ഷ പ്രവർത്തകരിൽ നിന്നാണ് ആ പ്രയോഗം വന്നതെന്ന് പൊലീസ് അന്വേഷണത്തിൽ വ്യക്തമായിരിക്കുന്നു. പൊലീസിന്റെ അഭിപ്രായം അംഗീകരിക്കണോ, അതോ സി.പി.എം ലോക്കൽ കമ്മിറ്റിയുടെ അഭിപ്രായം അംഗീകരിക്കണമോ? നിലവിലുള്ള സത്യാവസ്ഥ അട്ടിമറിക്കാൻ ശ്രമിച്ചത് ആരാണ് എന്നതിൽ കൂടി അന്വേഷണം നടത്തണം. നേതാക്കൾ അറിയാതെ സാധാരണ ഗതിയിൽ സി.പി.എം സർക്കിളിൽ നിന്ന് ഒരിക്കലും മറ്റൊരു കമന്റ്സ് വരില്ല. സി.പി.എം നേതൃത്വത്തിന്റെ അറിവോടെയാണ് ഇതുണ്ടായത്. രേഖാപരമായ എല്ലാ തെളിവുകളും പൊലീസിന്റെ പക്കലുണ്ടെന്നും എന്നിട്ടും നടപടിയെടുക്കാത്തത് എന്തുകൊണ്ടെന്നും സുധാകരൻ ചോദിച്ചു.

സി.എസ് ശ്രീനിവാസനെ കോൺഗ്രസിൽ നിന്ന് സസ്പെന്റ് ചെയ്തു

തിരുവനന്തപുരം: തൃശ്ശൂരിലെ ധനകാര്യ സ്ഥാപനത്തിലെ നിക്ഷേപ തട്ടിപ്പ് കേസിൽ അറസ്റ്റിലായ മുൻ കോർപ്പറേഷൻ കൗൺസിലർ സി.എസ് ശ്രീനിവാസനെ കോൺഗ്രസ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് സസ്പെന്റ് ചെയ്തു. ഗുരുതരമായ സാമ്പത്തിക ആരോപണവും അതിനെ തുടർന്നുണ്ടായ അറസ്റ്റും പൊതുസമൂഹത്തിൽ കോൺഗ്രസ് പാർട്ടിക്ക് വലിയ അവമതിപ്പ് ഉണ്ടാക്കിയ പശ്ചാത്തലത്തിലാണ് ശ്രീനിവാസനെതിരെ കെ.പി.സി.സി അച്ചടക്ക നടപടി സ്വീകരിച്ചത്.

വിലങ്ങാട് ദുരന്തം

സാന്ത്വനത്തിന്റെ കുളിർക്കാറ്റായി സാദിഖലി തങ്ങളും പി.കെ കുഞ്ഞാലിക്കുട്ടിയും

എം.കെ അഷ്റഫ്
നാദാപുരം

വിലങ്ങാട് മലയോരത്ത് ഉരുൾപൊട്ടൽ നാശം വിതച്ച മഞ്ഞചീളി ഭാഗത്ത് എത്തിയ സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി, ബിഷപ്പ് റമിജിയോസ് ഇഞ്ചനാനിയിൽ എന്നിവരോട് ഷാഫി പറമ്പിൽ എം.പി സംഭവം വിവരിക്കുന്നു

കഴിഞ്ഞമാസം 29ന് അർദ്ധരാത്രി വാണിമേൽ പഞ്ചായത്തിലെ വിലങ്ങാട് മലയോരത്ത് ഉരുൾപൊട്ടലിനെ തുടർന്ന് കിടപ്പാടവും ജീവിതോപാധിയും നഷ്ടപ്പെട്ടവർക്ക് ആശ്വാസമേകാൻ എത്തിയ മുസ്‌ലിം ലീഗ് നേതാക്കളുടെ സന്ദർശനം ദുരന്ത ഭൂമിയിൽ കുളിർക്കാറ്റായി. വ്യാഴാഴ്ച വൈകിട്ട് 5 മണിയോടെ വിലങ്ങാട് എത്തിയ മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങളെയും ദേശീയ ജനറൽ സെക്രട്ടറിയും പ്രതിപക്ഷ ഉപനേതാവു മായ പി കെ കുഞ്ഞാലിക്കുട്ടിയെയും അനുഗമിക്കാൻ താമരശ്ശേരി രൂപത ബിഷപ്പ് റമിജിയോസ് ഇഞ്ചനാനിയിൽ, ഷാഫി പറമ്പിൽ എം പി എന്നിവരും എത്തിയി രുന്നു. ഉരുൾപൊട്ടലിൽ ഏറ്റവുമധികം നഷ്ടം കണക്കാക്കുന്ന മഞ്ഞചീളി ഭാഗത്തായിരുന്നു നേതാക്കൾ ആദ്യം സന്ദർശനം നടത്തിയത്.

മലവെള്ള പ്പാച്ചിലിൽ ഒഴുകിയെത്തിയ വലിയ പാറക്കൂട്ടങ്ങളും തകർന്നടിഞ്ഞ വീടുകളും നേരിൽ കണ്ടപ്പൊഴാണ് ദുരന്തത്തിന്റെ വ്യാപ്തി ശരിക്കും അവർക്ക് ബോധ്യമായത്. വയനാട് ദുരന്തത്തിന് സമാനമായതും കേട്ടറിഞ്ഞതിനേക്കാൾ വലിയതുമാണ് വിലങ്ങാട്ടെ ദുരന്തമെന്ന് മനസ്സിലാക്കിയ നേതാക്കൾ നാട്ടുകാരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ദുരന്തമുഖത്ത് നിന്ന് നിരവധി ആളുകളെ രക്ഷപ്പെടുത്തി സ്വയം രക്ഷപ്പെടാൻ കഴിയാതെ ഒഴുക്കിൽപ്പെട്ട് മരിച്ച റിട്ട. അധ്യാപകൻ മാത്യുവിന്റെ വീട്ടിലെത്തിയ ലീഗ് നേതാക്കൾ അദ്ദേഹത്തിന്റെ ഭാര്യ ഷൈനിയെയും മക്കളെയും ആശ്വസിപ്പിച്ചു. സാമൂഹ്യ സേവനരംഗത്ത് നിറഞ്ഞുനിന്നിരുന്ന മാത്യു മാഷേ കുറിച്ച് അവർ വാചാലരായപ്പോൾ നേതാക്കൾ അത് സാകൂതം കേൾക്കുകയും കണ്ണീർ തുടക്കുകയുമായിരുന്നു. അവിടെ നിന്നിറങ്ങിയ ശേഷം വിലങ്ങാട് സെന്റ് ജോർജ് പള്ളി ഓഡിറ്റോറി യത്തിൽ എത്തിയ നേതാക്കൾ ബിഷപ്പുമായും എംപിമായും ചർച്ച നടത്തി. ദുരിതബാധിതരുടെ പുനരധിവാസം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാർ സംവിധാനങ്ങളോടൊപ്പം ചേർന്ന് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ മുസ്ലിം ലീഗ് സന്നദ്ധമാണെന്ന് ബിഷപ്പിനെ അറിയിക്കുകയും ഈ കാര്യം മാധ്യമങ്ങളോട് വിശദീകരിക്കുകയും ചെയ്തു.

ദുരന്തമുഖത്ത് എല്ലാവരും ഒരുമിച്ച് നിന്ന് പ്രവർത്തിക്കുകയാണ് വേണ്ടതെന്നും സർക്കാർ ഇവിടെ നടപ്പിലാക്കുന്ന ഏത് പദ്ധതിയുമായും സഹകരിക്കാൻ പാർട്ടി തയ്യാറാണെന്നും സാദിഖ് അലി ശിഹാബ് തങ്ങൾ വ്യക്തമാക്കി. ജാതി മത ചിന്തകൾക്കതീതമായി ഇത്തരം ഘട്ടങ്ങളിൽ മനുഷ്യത്വമാണ് ഉയർത്തി പ്പിടിക്കേണ്ടതെന്നും തങ്ങൾ പറഞ്ഞു. മുസ്‌ലിം ലീഗ് നേതാക്കളുടെ സന്ദർശനം ദുരന്തബാധിതർക്ക് വലിയ ആശ്വാസമാണ് പകർന്ന തെന്ന് താമരശ്ശേരി രൂപത ബിഷപ്പ് റമിജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. ഷാഫി പറമ്പിൽ എം പി നേരത്തെ പ്രഖ്യാപിച്ച വീടുകൾ ഉൾപ്പെടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുസ്‌ലിം ലീഗ് സജീവമായി ഉണ്ടാകുമെന്ന് കുഞ്ഞാലി ക്കുട്ടി വ്യക്തമാക്കി. തങ്ങളും കുഞ്ഞാലിക്കുട്ടിയും ബിഷപ്പും ഒരുമിച്ച് ദുരന്ത മേഖലയിൽ എത്തിയത് മലയോരവാസികൾക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത കാര്യമാണെന്ന് ഷാഫി പറമ്പിൽ എം പി പറഞ്ഞു. ദുരിതബാധിത രുമായി സംസാരിച്ചും ലീഗ് നേതാക്കളുമായി ചർച്ച നടത്തിയും രണ്ടു മണിക്കൂറോളം ദുരന്ത ഭൂമിയിൽ ചിലവഴിച്ചാണ് നേതാക്കൾ മടങ്ങിയത്.

കെ.എം ബഷീർ കൊലപാതകം

ശ്രീറാം വെങ്കിട്ടരാമനെതിരെ നരഹത്യാ കുറ്റം ചുമത്തി

തിരുവനന്തപുരം: മാധ്യമപ്രവർത്തകൻ കെ.എം ബഷീറിനെ വാഹനം ഇടിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതി ശ്രീറാം വെങ്കിട്ടരാമനെതിരെ തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി നരഹത്യാ കുറ്റം ചുമത്തി. പ്രതിക്കൂട്ടിൽ നിന്ന പ്രതിയെ കോടതി നേരിട്ട് തയ്യാറാക്കിയ കുറ്റപത്രം വായിച്ചു കേൾപ്പിച്ചാണ് കുറ്റം ചുമത്തിയത്. വായിച്ചു കേട്ട കുറ്റം ചെയ്തിട്ടുണ്ടോയെന്ന കോടതിയുടെ ചോദ്യത്തിൽ കുറ്റം നിഷേധിക്കുകയാണ് പ്രതി ചെയ്തത്. തുടർന്ന് പ്രതിയെ വിചാരണ ചെയ്യാൻ കോടതി ഉത്തരവിട്ടു. തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി ജഡ്ജി കെ.പി അനിൽകുമാറാണ് പ്രതിക്ക് മേൽ കുറ്റം ചുമത്തി വിചാരണ ചെയ്യാൻ ഉത്തരവിട്ടത്. ശ്രീറാം തുടർച്ചയായി ഹാജരാകാതിരുന്നതിൽ കുറ്റപത്രം വായിക്കുന്നത് പലതവണ കോടതി മാറ്റിവച്ചിരുന്നു. കഴിഞ്ഞ തവണ പ്രതിയെ വാക്കാൽ ശാസിച്ച കോടതി നേരിട്ട് ഹാജരാകണമെന്ന് നിർദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ ശ്രീറാം കോടതിയിൽ നേരിട്ട് എത്തിയത്.

ശ്രീറാം വെങ്കിട്ടരാമൻ *കെ.എം. ബഷീർ*

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകളായ 279 (അശ്രദ്ധമായി മനുഷ്യജീവന് ആപത്താകും വിധം പൊതു നിരത്തിൽ വാഹനമോടിക്കൽ), 304 (മനപൂർവമുള്ള നരഹത്യ), 201 (തെളിവുകൾ നശിപ്പിക്കൽ, തെറ്റായ വിവരം നൽകൽ), മോട്ടോർ വാഹന നിയമത്തിലെ വകുപ്പുകളായ 184 (മനുഷ്യ ജീവന് ആപത്ത് വരത്തക്ക വിധം അപകടമായ രീതിയിൽ വാഹനമോടിക്കൽ) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് വിചാരണക്ക് മുന്നോടിയായി പ്രതിക്ക് മേൽ ചുമത്തിയത്. പ്രതി കുറ്റം ചെയ്തതായി അനുമാനിക്കാൻ പ്രഥമ ദൃഷ്ട്യാലുള്ള തെളിവുകൾ കോടതി മുമ്പാകെയുള്ളതായി കുറ്റം ചുമത്തൽ ഉത്തരവിൽ കോടതി ചൂണ്ടിക്കാട്ടി. അതേ സമയം, പ്രതി ശ്രീറാമിന്റെ രക്തസാമ്പിൾ എടുക്കൽ വൈകിയത് മൂലം മദ്യപിച്ച് വാഹനമോടിച്ചെന്നതിന് തെളിവില്ലാത്തതിനാൽ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 185 പ്രതിക്ക് മേൽ ചുമത്താനാവില്ലെന്ന് കോടതി വ്യക്തമാക്കി. വിചാരണക്ക് മുമ്പ് പ്രതിക്കു നൽകേണ്ട രേഖകളുടെ പകർപ്പ് നൽകിയെന്ന് ഉറപ്പു വരുത്തി കേസ് അടുത്ത മാസം ആറിന് പരിഗണിക്കും. വിചാരണ വേഗത്തിലാക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിനും പ്രതിഭാഗത്തിനും കൂടുതൽ തെളിവു രേഖകൾ ഉണ്ടെങ്കിൽ അടുത്ത മാസം ആറിനകം ഹാജരാക്കണമെന്ന് കോടതി ഉത്തരവിട്ടു.

യു.ഡി.എഫ് സംസ്ഥാന ഏകോപന സമിതി യോഗം 19ന് എറണാകുളത്ത്

തിരുവനന്തപുരം: യു.ഡി.എഫ് സംസ്ഥാന ഏകോപന സമിതി യോഗം 19ന് രാവിലെ 10ന് പ്രതിപക്ഷനേതാവ് വി.ഡി സതീശന്റെ അധ്യക്ഷതയിൽ എറണാകുളം കളമശേരി ചാക്കോളാസ് പവിലിയൻ കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് കൺവീനർ എം.എം ഹസൻ അറിയിച്ചു. യു.ഡി.എഫ് ജില്ലാ ചെയർമാൻമാരും കൺവീനർമാരും പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളും ഭാവിപരിപാടികളും വിശദമായി ചർച്ച ചെയ്യുന്നതിനാണ് ഏകദിന യു.ഡി.എഫ് സംസ്ഥാന ഏകോപന സമിതി യോഗം ചേരുന്നത്.

കാലിക്കറ്റ് സർവകലാശാല യൂണിയന്റെ ഉദ്ഘാടനത്തിൽ പി.കെ കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നിർവഹിക്കുന്നു

വയനാട് ദുരന്തം; പരിസ്ഥിതി ദുർബല പ്രദേശങ്ങളെ കുറിച്ച് ഹൈക്കോടതി റിപ്പോർട്ട് തേടി

കൊച്ചി : വയനാട്ടിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളെ കുറിച്ച് ഹൈക്കോടതി സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ട് തേടി. കനത്ത മഴയെ തുടർന്ന് പ്രകൃതിക്ഷോഭത്തിന് സാധ്യതയുള്ള വയനാട്ടിലെ മറ്റ് ദുർബല പ്രദേശങ്ങളെ കുറിച്ച് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് വിവരങ്ങൾ ബോധിപ്പിക്കണമെന്ന് കോടതി വ്യക്തമാക്കി. കേരളത്തിലെ പ്രകൃതിദുരന്തങ്ങൾ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി വയനാട്ടിലെ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ സ്വമേധയാ എടുത്ത കേസിലാണ് കോടതി നടപടി. ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് ശ്യാം കുമാർ വി എം എന്നിവരടങ്ങുന്ന ബെഞ്ചാണ് ഹർജി പരിഗണിച്ചത്. കനത്ത കാലവർഷക്കെടുതിയിൽ വയനാട്ടിൽ പ്രകൃതിക്ഷോഭത്തിന് സാധ്യതയുള്ള മറ്റ് ദുർഘട പ്രദേശങ്ങളുണ്ടെന്ന് വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതായി കോടതി വാക്കാൽ ചൂണ്ടിക്കാട്ടി.

തലസ്ഥാനത്ത് വീണ്ടും ഗുണ്ടാ കൊലപാതകം

തിരുവനന്തപുരം: തലസ്ഥാനത്ത് ഗുണ്ടാ കൊലപാതകം തുടർക്കഥയാകുന്നു. മൂന്ന് ദിവസം മുമ്പ് പൗഡിക്കോണത്ത് റോഡിലിട്ട് കാപ്പാ കേസ് പ്രതിയെ കൊലപ്പെടുത്തിയതിന് പിന്നാലെ ഇന്നലെ വീണ്ടും ഗുണ്ടയെ കുത്തികൊലപ്പെടുത്തി. ബീമാ പള്ളിക്ക് സമീപം പത്തേക്കർ സദ്ദാം നഗറിൽ വാടകയ്ക്ക് താമസം ഷിബിലി (34) യാണ് കൊലപ്പെട്ടത്. മയക്കുമരുന്ന് ഇടപാട് സംബന്ധിച്ചുള്ള വാക്ക് തർക്കമാണ് കൊലയിൽ കലാശിച്ചത്. വ്യാഴാഴ്ച രാത്രി 11 മണിയോടെയാണ് സംഭവം. സുഹൃത്തുക്കളായ ഇനാസ്, ഇനാദ് എന്നിവരാണ് കൃത്യം നടത്തിയത്. ഇരുവരും സഹോദരങ്ങളാണ്. രാത്രി എട്ടുമണിയോടെ മൂവരും ബീമാപള്ളി പരിസരത്ത് വെച്ച് വാക്കേറ്റം നടത്തുകയും തുടർന്ന് അടിപിടിയിലെത്തുകയും ചെയ്തിരുന്നു. സംഭവസ്ഥലത്തുണ്ടായിരുന്ന ചിലർ മൂവരേയും പിടിച്ച് മാറ്റി വിട്ടെങ്കിലും രാത്രി പത്ത് മണിയോടെ ഇനാദും ഇനാന്നും ചേർന്ന് സന്ധി സംഭാഷണമെന്ന നിലയിൽ ഫോൺ ചെയ്ത് വിളിച്ചു വരുത്തി കടൽ തീരത്ത് കൊണ്ടുപോയി ആസൂത്രിതമായി കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് മൃതദേഹത്തെ വലിച്ചിഴച്ച് തീരപ്രദേശത്തെ മറ്റൊരിടത്ത് കൊണ്ടിട്ടിട്ട് ഇരുവരും ഒളിവിൽ പോവുകയാണുണ്ടായത്. പുലർച്ചെ നാട്ടുകാരാണ് മൃതദേഹം കണ്ടത്.

വയനാട് ഫണ്ട് ശേഖരവുമായി സൈത്തൂൻ ഇന്റർനാഷണൽ ക്യാമ്പസ്

മലപ്പുറം: വയനാട് ദുരിതാശ്വാസ ഫണ്ട് ശേഖരണത്തിലേക്ക് 36,000 രൂപ സമാഹരണം നടത്തി സൈത്തൂൻ ഇന്റർനാഷണൽ ഗേൾസ് ക്യാമ്പസ്. യു.ജി യൂണിയന്റെ കീഴിലാണ് തുക സമാഹരിച്ചത്. ഫണ്ട് ശേഖരണം പ്രിൻസിപ്പൽ ഡോ. മുഈൻ ഹുദവി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥിനികളും അധ്യാപകരും ഫണ്ട് ശേഖരണത്തിൽ പങ്കെടുത്തു. ഉസൈൽ ഹുദവി, യു.ജി യൂണിയൻ നേതാക്കൾ, പി.കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ഫണ്ട് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾക്ക് കൈമാറി. സേവ് വയനാട് എന്ന ശീർഷകത്തിൽ യു.ജി യൂണിയൻ വ്യത്യസ്ത പരിപാടികളും ക്യാമ്പസിൽ സംഘടിപ്പിച്ചിരുന്നു. ഇത്തരത്തിലുള്ള സാന്ത്വന പ്രവർത്തനങ്ങൾ സമൂഹത്തിന് ഏറെ ഗുണം ചെയ്യുന്നുവെന്ന് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു.

*വയനാട് ദുരിതാശ്വാസ ഫണ്ട് ശേഖരണത്തിലേക്ക് സൈത്തൂൻ ഇന്റർനാഷണൽ ഗേൾസ് ക്യാമ്പസ് യു.ജി യൂണിയൻ ശേഖരിച്ച ഫണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്

സോറി, ഞങ്ങൾക്കാവില്ല

വനിതാ ടി-20 ലോകകപ്പ്

മുംബൈ: ബംഗ്ലാദേശിന് അനുവദിച്ച വനിതാ ടി-20 ലോകകപ്പിന് ആതിഥേയത്വം വഹിക്കാനുള്ള രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ നിർദ്ദേശം ഇന്ത്യ തള്ളി. ഈ വർഷം ഒക്ടോബർ മൂന്ന് മുതൽ 20 വരെയായിരുന്നു ചാമ്പ്യൻഷിപ്പ് നിശ്ചയിച്ചിരുന്നത്. മൺസൂൺ കാലമായതിനാൽ മൽസരങ്ങൾക്ക് വിജയകരമായി ആതിഥേയത്വം വഹിക്കാനാവില്ലെന്നാണ് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് സെക്രട്ടറി ജയ് ഷാ വ്യക്തമാക്കിയത്. ബംഗ്ലാദേശായിരുന്നു വനിതാ ലോകകപ്പിന് നിശ്ചയിക്കപ്പെട്ടിരുന്ന വേദി. എന്നാൽ അവിടുത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ ദുഷ്ക്കരമായതിനാലാണ് ഐ.സി.സി പുതിയ വേദി തേടുന്നത്. എന്നാൽ ഇപ്പോഴും ബംഗ്ലാദേശിലെ സാധ്യതകൾ ഐ.സി.സി ആരായുന്നുണ്ട്. എന്നാൽ സുരക്ഷാ സാഹചര്യം വിലയിരുത്തുമ്പോൾ സാധ്യത കുറവാണെന്നാണ് ഐ.സി.സി സുരക്ഷാ സംഘം വ്യക്തമാക്കിയത്. പുതിയ സർക്കാർ എല്ലാ വിധ പിന്തുണയും ചാമ്പ്യൻഷിപ്പിന് നൽകുന്നുണ്ട്. എന്നാൽ ഇന്ത്യ, ഓസ്ട്രേലിയ, ഇംഗ്ലണ്ട് ടീമുകൾ രാജ്യത്തെ സുരക്ഷാ സാഹചര്യങ്ങളിൽ അസ്വസ്ഥരാണ്.

തുടരും

ബംഗളൂരു: ദേശീയ ക്രിക്കറ്റ് അക്കാദമിയുടെ തലപ്പത്ത് വി.വി.എസ് ലക്ഷ്മൺ തുടരും. മൂന്ന് വർഷത്തെ കാലാവധി അടുത്ത മാസത്തോടെ പൂർത്തിയാക്കുന്ന ഹൈദരാബാദുകാരന് ഒരു വർഷം കൂടി കാലാവധി നീട്ടി നൽകും. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടീമിന്റെ ഭാഗമായി ലക്ഷ്മൺ മാറുമെന്ന റിപ്പോർട്ടുകൾ വരുന്നതിനിടെയാണ് അദ്ദേഹത്തിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഇന്ത്യൻ ക്രിക്കറ്റ് ബോർഡ് തീരുമാനിച്ചത്. ദേശീയ ക്രിക്കറ്റ് അക്കാദമി തലപ്പത്തിരിക്കുമ്പോൾ ഐ.പി.എൽ ടീമിനൊപ്പം ചേരാനാവില്ല. ലക്ഷ്മണിനൊപ്പം സഹ പരിശീലകരായി നിതാൻസു കോതക്, സായ്‌രാജ് ബഹുതുലെ, ഹിതൃതികേഷ് കനിത് കർ എന്നിവർ തുടരും. നവീകരിച്ച ദേശീയ ക്രിക്കറ്റ് അക്കാദമിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് പുതിയ തീരുമാനം. 99 വർഷത്തെ ലീസിന് കർണാടക സർക്കാർ നൽകിയ ഭൂമിയിൽ നിർമിച്ച അക്കദമിയുടെ നവീകരണം പതിനാല് വർഷത്തിന് ശേഷമാണ് പൂർത്തീകരിച്ചത്.

ഗൾഫ് ചന്ദ്രിക

സ്പോർട്സ്

എംബാപ്പേ ഈ സീസണിൽ റയൽ മാഡ്രിഡിനായി അമ്പത് ഗോളെങ്കിലും സ്വന്തമാക്കും. അതുറപ്പാണ്. അത്രക്ക് നല്ല തുടക്കമാണ് അദ്ദേഹം ടീമിന് നൽകുന്നത്. വിനീഷ്യസ്, ജൂഡ് (ബെലിങ്ഹാം) എന്നിവർക്കൊപ്പം നന്നായി കമ്പൈൻ ചെയ്യാൻ എംബാപ്പേക്കാവും. അദ്ദേഹത്തിൽ ഞാൻ കാണുന്ന പ്രത്യേകത വളരെ വേഗതയിൽ ടീമുമായി ഇണങ്ങി എന്നതാണ്. ഈ സീസണിന്റെ തുടക്കത്തിലാണല്ലോ അദ്ദേഹം ടീമിനൊപ്പം ചേർന്നത്. പക്ഷേ അദ്ദേഹം കളിക്കുന്നത് കാണുമ്പോൾ എത്രയോ കാലമായി ടീമിനൊപ്പമുള്ള താരമായാണ് തോന്നുന്നത്

–കാർലോസ് അൻസലോട്ടി

www.chandrikadaily.com

BREAKING വനിതാ ടീ-20 ലോകകപ്പിന് ആതിഥേയത്വം വഹിക്കാൻ തയ്യാറാണെന്ന് സിംബാബ്‌വേ ക്രിക്കറ്റ് അസോസിയേഷൻ

ഇന്ന്

പ്രീമിയർ ലീഗ്
ഐപ്സ്വിച്ച്-ലിവർപൂൾ (വൈകീട്ട് 5-00)
ആഴ്സനൽ-വോൾവ്സ് (വൈകീട്ട് 7-30)
എവർട്ടൺ-ബ്രെന്റ്ഫോർഡ് (7-30)
ന്യൂകാസിൽ-സതാംപ്ടൺ (7-30)
നോട്ടിങ്ഹാം-ബോൺമൗത്ത് (7-30)
വെസ്റ്റ്ഹാം-ആസ്റ്റൺ വില്ല (രാത്രി 10-00)
സ്റ്റാർ സ്പോർട്സ് ലൈവ്, ഹോട്ട് സ്റ്റാർ

സിരിയ എ
ജിനോവ-ഇന്റർ മിലാൻ (രാത്രി 10-00)
പാർമ- ഫിയോറന്റീന (രാത്രി 10-00)
ജി.എക്സ്.ആർ വേൾഡ് വെബ് സൈറ്റ്

ലാലീഗ
ഒസാസുന-ലെഗാനസ് (രാത്രി 10-30)
വലൻസിയ-ബാർസിലോണ (പുലർച്ചെ 1-00)
ജിയോ ടി.വി ലൈവ്

PARIS 2024

പാരീസ് ഒളിംപിക്സിലെ സുന്ദര ചിത്രമാണിത്. ഇവൾ സിഫാൻ ഹസൻ. പാരീസിലെ സമാപന ദിവസം നടന്ന വനിതാ മാരത്തോണിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയ ഡച്ചുകാരി. സമാപന നാളിൽ ലോകത്തെ സാക്ഷി നിർത്തി സ്റ്റെഡെ ഡി ഫ്രാൻസ് സ്റ്റേഡിയത്തിൽ നിന്നും സ്വർണം പതക്കം സ്വന്തമാക്കിയമുള്ള നിഷ്കളങ്ക ചിരി. വനിതകളുടെ 5000, 10,000 മീറ്ററുകളിലും പങ്കെടുത്ത് മൂന്നിലും മെഡൽ സ്വന്തമാക്കിയാണ് സിഫാൻ കരുത്ത് കാട്ടിയത്. പോയ വർഷം നടന്ന ലണ്ടൻ മാരത്തോണിലായിരുന്നു സിഫാൻ ആദ്യമായി ദീർഘദൂരത്തിൽ മൽസരിച്ചത്. ഒളിംപിക്സിലേക്ക് വരുമ്പോൾ കാര്യമായ അനുഭവ സമ്പത്തില്ല. പക്ഷേ പാരീസിലെ കനത്ത ചൂടിൽ അവർ കരുത്ത് കാട്ടി. എത്യോപ്യക്കാരിയാണ് സിഫാൻ. ജനിച്ചത് അവിടെ. പക്ഷേ പതിനഞ്ച് വയസായപ്പോൾ അഭയാർത്ഥിയായി നെതർലൻഡ്സിലെത്തി. പിന്നെയുള്ളതെല്ലാം ചരിത്രം. ഫ്രഞ്ച് ഭരണക്കൂടത്തിന് സിഫാനിലുടെ ശക്തമായ മറുപടിയും കിട്ടി. ഒളിംപിക്സിൽ മൽസരിക്കുന്ന സ്വന്തം മുസ്‌ലിം താരങ്ങൾക്ക് മക്രോൺ സർക്കാർ ഹിജാബ് നിഷേധിച്ചിരുന്നു. എന്നാൽ സമാപന ദിവസം മക്രോണിനെ സാക്ഷിയാക്കി ഹിജാബണിഞ്ഞ ഒരു താരം തന്നെ സ്വർണം ഏറ്റുവാങ്ങി

വലിയ വേദനയുണ്ട്
പ്രതികരണവുമായി വിനേഷ് പോഗാട്ട്

ന്യൂഡൽഹി: ഒടുവിൽ പ്രതികരണവുമായി ഇന്ത്യൻ വനിതാ ഗുസ്തി താരം വിനേഷ് പോഗാട്ട്. പാരീസ് ഒളിംപിക്സിലെ മെഡൽ നഷ്ടത്തിൽ അതിയായ വേദനയുണ്ടെന്നും നാളെ എന്താണ് സംഭവിക്കുകയെന്ന് അറിയാത്തത് കൊണ്ടാണ് മൽസര രംഗം വിടാൻ തീരുമാനിച്ചതെന്നും തുറന്ന കത്തിൽ ഇന്ത്യൻ സൂപ്പർ താരം വ്യക്തമാക്കി. പാരീസിൽ 50 കിലോഗ്രം വിഭാഗത്തിൽ ഫൈനൽ വരെയെത്തിയിരുന്നു വിനേഷ്. എന്നാൽ അമേരിക്കൻ പ്രതിയോഗിക്കെതിരായ ഫൈനൽ നാൾ രാവിലെ ഭാരം 100 ഗ്രാം വർധിച്ചു എന്ന ആരോപണത്തിൽ ഇന്ത്യൻ താരത്തെ സംഘാടകർ അയോഗ്യത കൽപ്പിക്കുകയായിരുന്നു. വിനേഷിന് വേണ്ടി ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ നടത്തിയ നിയമ പോരാട്ടവും വിജയം കണ്ടിരുന്നില്ല. സംഭവത്തിൽ പാരീസിൽ വെച്ച് വിനേഷ് പ്രതികരിച്ചിരുന്നില്ല. അവരെ കാണാൻ മാധ്യമങ്ങളെ അനുവദിച്ചിരുന്നുമില്ല. പാരീസിൽ നിന്ന് മടങ്ങിയ ഔദ്യോഗിക ഇന്ത്യൻ സംഘത്തിലും വിനേഷുണ്ടായിരുന്നില്ല. ബി.ജെ.പി നേതാവായ ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷൻ ബ്രിജ്ഭൂഷൺ സിംഗ് ശരണിനെതിരെ വലിയ പോരാട്ടം നടത്തിയ താരമാണ് വിനേഷ്. ഇതിന്റെ പേരിൽ വേട്ടയാടപ്പെടുകയും ചെയ്തു. പാരീസിൽ വിനേഷിനെതിരെ കരുനീക്കം നടന്നുവെന്ന ആരോപണം ഇപ്പോഴും ശക്തമായി നിലനിൽക്കവെ ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ അധ്യക്ഷ പി.ടി ഉഷ വിനേഷിനെതിരെ രംഗത്ത് വന്നിരുന്നു. എന്നാൽ പാരീസിൽ സ്വർണം മോഹിച്ചാണ് മൽസരിച്ചതെന്നും അത് നിഷേധിക്കപ്പെട്ടതിൽ അതിയായ വേദനയുണ്ടെന്നും വിനേഷ് തുറന്ന കത്തിൽ പറഞ്ഞു. പരിശീലകരോട് നന്ദിയുണ്ട്. അനുഭവങ്ങളാണ് വലിയ ഗുരു. ഭാവി സംബന്ധിച്ച് അനിശ്ചിതത്വമുള്ളതിനാലാണ് വിരമിക്കാൻ തീരുമാനിച്ചതെന്നും വിനേഷ് പറഞ്ഞു.

CLICK *പാരീസിലെ നിർഭാഗ്യ വേളയിൽ നിരാശയായിരുന്ന വിനേഷിനെ ആശ്വസിപ്പിക്കാൻ അഭിനവ് ബിന്ദ്ര എത്തിയപ്പോൾ (ഫയൽ)*

സമനില

മാഡ്രിഡ്: സ്പാനിഷ് ലീലീഗ സീസണിന് സമനിലയിൽ തുടക്കം. ഇന്നലെ നടന്ന ആദ്യ രണ്ട് മൽസരങ്ങളും സമനിലയിലായി. അത്‌ലറ്റികോ ക്ലബും ഗെറ്റാഫെയും തമ്മിലുള്ള മൽസരവും ജിറോനയും റയൽ ബെറ്റിസും തമ്മിലുള്ള അങ്കവും 1-1 ൽ കലാശിച്ചു. തകർപ്പൻ അങ്കമായിരുന്നു ജിറോനയും ബെറ്റിസും തമ്മിൽ. അവസാന സീസണിൽ തകർപ്പൻ പ്രകടനം നടത്തിയ ജിറോനക്കാർക്ക് നിരവധി സുവർണാവസരങ്ങൾ ലഭിച്ചെങ്കിലും ഉപയോഗപ്പെടുത്താനായില്ല. രണ്ടാം പകുതിയിലായിരുന്നു ബെറ്റിസ് കരുത്ത് കാട്ടിയത്.

സംസ്ഥാന യോഗ

കോഴിക്കോട്: സംസ്ഥാന യോഗാസന സ്പോർട്സ് ചാമ്പ്യൻഷിപ്പ് നാളെ കോവൂർ പി കൃഷ്ണപിള്ള സ്മാരക കൺവെൻഷൻ സെന്ററിൽ തുടങ്ങുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പതിനാല് ജില്ലകളിൽ നിന്നുമായി 750 ഓളം താരങ്ങൾ പങ്കെടുക്കും. സാധാരണ ഗതിയിലുള്ള മത്സരങ്ങൾ പുറമെ ആർട്ടിസ്റ്റ് സിംഗിൾ, ആർട്ടിസ്റ്റ് പെയർ, റിഥമിക്, ഫ്രീ ഫ്ളോ എന്നീ ഇനങ്ങളിലായി ഡാൻസ് ഇനങ്ങളും നടക്കും. സബ് ജൂനിയർ മുതൽ വിവിധ ഇനങ്ങളിലായാണ് മത്സരങ്ങൾ. യോഗ അസസോസിയേഷൻ ഓഫ് കേരളയാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. നാളെ 6 മണിക്ക് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. 20 ന് 3 മണിക്ക് സമാപന പരിപാടി കോഴിക്കോട് മേയർ ഡോ ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. വാർത്താ സമ്മേളനത്തിൽ അഡ്വ ബി ബാലചന്ദ്രൻ, ഡോ കെ രാജഗോപാലൻ, എ രാമാനന്ദൻ, ഷീജ കെ.എസ്, രതീഷ് കുമാർ, ഗോപൻ ജി.എസ് എന്നിവർ പങ്കെടുത്തു.

യമാലിന്റെ പിതാവിന് കുത്തേറ്റു

ബാർസിലോണ: യുവ സൂപ്പർ താരം ലമിൻ യമാലിന്റെ പിതാവിന് കുത്തേറ്റ സംഭവത്തിൽ ഫുട്ബോൾ ലോകത്ത് ആശങ്ക. സ്പെയിൻ കപ്പ് സ്വന്തമാക്കിയ യൂറോയിൽ മിന്നൽ പ്രകടനം നടത്തി മികച്ച യുവ താരമായി തെരഞ്ഞെടുക്കപ്പെട്ട യമാലിന്റെ പിതാവ് മൂനീർ നറൗസി അപകട നില തരണം ചെയ്തിട്ടുണ്ട്. പക്ഷേ അറിയപ്പെടുന്ന ഒരു യുവതാരത്തിന്റെ പിതാവ് പകൽ വെളിച്ചത്തിൽ ആക്രമിക്കപ്പെട്ടതിൽ ഫുട്ബേൾ ലോകം ഒന്നടങ്കം ആശങ്ക പ്രകടിപ്പിച്ചിരിക്കയാണ്. ബുധനാഴ്ച്ചയിലായിരുന്നു സംഭവം. തന്റെ വളർത്തു മൃഗവുമായി നടക്കാനിറങ്ങിയ മുനീറിനെ ഒരു സംഘം ആളുകൾ വളയുകയും ഇവർ തമ്മിൽ വാക്കേറ്റമുണ്ടാവുകയും തുടർന്ന് ഒരാൾ കത്തിയെടുത്ത് കുത്തുകയുമായിരുന്നു. മൂന്ന് പേരെ സംഭവത്തിൽ ബാർസിലോണ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരാൾ ഓടി രക്ഷപ്പെട്ടു. സംഭവത്തിൽ അന്വേഷണം ശക്തമാണെന്നും എന്നാൽ ഇപ്പോൾ പ്രതികരിക്കാനില്ലെന്നുമായിരുന്നു ബാർസ പൊലീസ് വ്യക്തമാക്കിയത്. ബാർസിലോണ നഗരത്തിൽ നിന്നും ഉദ്ദേശം 30 കിലോമീറ്റർ വടക്കായി കിടക്കുന്ന റോസാഫോൻഡ പ്രാന്തത്തിലാണ് മുനീറും അദ്ദേഹത്തിന്റെ മാതാവും താമസിക്കുന്നത്. ഇവിടെയാണ് സംഭവം. ഈ നഗരത്തിൽ നിന്നാണ് യമാൽ വളർന്നത്. മൊറോക്കോ വംശജനാണ് മുനീർ. യൂറോ വേളയിൽ യമാലിനൊപ്പം തന്നെയുണ്ടായിരുന്നു പിതാവ്. പട്ടിണിയിലും പരിടവട്ടത്തിലുമാണ് റോസാഫോൻഡയിലെ ഭൂരിപക്ഷവും. മുനീറിന്റെ ആരോഗ്യ നില മെച്ചപ്പെട്ടതായും പേടിക്കാനില്ലന്നുമാണ് ഡോക്ടർമാർ വ്യക്തമാക്കിയത്. തന്നോട് ഫുട്ബോൾ ലോകം പ്രകടപ്പിച്ച സ്നേഹത്തിൽ മുനീർ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. ഇക്വസ്ട്രിയൽ ഗുയാനക്കാരിയാണ് യമാലിന്റെ മാതാവ്. മൊറോക്കോ വംശജനാണ് മുനീർ. എന്നാൽ യമാലിന് മൂന്ന് വയസ് മാത്രമുള്ളപ്പോൾ ദാമ്പത്യം പിരിഞ്ഞു. എങ്കിലും യമാൽ രണ്ട് പേർക്കൊപ്പവും തന്നെയായിരുന്നു. കൊച്ചു പ്രായത്തിൽ തന്നെ ഫുട്ബോളിൽ അനിതര സാധാരണമായ മികവ് പ്രകടിപിച്ച യമാലിനെ ബാർസിലോണ അക്കാദമിയിൽ ചേർത്തത് പിതാവായിരുന്നു. അവിടെ നിന്നുമാണ് കൗമാരത്തിൽ തന്നെ അദ്ദേഹം ബാർസാ ടീമിലെത്തിയത്. തുടർന്ന് യമാൽ സ്പാനിഷ് ദേശീയ ടീമിലെത്തി. പിന്നെയെല്ലാം ലോകത്തിന് സുപരിചിതമായ ചരിത്രം. പിതാവിനുണ്ടായ ദുരനുഭവത്തിൽ വേദന പ്രകടിപ്പിച്ച യമാൽ അദ്ദേഹത്തെ കാണാനെത്തും.

CLICK *മകനൊപ്പം മുനീർ (ഫയൽ)*

ഇതിഹാസത്തിന് രാജകീയ വരവേൽപ്പ്

കൊച്ചി: പാരീസ് ഒളിമ്പിക്സ് ഹോക്കിയിൽ മെഡൽനേടി കിഴക്കമ്പലം എരുമേലിയിലെ വീട്ടിലെത്തിയ പി.ആർ ശ്രീജേഷിന് നാട്ടുകാർ നൽകിയത് ഗംഭീര വരവേൽപ്പ്. നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും തുറന്ന വാഹനത്തിൽ എത്തിയ ശ്രീജേഷിനൊപ്പം എം.എൽ.എ മാരായ അൻവർ സാദത്തും പി.വി ശ്രീനിജനും ഉണ്ടായിരുന്നു. ശ്രീയെ കാണാൻ വഴി നീളെ ആയിരങ്ങളാണ് കാത്തുനിന്നത്. കതിനപൊട്ടിച്ചും ഷാൾ അണിയിച്ചും കൈകകൾ വീശിയും ജയ് വിളിച്ചും ശ്രീജേഷിനെ അവർ വരവേറ്റു. കുന്നത്തുനാടിന്റെ അതിർത്തിയായ പൂക്കാട്ടുപടിയിൽ ശ്രീജേഷ് എത്തിയപ്പോൾ വാഹനങ്ങളിലും മറ്റും കാത്തുനിന്ന നാട്ടുകാരും സുഹൃത്തുക്കളും വാഹനവ്യൂഹത്തിനൊപ്പം അണിചേർന്നു. പിന്നിട് പഴങ്ങനാട്, താമരച്ചാൽ, കിഴക്കമ്പലം ജങ്ഷനുകളിലും വൻ വൻവരവേൽപ്പാണ് നൽകിയത്. തുടർന്ന് കിഴക്കമ്പലം കല ഫൈൻ ആർട്ട്സ് ഹാളിൽ സംഘടിപ്പിച്ച സ്വീകരണ ചടങ്ങിൽ വിവിധ ക്ലബുകളും സംഘടനകളും സ്വീകരണം നൽകി. സംഘാടക സമിതി ചെയർമാൻ പി.വി ശ്രീനിജൻ എം.എൽ.എ യോഗം ഉദ്ഘാടനം ചെയ്തു. കലാ ഫൈൻ ആർട്ട്സ് സൊസൈറ്റി പ്രസിഡന്റ് ജേക്കബ് സി.മാത്യു അധ്യക്ഷനായി. വിട്ടിൽ എത്തിയ ശ്രീജേഷിനെ ഭാര്യ ഡോ. അനിഷ്യ, അച്ഛൻ രവീന്ദ്രൻ, അമ്മ ഉഷ, മക്കളായ അനുശ്രീ, ശ്രീആൻഷ് എന്നിവർക്കൊപ്പം ബന്ധുക്കളും നാട്ടുകാരും ചേർന്ന് സ്വീകരിച്ചു.

CLICK *പാരീസ് ഒളിംപിക്സിലെ മിന്നും പ്രകടനത്തിന് ശേഷം സ്വന്തം നാടായ കൊച്ചിയിലെത്തിയ ഗോൾക്കീപ്പർ പി.ആർ ശ്രീജേഷിന് വിമാനത്താവളത്തിൽ ലഭിച്ച സ്വീകരണം*

ഗെറ്റ് റെഡി

യൂറോ കഴിഞ്ഞു. ഒളിംപിക്സും സമാപിച്ചു. ഇടവേളക്ക് ശേഷം യൂറോപ്പിൽ ഇന്ന് മുതൽ പുത്തൻ സീസൺ ആരംഭം. ഇംഗ്ലീഷ് പ്രീമിയർ ലീഗിലും സ്പാനിഷ് ലാലീഗയിലും ഇറ്റാലിയൻ സിരിയ എയിലും ഫ്രഞ്ച് ലീഗിലും പോർച്ചുഗിസിലും പോളണ്ടിലും നോർവെയിലും സ്വിഡനിലുമെല്ലാം ഇന്ന് പന്ത് ഉരുളുകയാണ്.

ആഴ്സനലും ലിവറും ഇന്ന്

ലണ്ടൻ: ആഴ്സനൽ ഇന്നിറങ്ങുന്നു. പ്രതിയോഗികൾ വോൾവർ. നല്ല തുടക്കമാണ് മൈക്കൽ ആർതറ്റയും സംഘവും പ്രതീക്ഷിക്കുന്നത്. പോയ രണ്ട് സീസണുകളിൽ തൊട്ടരികിലെത്തിയ കിരീടം ഇത്തവണ എന്തായാലും സ്വന്തമാക്കുകയാണ് ടീമിന്റെ ലക്ഷ്യം. ഇന്ന് അഞ്ച് മൽസരങ്ങളാണ് പ്രീമിയർ ലീഗിൽ. മുഖ്യ താരങ്ങളെല്ലാം ഗണ്ണേഴ്സ് നിരയിൽ ഇന്ന് പന്ത് തട്ടുന്നുണ്ട്. പ്രീ സീസൺ മൽസരങ്ങൾക്കിടെ പരുക്കേറ്റ ഡിഫൻഡർ ജൂറിയൻ ടിംപർ ഇന്ന് കളിക്കുമെന്ന സൂചനയാണ് കോച്ച് നൽകുന്നത്. റെക്കാർഡോ കലഫോരിക്ക് അരങ്ങേറ്റത്തിന് അവസരമുണ്ടാവും. എന്നാൽ വോൾവ്സ് സംഘത്തിൽ പ്രശ്നമുണ്ട്. കഴിഞ്ഞ സീസണിലെ അവസാന മൽസരത്തിൽ ലിവർപൂളിനെതിരെ ചുവപ്പിൽ പുറത്തായ ഫുൾബാക് നെൽസൺ സെമിദോ പുറത്തിരിക്കേണ്ടി വരും. ചെറിയ ഫിറ്റ്നസ് പ്രശ്നങ്ങളുണ്ടെങ്കിലും മത്തേവുസ് കുന, മരിയോ ലെമീന, ജോർഗൻ സ്റ്റാട്രൻഡ് എന്നിവർ ആദ്യ ഇലവനിൽ വരും. ആഴ്സനലും വോൾവറും തമ്മിൽ കഴിഞ്ഞ ആറ് തവണ പ്രീമിയർ ലീഗിൽ മുഖാമുഖം വന്നപ്പോഴും വിജയം ഗണ്ണേഴ്സിനായിരുന്നു. 2020 നവംബറിൽ നടന്ന മൽസരത്തിലെ വിജയത്തിന് ശേഷം വോൾവർ തോൽവി മുഖത്ത് തന്നെയായിരുന്നു. ലിവർപൂളും ഇന്ന് കളത്തിലുണ്ട്. കന്നിക്കാരായ ഐപ്സ് വിച്ചിനെതിരെ. ക്ലോപ്പെ കാലത്തിന് ശേഷം ആദ്യമായി മുഹമ്മദ് സലാഹും സംഘവും. പോയ സീസണിൽ ഭാഗ്യത്തിന് തരം താഴ്ത്തൽ കടമ്പയിൽ നിന്ന് രക്ഷപ്പെട്ടവരാണ് എവർട്ടൺ. ഇത്തവണ മെച്ചപ്പെട്ട തുടക്കം തേടിയാണ് അവർ ബ്രെന്റ്ഫോർഡിനെതിരെ സ്വന്തം വേദിയിൽ ഇന്ന് കളിക്കുന്നത്. ന്യൂകാസിൽ യുനൈറ്റഡിന് ആദ്യ മൽസരത്തിൽ തന്നെ വലിയ വെല്ലുവിളിയായി സതാംപ്ടണുണ്ട്. നോട്ടിംങ് ഫോറസ്റ്റ് എതിരിടുന്നത് ബോൺമൗത്തിനെ. വെസ്റ്റ് ഹാമിനും വെല്ലുവിളിയുണ്ട്. ആസ്റ്റൺ വിലക്കാരാണ് ആദ്യ മൽസരത്തിലെ പ്രതിയോഗികൾ.

യമാലും ലോപസും പിന്നെ പുത്തൻ ബാർസയും

മാഡ്രിഡ്: പുത്തൻ കരുത്തിൽ, പുതിയ താരങ്ങളുടെ മികവിൽ സ്പാനിഷ് ലാലീഗ കിരീടം തിരികെ പിടിക്കാൻ ബാർസിലോണ ഇന്ന് മുതൽ രംഗത്ത്. ലാലീഗ സീസണിലെ ആദ്യ മൽസരത്തിൽ ഇന്ന് മുൻ ചാമ്പ്യന്മാർ വലൻസിയയുമായി അവരുടെ വേദിയിൽ കളിക്കും. ഇന്ന് തന്നെ നടക്കുന്ന മറ്റൊരു മൽസരത്തിൽ ഒസാസുന ലെഗാനസുമായി പന്ത് തട്ടും. കഴിഞ്ഞ മാസം സമാപിച്ച യൂറോയിൽ കരുത്ത് പ്രകടിപ്പിച്ച താരങ്ങളാണ് ബാർസയുടെ പുത്തൻ പ്രതീക്ഷ. പോയ സീസണിൽ ടീം നിരാശപ്പെടുത്തിയിരുന്നു. ബദ്ധവൈരികളായ റയൽ മാഡ്രിഡ് വളരെ നേരത്തെ തന്നെ കിരീടം ഉറപ്പിക്കുകയും ചെയ്തിരുന്നു. ലമിൻ യമാൽ, ഫെർമിൻ ലോപസ് തുടങ്ങിയവരായിരുന്നു യൂറോയിൽ കരുത്ത് കാട്ടിയവർ. യമാൽ ഏറ്റവും മികച്ച യുവതാരമായി തരഞ്ഞെടുക്കപ്പെട്ടപ്പോൾ സ്പെയിൻ കിരീടം സ്വന്തമാക്കിയതിൽ നിർണായക പങ്കും യുവതാരം വഹിച്ചിരുന്നു. പാരീസ് ഒളിംപിക്സിൽ കരുത്ത് കാട്ടിയ താരമാണ് ഫെർമിൻ ലോപസ്. ഒളിംപിക്സ് ഫുട്ബോൾ ഫൈനലിൽ ആതിഥേയരായ ഫ്രാൻസിനെ തകർത്തായിരുന്നു സ്പെയിൻ സ്വർണം സ്വന്തമാക്കിയത്. സമീപകാലത്ത് ലോക ഫുട്ബോളിലെ രണ്ട് വലിയ കിരീടങ്ങൾ സ്പെയിനിന് സമ്മാനിച്ച രണ്ട് യുവതാരങ്ങൾ മുൻനിരയിൽ കളിക്കുമ്പോൾ ഇന്ന് ഗോൾ വേട്ട നടത്താൻ തന്നെയാണ് ടീമിന്റെ തീരുമാനം. ഇവർക്കൊപ്പം അനുഭവസമ്പത്തിൽ ഡാനി ഒൽമോ, ജാവോ ഫെലിക്സ്, നായകൻ ഇകായി ഗുൻഡഗോൻ, റോബർട്ടോ ലെവൻഡോവിസ്ക്കി എന്നിവരെല്ലാം ചേരുമ്പോൾ ബാർസ കരുത്തരായി മാറും.

CLICK *ബാർസ നിരയിലെ യുവകരുത്തരായ ഫെർമിൻ ലോപസും ലാമിൻ യമാലും*

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 17 ശനി
ഗൾഫ് ചന്ദ്രിക

പൊലീസ് നടപടി പ്രതിഷേധാർഹം: യൂത്ത്‌ലീഗ്

മലപ്പുറം: കാലിക്കറ്റ് സർവകലാശാലയിൽ എം.എസ്.എഫ് പ്രവർത്തകരെ അതിക്രൂരമായി ആക്രമിച്ച എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ പൊലിസിൽ പരാതി നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ പ്രശ്നങ്ങൾ അന്വേഷിക്കാൻ വന്ന എം.എസ്.എഫ് മലപ്പുറം ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ് അടക്കമുള്ള നേതാക്കളെ ആക്രമിക്കുകയും കള്ളക്കേസ് എടുത്ത് അറസ്റ്റ് ചെയ്യുകയും ചെയ്ത പൊലീസ് നടപടി പ്രതിഷേധാർഹമാണെന്ന് യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫും പറഞ്ഞു. ഇടതുപക്ഷ ഭരണത്തിന്റെ മറവിൽ കാമ്പസുകളിൽ നിരന്തരം അക്രമണങ്ങൾ അഴിച്ചുവിടുന്ന എസ്.എഫ്.ഐ ഗുണ്ടായിസവും, ഭരണപക്ഷ പ്രീതിപ്പെടുത്തലിന്റെ ഭാഗമായി പ്രതിപക്ഷ വിദ്യാർഥി സംഘടനാ പ്രവർത്തകരെ ഫാസിസ്റ്റ് മനോഭാവത്തോടെ അറസ്റ്റ് ചെയ്യുന്ന പൊലീസിന്റെ നടപടികൾ അംഗീകരിക്കാനാവില്ല. ഇത്തരം നടപടികൾ തുടർന്നാൽ വരും ദിവസങ്ങളിൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്നും ഇരുവരും പറഞ്ഞു.

ഇന്ന് മലപ്പുറത്ത് പ്രതിഷേധ പ്രകടനം

മലപ്പുറം: എം.എസ്.എഫ് നേതാക്കളെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം മലപ്പുറത്ത് പ്രതിഷേധ പ്രകടനം നടത്താൻ ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. വൈകുന്നേരം അഞ്ചു മണിക്ക് മലപ്പുറം കലക്ടറുടെ ബംഗ്ലാവ് പരിസരത്തു നിന്ന് പ്രകടനം ആരംഭിക്കും. യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഷരീഫ് കുറ്റൂർ, ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, ട്രഷറർ ബാവ വിസപ്പടി, ഭാരവാഹികളായ എൻ.കെ ഹഫ്സൽ റഹ്മാൻ, കുരിക്കൾ മുനീർ, സലാം ആതവനാട്, കെ.എം അലി, ടി.പി ഹാരിസ്, സി അസീസ്, കെ.സി ശിഹാബ്, ശരീഫ് വടക്കയിൽ, ടി.വി അബ്ദുറഹിമാൻ, യൂസുഫ് വല്ലാഞ്ചിറ പങ്കെടുത്തു.

കേരള വാർത്തകൾ

കാലിക്കറ്റ് സർവകലാശാലയിൽ എസ്.എഫ്.ഐക്കൊപ്പം ചേർന്ന്

എം.എസ്.എഫുകാർക്കു നേരെ പൊലീസ് നരനായാട്ട്

എസ്.എഫ്.ഐ ക്രിമിനലുകളെ അറസ്റ്റ് ചെയ്യുന്നില്ല

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ എസ്.എഫ്.ഐക്കാർക്കൊപ്പം ചേർന്ന് എം.എസ്.എഫുകാർക്കു നേരെ പൊലീസ് ഭീകരമർദനം നടത്തി. ഈ മാസം 15ന് സർവകലാശാല ഹോസ്റ്റലിലെത്തിയ യൂണിയൻ ഓഫീസ് സെക്രട്ടറിയായ സാജിദ് അലിയെ എസ്.എഫ്.ഐക്കാർ ഭീകരമായി മർദിച്ചിരുന്നു. തലക്കും നട്ടെല്ലിനും മുഖത്തും മാരകമായി മർദനമേറ്റ ഈ വിദ്യാർഥിയെ തിരൂരങ്ങാടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് തേഞ്ഞിപ്പലം പൊലീസിൽ അക്രമികളായ എസ്.എഫ്.ഐക്കാരെ പേരെടുത്തുകൊണ്ട് പരാതി നൽകിയിരുന്നുവെങ്കിലും പൊലീസ് അനങ്ങിയില്ല.

അന്നേദിവസം രാത്രി എം.എസ്.എഫ് പ്രവർത്തകരെ സർവകലാശാല മെൻസ് ഹോസ്റ്റലിൽ എസ്.എഫ്.ഐക്കാർ തടഞ്ഞുവെക്കുകയും അക്രമത്തിന് തയ്യാറാവുകയും ചെയ്തപ്പോൾ ഇവരെ മോചിപ്പിക്കാൻ കാമ്പസിലത്തിയ എം.എസ്.എഫുകാർക്ക് നേരെ എസ്.എഫ്.ഐക്കാർ പൊലീസ് സാന്നിധ്യത്തിലായിരുന്നു അക്രമം നടത്തിയത്. എസ്.എഫ്.ഐക്കാർക്കൊപ്പം ചേർന്ന് പൊലീസുകാർ രണ്ട് ലാത്തികൾ ഉപയോഗിച്ച് പോലും മർദിച്ചതായാണ് എം.എസ്.എഫ് പ്രവർത്തകരുടെ പരാതി. 16ന് രാത്രി ഒരു മണിക്ക് കാമ്പസിൽ എസ്.എഫ്.ഐക്കാരും പൊലീസും ചേർന്ന് ഭീകരമായ മർദനമായിരുന്നു എം.എസ്.എഫുകാർക്കു നേരെ അഴിച്ചുവിട്ടത്. തുടർന്ന് എസ്.എഫ്.ഐക്കാരുടെ പരാതിയിൽ എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിനെ റോഡിൽ വച്ചും അർഷദിനെ വീട്ടിലെത്തിയുമായിരുന്നു കൊലക്കേസ് പ്രതികളെപ്പോലെ പൊലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോയത്. ഇവരെ കൂടാതെ 5 എം.എസ്.എഫ് നേതാക്കളെയും പൊലീസ് കേസിൽപെടുത്തി അറസ്റ്റ് ചെയ്യാനാണ് നീക്കം നടക്കുന്നത്. സർവകലാശാല കാമ്പസിൽ ആദ്യമായി എം.എസ്.എഫ് പ്രവർത്തകനായ സാജിദ് അലിയെ ആക്രമിച്ച എസ്.എഫ്.ഐക്കാരെ അറസ്റ്റ് ചെയ്യാത്തതെന്തെന്ന ചോദ്യത്തിന് കൃത്യമായ മറുപടി നൽകാൻ പൊലീസ് തയ്യാറാകുന്നില്ല. ശക്തമായ നടപടി ഉണ്ടാകുമെന്നാണ് ജില്ലാ പൊലീസ് മേധാവിയുടെ പ്രതികരണം. പൊലീസ് ഈ കാര്യത്തിൽ രാഷ്ട്രീയം കളിക്കുന്നതായ ആരോപണവും എസ്.പി എസ്. ശരീധരൻ നിഷേധിച്ചു. 16ന് രാത്രി ഒരു മണിക്ക് സർവകലാശാല സ്റ്റുഡന്റ്സ് ട്രാപ്പിൽ വച്ചായിരുന്നു പൊലീസും എസ്.എഫ്.ഐക്കാരും ചേർന്ന് എം.എസ്.എഫുകാർക്കു നേരെ അക്രമം നടത്തിയത്.

കാമ്പസിൽ സുരക്ഷക്കായി 420 പൊലീസുകാരെ വിന്യസിച്ചിട്ടുണ്ടെന്ന് ജില്ലാ പൊലീസ് മേധാവി പറഞ്ഞു കാമ്പസിലെ സംഘർഷസാധ്യത കുറയുന്നതിനനുസരിച്ച് മാത്രമേ ഇവരെ കാമ്പസിൽ നിന്ന് പിൻവലിക്കൂ. എസ്.എഫ്.ഐ അക്രമത്തോടനുബന്ധിച്ച് എം.എസ്.എഫിന്റെയും കെ.എസ്.യുവിന്റെയും കൊടിമരങ്ങൾ അടിവേരോടെ പിഴുതുമാറ്റിയിട്ടുണ്ട്. മഹാത്മജിയുടെ ഫോട്ടോവെച്ച ബോർഡുകളും കെ.എസ്.യുവിന്റെ കൊടിമരത്തിലെ അംബേദ്കറുടെ ഛായാചിത്രവും തകർത്തിട്ടുണ്ട്. ഇരു സംഘടനകളുടെയും കൊടികളെല്ലാം കാമ്പസിൽ നിന്ന് എസ്.എഫ്.ഐക്കാർ നശിപ്പിച്ചിട്ടുണ്ട്.

ഇടപെട്ടതിന് പൊലീസ് വക പ്രതികാരം

എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിനെയും അർഷദ് തറയിട്ടാലിനെയും അറസ്റ്റ് ചെയ്തു

കൊണ്ടോട്ടി: കാലിക്കറ്റ് സർവകലാശാലയിൽ എം.എസ്.എഫ് പ്രവർത്തകരെ എസ്.എഫ്.ഐ ക്രൂരമായി ആക്രമിച്ചതിൽ ഇടപെട്ടതിൽ ചൊടിച്ച പൊലീസ് എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിനെയും, വള്ളിക്കുന്ന് മണ്ഡലം എം.എസ്.എഫ് പ്രസിഡന്റ് അർഷദ് തറയിട്ടാലിനെയും അറസ്റ്റ് ചെയ്തു. ഇന്നലെ സുബഹി സമയത്ത് പൊലീസ് വീട്ടിൽ വന്ന് തിരക്കിയ ശേഷം മുണ്ടക്കുളം അങ്ങാടിയിൽ നിന്നാണ് കബീറിനെ കള്ളക്കേസിൽ പിടിച്ചത്. കഴിഞ്ഞ ദിവസം കാലിക്കറ്റ് സർവകലാശാലയിൽ എം.എസ്.എഫ് പ്രവർത്തകരെ ക്രൂരമായി എസ്.എഫ്.ഐ പ്രവർത്തകർ ആക്രമിച്ചിരുന്നു. സംഭവത്തിൽ എം.എസ്.എഫ് പൊലീസിൽ പരാതി നൽകിയിരുന്നു. നിരന്തരം ഫോളോഅപ്പ് ചെയ്തിട്ടും പൊലീസ് യാതൊരു നടപടിയുമുണ്ടായില്ല. പരാതി നൽകിയ കാരണം കഴിഞ്ഞ ദിവസം രാത്രി 12 മണിയോടെ കൂടുതൽ എസ്.എഫ്.ഐക്കാർ പരാതി നൽകിയവരെ ഉൾപ്പടെ കൂടുതൽ എം.എസ്.എഫ് പ്രവർത്തകരെയും ആക്രമിക്കുകയായിരുന്നു. അവിടെയുണ്ടായ സംഘർഷത്തിൽ എം.എസ്.എഫ് പ്രവർത്തകർ വിളിച്ച് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ പ്രസിഡന്റ് എന്ന നിലയിൽ ഇടപെട്ടത്. എന്നാൽ എം.എസ്.എഫ് പ്രവർത്തകർ നൽകിയ പരാതി മുഖവിലക്ക് എടുക്കാത്ത പൊലീസ് വാദിയെ പ്രതിയാക്കുന്ന നടപടിയാണ് സ്വീകരിച്ചതെന്ന് എം.എസ്.എഫ് പ്രവർത്തകർ പറഞ്ഞു. നേതാക്കൾ ഇടപെട്ടിട്ടും ജാമ്യം നൽകാതെ ഇരുവരെയും റിമാന്റ് ചെയ്യുകയായിരുന്നു. മാർക്സിസ്റ്റ് പൊലീസ് രാജ് നടപ്പിലാക്കാൻ തിടുക്കം കൂട്ടുന്ന പൊലീസ് നടപടിക്കെതിരെ നിയമപരമായി നേരിടുമെന്ന് മുസ്‌ലിം ലീഗ് നേതാക്കൾ അറിയിച്ചു.

എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിനെ മുണ്ടക്കുളത്ത് നിന്ന് പൊലീസ് ബലമായി പിടിച്ച് വാഹനത്തിൽ കയറ്റുന്നു.

ദേശസ്നേഹം വിളിച്ചോതി ജില്ലയിൽ സ്വാതന്ത്ര്യദിനാഘോഷം

മലപ്പുറം എം.എസ്.പി മൈതാനത്ത് നടന്ന സ്വാതന്ത്ര്യദിന പരേഡിൽ റവന്യൂ മന്ത്രി കെ.രാജൻ അഭിവാദ്യം സ്വീകരിക്കുന്നു

മലപ്പുറം ഭാഷാ സമര സ്മാരകത്തിന് മുമ്പിൽ ദേശീയ പതാക ഉയർത്തി മുസ്‌ലിം യൂത്ത്‌ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു

എസ്.വൈ.എസ് രാഷ്ട്രരക്ഷാ സംഗമം പ്രൗഢമായി

ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ രാജ്യത്തെ ദുർബലമാക്കും: ജിഫ്‌രി തങ്ങൾ

കൊണ്ടോട്ടി: എല്ലാ മത വിശ്വാസികളെയും ഉൾക്കൊള്ളുന്ന മഹത്തായ ഭരണഘടനയാണ് നമ്മുടെ രാജ്യത്തിന്റേതെന്നും വിഭാഗീയ പ്രവർത്തനങ്ങളും നിയമപരമായി അംഗീകരിക്കപ്പെട്ട അവകാശങ്ങൾ ഹനിക്കുന്ന പ്രവർത്തനങ്ങളും ഭരണകൂടം തന്നെ നടത്തിയാൽ അത് രാജ്യത്തെ ദുർബലമാക്കുമെന്നും സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ പറഞ്ഞു. സുന്നി യുവജന സംഘം സംസ്ഥാനത്തിനകത്തും പുറത്തുമായി 20 കേന്ദ്രങ്ങളിൽ നടത്തിയ രാഷ്ട്രരക്ഷാ സംഗമത്തിന്റെ ഭാഗമായി കൊണ്ടോട്ടി ഖാസിയാരകത്ത് സംഘടിപ്പിച്ച മലപ്പുറം ഈസ്റ്റ് ജില്ലാ രാഷ്ട്രരക്ഷാ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എസ്.വൈ.എസ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് സയ്യിദ് ബി.എസ്.കെ തങ്ങൾ എടവണ്ണപ്പാറ പ്രാർത്ഥന നടത്തി. ജനറൽ സെക്രട്ടറി സലിം എടക്കര ആമുഖഭാഷണം നടത്തി. സൈനുൽ ഉലമാ ഇസ്‌ലാമിക് അക്കാദമി വിദ്യാർഥികൾ ദേശഭക്തി ഗാനം ആലപിച്ചു. പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഇടി മുഹമ്മദ് ബഷീർ എം.പി, ടി.വി ഇബ്രാഹിം എം.എൽ.എ, കെ.എ റഹ്മാൻ ഫൈസി കാവനൂർ, ഹംസ റഹ്മാനി കൊണ്ടിപറമ്പ്, അബ്ദുൽ ഖാദിർ ഫൈസി കുന്നുംപുറം, ഹസൻ സഖാഫി പൂക്കോട്ടൂർ, മുനീർ മാസ്റ്റർ മുണ്ടക്കുളം പ്രസംഗിച്ചു. മതേതരത്വമാണ് ഇന്ത്യയുടെ മതം എന്ന വിഷയത്തിൽ ഡോ. ബശീർ ഫൈസി ദേശമംഗലം പ്രമേയ പ്രഭാഷണം നടത്തി. ദേശീയ ഗാനത്തോടെ സമാപിച്ച പരിപാടിക്ക് സമസ്തയുടേയും പോഷകഘടകങ്ങളുടെയും നേതാക്കൾ നേതൃത്വം നൽകി. കാലത്ത് 8 മണിക്ക് ജില്ലയിലെ യൂണിറ്റുകളിൽ പതാക ഉയർത്തലും ഫ്രീഡം സ്വീറ്റും നടന്നു. സ്വയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ, സയ്യിദ് ഒ.എം.എസ് തങ്ങൾ മേലാറ്റൂർ, സയ്യിദ് കെ.പി.എസ് തങ്ങൾ മുക്കൂട്, മഹല്ല് പ്രസിഡന്റ് ബിച്ചാൻ, സെക്രട്ടറി കുഞ്ഞി മുഹമ്മദ്, ട്രഷറർ പഴേരി കുഞ്ഞി മുഹമ്മദ്, ഖത്വീബ് അബു ശമ്മാസ് ഫൈസി, ഇബ്റാഹീം ഫൈസി തിരൂർക്കാട്, എം.എം കുട്ടി മൗലവി, പി.എ ജബ്ബാർ ഹാജി എളമരം, കോപ്പിലാൻ അബു ഹാജി, സി.എം കുട്ടി സഖാഫി വെള്ളേരി, ആനമങ്ങാട് മുഹമ്മദ് കുട്ടി ഫൈസി, റഫീഖ് ഫൈസി, അൽഹഫ് മടാൻ, അലി ഫൈസി പാവണ്ണ, നാസിറുദ്ദീൻ ദാരിമി ചിക്കോട്, അബ്ദുൽ ഗഫൂർ ദാരിമി മുണ്ടക്കുളം, കെ.പി ബാപ്പു മുതുപറമ്പ്, അബൂബക്കർ ഹാജി, ഒമ്മാനൂർ അബ്ദുറഹ്മാൻ മൗലവി, അലവി കുട്ടി ഫൈസി മുതുവല്ലൂർ, കെ.പി ചെറിത് ഹാജി, അബ്ദുറഹ്മാൻ ദാരിമി മുണ്ടേരി, അബ്ദുൽ മജീദ് ദാരിമി വളരാട്, എം. സുൽഫിക്കർ അരീക്കോട്, ശാഹിദ് യമാനി മുണ്ടക്കൽ, അസീസ് ദാരിമി മുതിരിപ്പറമ്പ്, ശറഫുദ്ദീൻ എടവണ്ണ, ഇമർ ഫാറൂഖ് കരിപ്പൂർ, ശിഹാബ് കുഴിഞ്ഞോളം പങ്കെടുത്തു.

എസ്.വൈ.എസ് ഈസ്റ്റ് ജില്ലാ കമ്മിറ്റി കൊണ്ടോട്ടി ഖാസിയാരകത്ത് സംഘടിപ്പിച്ച രാഷ്ട്രരക്ഷാ സംഗമത്തിൽ ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

രാഷ്ട്രരക്ഷാ സംഗമം സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

വൈവിധ്യമാർന്ന പരിപാടികളോടെ

യൂത്ത്‌ലീഗ് യൂണിറ്റി ഡേ

മലപ്പുറം: 78 ാംസ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ച യൂണിറ്റി ഡേ ജില്ലയിൽ വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിച്ചു. ജില്ലയിലെ യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. പതാക ഉയർത്തൽ, സ്വാതന്ത്ര്യദിന സന്ദേശം, സ്വതന്ത്രദിന പ്രതിജ്ഞ, ദേശീയ ഗാനാലാപനം എന്നിവയ്ക്ക് ശേഷം മധുരപലഹാര വിതരണത്തോടെയാണ് പരിപാടികൾ നടന്നത്. ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭാഷാ സമര സ്മാരകത്തിൽ വിപുലമായ രീതിയിൽ സ്വാതന്ത്ര്യദിനം സംഘടിപ്പിച്ചു. വൈറ്റ് ഗാർഡ് ബാന്റ് സംഘത്തിന്റെ അകമ്പടി സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ പരിപാടികൾക്ക് മാറ്റുകൂട്ടി. യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പതാക ഉയർത്തി. ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് സ്വാഗതവും ട്രഷറർ ബാവ വിസപ്പടി നന്ദിയും പറഞ്ഞു. യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് കാടേരി, ജില്ലാ ഭാരവാഹികളായ ഗുലാം ഹസ്സൻ ആലംഗീർ, എൻ.കെ ഹഫ്സൽ റഹ്മാൻ, കുരിക്കൾ മുനീർ, ഐ.പി.എ ജലീൽ, കെ.എം അലി, ടി.പി ഹാരിസ്, ശരീഫ് വടക്കയിൽ, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ, പ്രവർത്തകസമിതി അംഗം സജറുദ്ദീൻ മൊയ്തു, വൈറ്റ്ഗാർഡ് ജില്ലാ വൈസ് ക്യാപ്റ്റൻ സദാദ് കാമ്പ്ര നേതൃത്വം നൽകി.

ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് കിടങ്ങയം യൂണിറ്റിൽ പതാക ഉയർത്തി. പാലപ്ര മുഹമ്മദ് മാസ്റ്റർ, വി.പി മുജീബ് കിടങ്ങയം, സി.എച്ച് ഷിഫ്നാസ്, അലവി ദാരിമി, യാക്കൂബ് മാസ്റ്റർ, പി.കെ നൗഫൽ പങ്കെടുത്തു. ജില്ലാ ഭാരവാഹികളായ ഗുലാം ഹസ്സൻ ആലംഗീർ കൂമണ്ണ ചിനക്കൽ യൂണിറ്റിൽ പതാക ഉയർത്തി. എൻ.കെ ഹഫ്സൽ റഹ്മാൻ പൊന്മള പള്ളിപ്പടിയിൽ പങ്കെടുത്തു. കുരിക്കൾ മുനീർ കൂട്ടിലങ്ങാടി വാഴക്കാട്ടിരി യൂണിറ്റിൽ പതാക ഉയർത്തി. കെ.എം അലി പുളിക്കൽ പഞ്ചായത്ത് വൈറ്റ് ഗാർഡ് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു നടത്തിയ ദേശീയ പാതയിലെ ദിശ ബോർഡുകൾ ക്ലീനിങ് പരിപാടിയിൽ പങ്കെടുത്തു. ടി.പി ഹാരിസ് വെണ്ണക്കോട് യൂണിറ്റിലും കെ.സി ശിഹാബ് പടിഞ്ഞാറ്റുമുറി യൂണിറ്റിലും, ശരീഫ് വടക്കയിൽ തെന്നല പഞ്ചായത്തിലും, ടി.വി അബ്ദുറഹിമാൻ കാവനൂർ ടൗൺ യൂണിറ്റിലും, യൂസുഫ് വല്ലാഞ്ചിറ മഞ്ചേരി പാലക്കളം യൂണിറ്റിലും നിസാജ് എടപ്പറ്റ വാണിയമ്പലം യൂണിറ്റിലും പങ്കെടുത്തു.

ആനക്കയം കിടങ്ങയം യൂണിറ്റിൽ യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് പതാക ഉയർത്തുന്നു.

മമ്മുക്കയുമായി മത്സരിച്ചാണ് ഞാൻ അവാർഡ് നേടിയത് എന്നൊക്കെ പറയുന്നത് വലിയ കോമഡിയാണ്. അദ്ദേഹത്തിന്റെയൊക്കെ സിനിമകൾ കണ്ട് വളർന്നാണ് സിനിമയോടുള്ള ആഭിമുഖ്യം പോലും ഉണ്ടായത്. അവാർഡുകൾ ജൂറി എടുക്കുന്ന തീരുമാനം എന്നതിൽ കവിഞ്ഞ് ഒന്നുമില്ല. മമ്മുക്കയുമായി ഒന്നും ഒരിക്കലും ഒരു മത്സരവും നടക്കാൻ പോകുന്നില്ല.

–പൃഥിരാജ്

ഇതെന്റെ എട്ടാമത്തെ സിനിമയാണ്. ഭയങ്കര ഔട്ട്സ്റ്റാന്റിംഗ് ആയിട്ടുള്ള ഒരു പെർഫോമൻസ് ഞാൻ കണ്ടത് ഇതിന്റെ റീ റിക്കോർഡിങ് സമയത്താണ്. പല ഭാഷയിലുള്ള മ്യൂസിക് പാർട്ടുകൾ വെച്ചിട്ടൊക്കെയാണ് ഇതിന്റെ സംഗീതം ഒരുക്കിയത്. അത് പരിഗണിക്കാതെ പോയതിൽ പരിഭവമുണ്ട്. അത്രത്തോളം റീ വർക്ക് ചെയ്ത ഭാഗമാണ് റീ റെക്കോർഡിങ്. അത് ആര് ചെയ്തുവെന്നതല്ല, അങ്ങനെയൊരു വലിയ ലെജൻഡിനെ നമ്മൾ എങ്ങനെ കണ്ടു എന്നതാണ് ചോദ്യം.

–ബ്ലസ്സി

കേരള വാർത്തകൾ

ചരിത്രമെഴുതി 'ആട്ടം'

ഇന്ത്യൻ സിനിമയിൽ മലയാളത്തിളക്കം

മികച്ച ചിത്രം, മികച്ച തിരക്കഥാകൃത്ത്, മികച്ച ചിത്രസംയോജനം എന്നീ പുരസ്കാരങ്ങളാണ് ആട്ടം സ്വന്തമാക്കിയത്.

തിരുവനന്തപുരം: ദേശീയ ചലച്ചിത്രം പുരസ്കാരം പ്രഖ്യാപിച്ചപ്പോൾ മലയാളത്തിന്റെ ശിരസുയർത്തി 'ആട്ടം' തരംഗം. നവാഗതനായ ആനന്ദ് എകർഷി ആട്ടത്തിലൂടെ മലയാളത്തിന്റെ മഹത്വം വാനോളമുയർത്തിയപ്പോൾ പിറന്നത് പുതുചരിത്രം. മികച്ച ചിത്രം, മികച്ച തിരക്കഥാകൃത്ത്, മികച്ച ചിത്രസംയോജനം എന്നീ പുരസ്കാരങ്ങളാണ് ആട്ടം സ്വന്തമാക്കിയത്. നൂറുക്കണക്കിന് സിനിമകളുമായി മല്ലിട്ട് രാജ്യത്തെ തന്നെ ഏറ്റവും മികച്ച ചിത്രമായി ആട്ടം തിരഞ്ഞെടുക്കപ്പെട്ടത് മലയാളികളെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. 2022ലെ ഏറ്റവും മികച്ച സിനിമയായാണ് ആട്ടം തിരഞ്ഞെടുത്തത്.

സറീൻ ഷിഹാബും വിനയ് ഫോർട്ടും അടക്കം 13 പേരാണ് ആട്ടത്തിലെ പ്രധാന കഥാപാത്രങ്ങളായെത്തിയത്. വ്യത്യസ്ത സാഹചര്യത്തിൽ പുരുഷന്മാർക്ക് ഒരു പെണ്ണിനോട് തോന്നുന്ന സമീപനമാണ് ആട്ടം സംസാരിച്ചത്. നാടകത്തിൽ അഭിനയിക്കുന്നവരുടെ ഇടയിൽ നടക്കുന്ന ക്രൈം ഡ്രാമയായിരുന്നു സിനിമ. തിരക്കഥാകൃത്ത് ആനന്ദ് ഏകർഷി തന്നെയാണ് ചിത്രം സംവിധാനം ചെയ്തത്. നിലപാടുകളിലെ സ്ഥിരതയില്ലായ്മയെ വളരെയധികം എൻഗേജിംഗായ രീതിയിൽ അവതരിപ്പിക്കാൻ ആട്ടത്തിന് കഴിഞ്ഞിരുന്നു. സൂപ്പർസ്റ്റാറുകളില്ലാതെ വളരെ കുറഞ്ഞ ബജറ്റിൽ അണിയിച്ചൊരുക്കിയ ചിത്രം ദേശീയ തലത്തിൽ വലിയൊരു പുരസ്കാരത്തിന് അർഹമായെന്നത് മലയാള സിനിമക്ക് അഭിമാനമാണ്.

ആനന്ദ് എകർഷി

കെ.ജി. ജോർജിന്റെ യവനികക്ക് ശേഷം നാടകം എന്ന സങ്കേതത്തെ ഏറ്റവും മികച്ച രീതിയിൽ ഉപയോഗപ്പെടുത്തിയ ചിത്രം കൂടിയാണ് ആട്ടം. ഒരു നാടകസമിതിയുടെ ഭാഗമായിരുന്ന അഭിനേത്രിക്കുണ്ടാകുന്ന ദുരനുഭവത്തിലൂടെ ആൺ മനോഭാവങ്ങളെ പ്രശ്നവത്ക്കരിക്കുകയാണ് ആട്ടം.

നാടക സംഘത്തിനുള്ളിലെ അന്തർനാടകങ്ങളെ ഇത്ര മനോഹരമായി അവതരിപ്പിച്ച മറ്റൊരു സിനിമ മലയാളത്തിൽ ഉണ്ടായിട്ടില്ല. സാഹചര്യങ്ങൾക്ക് അനുസരിച്ച് വേഷങ്ങൾ മാറിയാടുന്ന അവസരവാദികളായ ആൺകൂട്ടത്തെയാണ് ആട്ടം പ്രതികൂട്ടിലാക്കുന്നത്. കുറ്റവാളിക്കും കുറ്റകൃത്യത്തെ പരോക്ഷമായും പ്രത്യക്ഷമായും പിന്തുണക്കുന്നവർക്കെല്ലാം ഒരേ മുഖമാണെന്നു ഓർമപ്പെടുത്തുന്നുണ്ട് ആട്ടം. ആട്ടം ഉൾപ്പടെയുള്ള മലയാള സിനിമകൾ മികച്ച നിലവാരം പുലർത്തിയെന്ന് ജൂറി അംഗങ്ങൾ വിലയിരുത്തുകയും ചെയ്തു.

ആടുജീവിതത്തിന് 9 അവാർഡുകൾ

അതിജീവന വിജയം

കൊച്ചി: മലയാള സിനിമയിലെ തന്നെ ശക്തമായ കഥാപാത്രങ്ങളിൽ ഒന്നായ നജീബിന്റെ കഥ പറഞ്ഞ ബ്ലെസി ചിത്രം ആടുജീവിതം സംസ്ഥാന ചലച്ചിത്ര അവാർഡുകൾ വാരിക്കൂട്ടി. മരുഭൂമിയിലെ നജീബിന്റെ ദുരന്തജീവിതത്തിലൂടെ പൃഥ്വിരാജ് പ്രേക്ഷകരുടെ ഹൃദയം കീഴടക്കിയിരുന്നു. ചിത്രം പ്രേക്ഷക-നിരൂപക പ്രശംസകൾ ഒരുപോലെ നേടി. ബെന്യാമിന്റെ ജനപ്രിയ നോവലായ ആടുജീവിതത്തിന്റെ സിനിമാവിഷ്കാരമായിരുന്നു ആടുജീവിതം. ചിത്രത്തിൽ നജീബ് എന്ന കേന്ദ്ര കഥാപാത്രമാകാൻ പൃഥ്വിരാജ് നടത്തിയ പരിശ്രമങ്ങൾ വളരെ വലുതായിരുന്നു.

ശരീരം മെരുക്കിയുള്ള അഭിനയപാടവത്തിലൂടെ മികച്ച നടനുള്ള അവാർഡ് പൃഥ്വിരാജ് നേടിയതിനൊപ്പം എട്ട് അവാർഡുകൾ കൂടിയാണ് ആട് ജീവിതം വാരിക്കൂട്ടിയത്. മികച്ച നടൻ (പൃഥ്വിരാജ്), മികച്ച സംവിധായകൻ (ബ്ലെസി), മികച്ച നടനുള്ള ജൂറി പരാമർശം (കെ ആർ ഗോകുൽ), മികച്ച ഛായാഗ്രാഹണം (സുനിൽ കെ എസ്), മികച്ച അവലംബിത തിരക്കഥ (ബ്ലെസി), മികച്ച ശബ്ദമിശ്രണം (റസൂൽ പൂക്കുട്ടി, ശരത് മോഹൻ), മേക്കപ്പ് ആർടിസ്റ്റ് (രഞ്ജിത്ത് അമ്പാടി), മികച്ച ജനപ്രിയ ചിത്രം (ആടുജീവിതം) എന്നീ അവാർഡുകളാണ് ആടുജീവിതം നേടിയത്.

ആടുജീവിതത്തിൽ നജീബിന്റെ വേഷത്തിൽ പൃത്വിരാജും ഹക്കീമായി കെ ആർ ഗോകുലും

മലയാള സിനിമയുടെ ഭാവി ആശാവഹം: ജൂറി ചെയർമാൻ

തിരുവനന്തപുരം: മലയാള സിനിമയുടെ ഭാവി ആശാവഹമാണെന്ന് സംസ്ഥാന ചലച്ചിത്ര പുരസ്കാര നിർണയ സമിതി അധ്യക്ഷൻ സുധീർ മിശ്ര. 160 ചിത്രങ്ങളാണ് അവാർഡിന്റെ പരിഗണനക്ക് സമർപ്പിക്കപ്പെട്ടത്. പ്രാഥമിക പരിശോധനക്ക് ശേഷം 38 സിനിമകളാണ് അന്തിമജൂറി അവാർഡ് നിർണയത്തിനായി വിലയിരുത്തിയത്. അന്തിമപട്ടികയിലെ 38 ചിത്രങ്ങളിൽ 22ഉം നവാഗത സംവിധായകരുടേതായിരുന്നുവെന്നത് ശ്രദ്ധേയമാണെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രാഥമിക വിധി നിർണയ ശേഷമാണ് ചിത്രങ്ങൾ അന്തിമവിധിനിർണയ സമിതിക്ക് മുന്നിലെത്തിയത്.

സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ പ്രത്യേക ജൂറി പരാമർശം നേടിയ ആടുജീവിതത്തിലെ കെ ആർ ഗോകുലും ഏറെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ കഥാപാത്രമാണ്. ആദ്യ സിനിമയിൽ തന്നെ ഇത്രയേറെ വെല്ലുവിളി നിറഞ്ഞ കഥാപാത്രത്തെയാണ് ഗോകുൽ അവതരിപ്പിച്ചത്. സിനിമയിലെ ഹക്കീമായി മാറാൻ ഗോകുൽ എടുത്ത പരിശ്രമങ്ങളും വലിയ കൈയ്യടി നേടിയിരുന്നു. 64 കിലോയിൽ നിന്ന് 44 കിലോയായി ശരീര ഭാരം കുറച്ചാണ് ഗോകുൽ ഇത്തരത്തിൽ അഭിനയിച്ചത്.

എല്ലാ സിനിമക്കും പിന്നിൽ വലിയൊരു അധ്വാനമുണ്ടെന്നും ആടുജീവിതത്തിന്റെ കാര്യത്തിൽ അത് വളരെ വലുതായിരുന്നു എന്നുമാണ് പുരസ്കാര നേട്ടത്തിൽ പൃഥ്വിരാജ് പ്രതികരിച്ചത്. ഒരു നടനെന്ന നിലയിൽ നജീബ് വെല്ലുവിളി നിറഞ്ഞ വേഷം ആയിരുന്നു. തന്റെ കരിയറിലെ സുപ്രധാന കഥാപാത്രമാണിത്. ചിത്രത്തിന് പിന്നിലെ പരിശ്രമം വിജയിക്കുന്നത് വലിയ കാര്യമാണെന്നും പതിനാറ് വർഷത്തെ ബ്ലെസിയുടെ ലക്ഷ്യത്തിന് വേണ്ടി നിന്നതാണ് ഇപ്പോൾ ഫലം കണ്ടിരിക്കുന്നതെന്നും പൃഥ്വിരാജ് പറഞ്ഞു.

സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിലെ പ്രധാന പുരസ്കാരങ്ങളെല്ലാം ആടുജീവിതത്തിന് കിട്ടിയതിൽ സന്തോഷമെന്ന് സംവിധായകൻ ബ്ലെസി. ഹക്കിം ആയി അഭിനയിച്ച ഗോകുലിന് അവാർഡ് കിട്ടിയതാണ് ഏറെ സന്തോഷമുള്ള കാര്യം. സിനിമയുടെ പാട്ടുകൾ പരിഗണിക്കാതെ പോയതിൽ വിഷമമുണ്ട്. എആർ റഹ്മാനായിരുന്നു ചിത്രത്തിലെ പാട്ടുകൾ ഒരുക്കിയത്. എന്നാൽ ജൂറിയുടെ തീരുമാനത്തെ മാനിക്കുന്നുവെന്നും ബ്ലെസി കൊച്ചിയിൽ പറഞ്ഞു.

തരംഗം തീർത്ത 'ചെന്താമര പൂവിൻ..'

തോറ്റംവരികളിൽ തിളങ്ങി ഹരീഷ്

ഫൈസൽ മാടായി
കണ്ണൂർ

വെങ്ങരയിലെ മൂലക്കിലിൽ നിന്ന് ഗ്രാമീണതയുടെ പച്ചപ്പ് നുകർന്ന ബാല്യത്തിന്റെ ഓർമകളാൽ തോറ്റംപാട്ടിന്റെ വരികൾ കൊണ്ട് കേരളക്കരയിൽ തരംഗം തീർത്ത 'ചെന്താമര പൂവിൻ..' ഗാനത്തിലൂടെ ഗാനരചനക്കുള്ള സംസ്ഥാന ചലചിത്ര അവാർഡ് നേടിയ ഹരീഷ് മോഹനന്റെ നേട്ടം അർഹതക്കുള്ള അംഗീകാരം.

സ്വന്തം ജീവൻ പണയം വെച്ച് പാർട്ടിക്ക് വേണ്ടി എന്തും ചെയ്യാനിറങ്ങുന്നവരുടെ ജീവിതം പറഞ്ഞ് കണ്ണൂർ പശ്ചാത്തലമാക്കി നടനും സംവിധായകനുമായ ജോയ് മാത്യു തിരക്കഥ ഒരുക്കിയ 'ചാവേർ' എന്ന സിനിമയിലൂടെയാണ് ഹരീഷിന്റെ വരികളും ശ്രദ്ധിക്കപ്പെട്ടത്. സിനിമയിൽ കണ്ണൂർ രാഷ്ട്രീയം പശ്ചാത്തലമാക്കി 3.47 മിനിറ്റ് ദൈർഘ്യം വരുന്ന തെയ്യക്കോലം അനാവരണം ചെയ്യുന്നതിനൊപ്പം ചേർന്ന് നിൽക്കുന്നതാണ് ചെന്താമര പൂവിൻ എന്ന് തുടങ്ങുന്ന ഹരീഷിന്റെ വരികൾ.

സിനിമയിലെ 'കാവൽ നോക്കണ കാവിലെ ഭീകര ഭൂതമതേ', 'പൊലിക, പൊലി' എന്നീ ഗാനങ്ങളും ശ്രദ്ധ നേടിയിരുന്നു. ഹരീഷ് മോഹൻ ഗാനമെഴുതിയ നാലാമത് സിനിമയാണ് ചാവേർ. നേരത്തെ 'കനകം കാമിനി കലഹം', 'തേര്', 'നടികർ' എന്നിവയാണ് മറ്റ് സിനിമകൾ. കോളജ് അധ്യാപകനായിരുന്ന ഹരീഷ് ദുബായിയിൽ ഡിസൈനറാണ്. വെങ്ങര മൂലക്കിൽ 'കോളിയാടൻ' ഹൗസിൽ മോഹനനാണ് പിതാവ്. മാതാവ്: രമണി.

റെക്കോർഡ് പുതുക്കി ഉർവശി; കന്നി പുരസ്കാരവുമായി ബീന ടീച്ചർ

തിരുവനന്തപുരം: ഒരിക്കൽക്കൂടി മലയാളത്തിന്റെ ആദരം ഉർവശിയെ തേടിയെത്തി. ഇതിനോടകം ആറ് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളാണ് ഉർവശി സ്വന്തമാക്കിയത്. ഏറ്റവും കൂടുതൽ സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടുന്ന നടിയെന്ന സ്വന്തം റെക്കോർഡ് ഉർവശി നിലനിർത്തി. 1989 മുതൽ 1991 വരെ ഇതിൽ തുടർച്ചയായ മൂന്നു വർഷങ്ങളിലാണ് താരം അവാർഡ് സ്വന്തമാക്കിയത്.

ക്രിസ്റ്റോ ടോമി സംവിധാനം ചെയ്ത ഉള്ളൊഴുക്ക് എന്ന ചിത്രത്തിലെ ലീലാമ്മ എന്ന കഥാപാത്രത്തിനാണ് ആറാമത്തെ പുരസ്കാരം. ഏറെ സ്നേഹിക്കുന്ന മകന്റെ അപ്രതീക്ഷിത വിയോഗത്തിനിടെ മരുമകളുടെ അവിഹിത ബന്ധത്തെക്കുറിച്ച് അറിയുന്നതും തുടർന്ന് നടക്കുന്ന സംഭവങ്ങളുമാണ് ചിത്രം പറയുന്നത്. ഒറ്റപ്പെട്ടുപോയ ഒരു സ്ത്രീയുടെ മാനസിക വ്യഥകളെ കയ്യടക്കത്തോടെയാണ് ഉർവശി പ്രേക്ഷകരിലേക്ക് എത്തിച്ചത്. 1979ൽ കതിർമണ്ഡപം എന്ന ചിത്രത്തിൽ ബാലതാരമായിട്ടാണ് ഉർവശി അരങ്ങേറ്റം കുറിക്കുന്നത്. അന്ന് 10 വയസായിരുന്നു ഉർവശിക്ക്. തമിഴിൽ മുന്താണൈ മുടിച്ച് എന്ന ചിത്രത്തിലൂടെയാണ് നായിക നിരയിലേക്ക് എത്തുന്നത്. മലയാളത്തിൽ നായികയായി ചുവടുവെക്കുന്നത് 1984ലാണ്.

ഉർവശിക്കൊപ്പം മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ട ബീന.ആർ ചന്ദ്രന് ഇത് ആദ്യ പുരസ്കാരം. നാടക പ്രവർത്തകയെന്ന നിലയിൽ വർഷങ്ങളുടെ പാരമ്പര്യമുണ്ട് ബീന ടീച്ചർക്ക്. ഫാസിൽ റസാഖിന്റെ തടവ് എന്ന സിനിമയിലെ ഗീതയെന്ന കഥാപാത്രത്തെ അനശ്വരമാക്കിയത് ഈ അഭിനയ മികവാണ്. ഉർവശിയെ പോലെ സീനിയറായ ഒരു അഭിനേത്രിക്കൊപ്പം ചലച്ചിത്ര മേഖലയിൽ താരതമ്യേന പുതുമുഖമായ ഈ അധ്യാപിക യുടെ പുരസ്കാര നേട്ടത്തിനു കൂടുതൽ തിളക്കമുണ്ട്. തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്ര മേളയിൽ മികച്ച സംവിധായകനുള്ള രജത ചകോരവും പ്രേക്ഷകർ തിരഞ്ഞെടുത്ത മികച്ച ചിത്രത്തിനുമുള്ള പുരസ്കാരങ്ങൾ നേടിയ ചിത്രമായിരുന്നു തടവ്. രണ്ടു തവണ വിവാഹ മോചനം നേടിയ അതിജീവനത്തിനായി പൊരുതുന്ന സ്ത്രീ കഥാപാത്രത്തെ സൂക്ഷ്മമായി സ്ക്രീനിലേക്ക് പകർത്തുകയായിരുന്നു ബീന. സ്കൂൾ അധ്യാപികയും നാടക പ്രവർത്തകയുമായ ബീന, ഫാസിൽ റസാഖിന്റെ ഹ്രസ്വചിത്രങ്ങളിലെ സ്ഥിരം സാന്നിധ്യമായിരുന്നു.

> **അ**വാർഡ് ലഭിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. പാർവതി ഓപ്പോസിറ്റ് ഉണ്ടായതുകൊണ്ടാണ് ഇത്ര മികച്ച പ്രകടനം കാഴ്ചവെക്കാനായത്. പാർവതിയും അവാർഡിന് അർഹയാണ്. ശാരീരികവും മാനസികവുമായി ഏറെ ബുദ്ധിമുട്ടിയാണ് ആ സിനിമയിൽ അഭിനയിച്ചത്. എനിക്ക് വേണ്ടി കാത്തിരുന്ന് ഓരോ വർഷവും എന്നെ ക്രിസ്റ്റോ വിളിക്കും സിനിമ ചെയ്യാൻ. ഞാൻ പറ്റില്ലെന്നൊക്കെ പറഞ്ഞ് ഒരുപാട് ചൂടായിട്ടുണ്ട്. സോറി ക്രിസ്റ്റോ . ഈ പുരസ്കാരം ഞാൻ ക്രിസ്റ്റോയ്ക്ക് കൊടുക്കേണ്ടതാണ്.
>
> ഉർവശി

മലപ്പുറം എം.എസ്.പി മൈതാനത്ത് നടന്ന സ്വാതന്ത്ര്യദിന പരേഡിൽ പങ്കെടുക്കാനെത്തിയ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ റവന്യൂ മന്ത്രി കെ. രാജൻ അഭിവാദ്യം ചെയ്യുന്നു.

സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കാൻ ഇത്തവണയും സാദിഖലി തങ്ങളെത്തി

മലപ്പുറം: മലപ്പുറം എം.എസ്.പി പരേഡ് ഗ്രൗണ്ടിൽ നടന്ന ജില്ലാതല സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പങ്കെടുക്കാൻ ഇത്തവണയും പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെത്തി. ആഗസ്റ്റ് 15ന് നാട്ടിലുള്ള സമയങ്ങളിലെല്ലാം എം.എസ്.പി മൈതാനത്ത് എത്തിച്ചേരാറുള്ള തങ്ങൾ പരേഡുൾപ്പെടെ മുഴുവൻ ചടങ്ങുകളും കഴിഞ്ഞാണ് മടങ്ങാറുള്ളത്. വ്യാഴാഴ്ച നടന്ന പരിപാടിയിലും സാദിഖലി തങ്ങളുടെ പൂർണ സാന്നിധ്യമുണ്ടായിരുന്നു. പരേഡിൽ അഭിവാദ്യം സ്വീകരിക്കാൻ ഇത്തവണ റവന്യൂ മന്ത്രി കെ. രാജൻ ആയിരുന്നു ജില്ലയിലെത്തിയത്. പരേഡിനു ശേഷം മന്ത്രിയുമായി സൗഹൃദം പങ്കിട്ടു. രാവിലെ പി. ഉബൈദുല്ല എം.എൽ.എക്കൊപ്പമാണ് പരേഡ് ഗ്രൗണ്ടിലെത്തിയത്. ജില്ലാ കലക്ടർ വി.ആർ വിനോദ്, ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ, മലപ്പുറം നഗരസഭ ചെയർമാൻ മുജീബ് കാടേരി, എ.ഡി.എം കെ. മണികണ്ഠൻ, അസി. കലക്ടർ വി.എം ആര്യ, സി.പി.ഐ മലപ്പുറം ജില്ലാ സെക്രട്ടറി പി.കെ കൃഷ്ണദാസ് പങ്കെടുത്തു.

ഇസാദ്–2024' പദ്ധതി ലോഗോ പ്രകാശനം ചെയ്തു

ഹൈദരലി ശിഹാബ് തങ്ങൾ ജീവകാരുണ്യ രംഗത്തെ മഹനീയ മാതൃക: സാദിഖലി തങ്ങൾ

മലപ്പുറം: ജീവകാരുണ്യ രംഗത്തെ മഹനീയ മാതൃകയായിരുന്നു ഹൈദരലി ശിഹാബ് തങ്ങളെന്നും ആതുര ശുശ്രൂഷ മഹത്തായ സേവനവും തപസ്യയുമാണെന്ന് തിരിച്ചറിഞ്ഞു ദുബായ് കെ.എം.സി.സി കാസർകോട് ജില്ലാ കമ്മിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ കിടയറ്റതും ഏറെ പ്രയോജനമുള്ളതുമാണെന്നും മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ പേരിലുള്ള 'ഇസാദ്–2024' പദ്ധതിയുടെ ലോഗോ പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു തങ്ങൾ. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരെ കണ്ടെത്തി അവരുടെ അവശതകളിൽ പ്രയാസപ്പെടുന്നവർക്ക് ആശ്വാസമേകുന്നതാണ് പദ്ധതി. കാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ മാരക രോഗങ്ങളിൽ ബുദ്ധിമുട്ടുന്ന നിരാലംബർക്കും കുടുംബത്തിനും സമാശ്വാസം നൽകും.

പാണക്കാട് നടന്ന ചടങ്ങിൽ മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം, സെക്രട്ടറി ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, പി.എം.എ സമീർ, അബ്ദുല്ല ആറങ്ങാടി, ദുബായ് കെ.എം.സി.സി കാസർകോട് ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടി, ജനറൽ സെക്രട്ടറി ടി.ആർ ഹനീഫ്, കെ.പി അബ്ദാസ് കളനാട്, എം.എസ് ഹമീദ് പങ്കെടുത്തു.

ദുബായ് കെ.എം.സി.സി കാസർകോട് ജില്ലാ കമ്മിറ്റി നടപ്പിലാക്കുന്ന പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ പേരിലുള്ള 'ഇസാദ്–2024' പദ്ധതിയുടെ ലോഗോ പ്രകാശനം സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവ്വഹിക്കുന്നു

തിരൂർ ശിഹാബ് തങ്ങൾ സഹകരണ ആശുപത്രി ജനകീയ ഓഹരി സമാഹരണ കാമ്പയിന്റെ ഭാഗമായി താനാളൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി അഷ്റഫ് മീനടത്തൂരിൽ നിന്നും ആശുപത്രി ചെയർമാൻ അബ്ദുറഹ്മാൻ രണ്ടത്താണി ഓഹരി സ്വീകരിക്കുന്നു

തിരൂർ ശിഹാബ് തങ്ങൾ സഹകരണ ആശുപത്രി

ഓഹരി സമാഹരണത്തിൽ പങ്കാളിയായി താനാളൂർ സർവീസ് സഹകരണ ബാങ്ക്

തിരൂർ: അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി തിരൂരിലെ ശിഹാബ് തങ്ങൾ സഹകരണ ആശുപത്രി തുടക്കം കുറിച്ച ജനകീയ ഓഹരി സമാഹരണത്തിൽ താനാളൂർ സർവീസ് സഹകരണ ബാങ്കും പങ്കാളിയായി. എഴുപത്തഞ്ചോളം ഡോക്ടർമാരും മുന്നൂറോളം വരുന്ന ജീവനക്കാരുമുള്ള ശിഹാബ് തങ്ങൾ സഹകരണ ആശുപത്രി ആരംഭിച്ചിട്ട് മൂന്ന് വർഷം പിന്നിടുന്നു . കാത്ത്‌ലാബ് സൗകര്യമുള്ള കാർഡിയോളജി ഡിപ്പാർട്ട്മെന്റും മാതൃ ശിശു സംരക്ഷണ കേന്ദ്രവും 24 മണിക്കൂറും ആശ്രയിക്കാവുന്ന ക്രിട്ടിക്കൽ കെയർ വിഭാഗം അടക്കം ഇരുപതോളം ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിക്കുന്ന ശിഹാബ് തങ്ങൾ ആശുപത്രിയിൽ രോഗ നിർണയത്തിനാവശ്യമായ പാത്തോളജി ഡിപ്പാർട്ട്മെന്റും സി.ടി അടക്കമുള്ള സ്കാനിങ്ങ് സംവിധാനവും ഒരുക്കിയിട്ടുണ്ട് .

മികച്ച ആരോഗ്യ പരിപാലനവും പാവപ്പെട്ടവരോടുള്ള പരിഗണനയുമാണ് വളർച്ചയുടെ ഘട്ടത്തിലും ആശുപത്രി ലക്ഷ്യമിടുന്നത്. എം.എൽ.എ മാരായ എൻ ശംസുദ്ദീനും കുറുക്കോളി മൊയ്തീനുമാണ് ജനകീയ ഓഹരി സമാഹരണത്തിന് നേതൃത്വം നൽകുന്നത്. ചടങ്ങിൽ ആശുപത്രി ചെയർമാൻ അബ്ദുറഹിമാൻ രണ്ടത്താണി, വൈസ് ചെയർമാൻ കീഴേടത്ത് ഇബ്രാഹീം ഹാജി, താനൂർ നിയോജക മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് കെ.എൻ മുത്തുകോയ തങ്ങൾ, താനാളൂർ സഹകരണ ബാങ്ക് പ്രസിഡണ്ട് പി അഷ്റഫ് മീനടത്തൂർ, താനാളൂർ പഞ്ചായത്ത് മുസ്‌ലിം ലീഗ് സെക്രട്ടറി ടി.പി.എം മുഹ്സിൻ ബാബു, ബാങ്ക് ഡയറക്ടർമാരായ പി.എ മുസ്തഫ, പി.പി ഇസ്മായിൽ, വി മുഹമ്മദ് കുട്ടി, തട്ടാരക്കൽ റഷീദ്, ആശുപത്രി ഗവേണിങ്ങ് ബോർഡ് അംഗം കെ സെയ്താലിക്കുട്ടി, താനാളൂർ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറി പി.കെ സജീവ്, ശിഹാബ് തങ്ങൾ സഹകരണ ആശുപത്രി സെക്രട്ടറി അഡ്വ. എ.കെ മുസമ്മിൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അബ്ദുൽ റഷീദ് പങ്കെടുത്തു.